
# കൊന്നത്തടി ഗ്രാമപഞ്ചായത്ത്
# വികസന റിപ്പോർട്ട്



ജനകീയാസൂത്രണം


II പന്നിയാർ
III കൊന്നത്തടി [നോർത്ത്]
I മുതിരപ്പുഴ
IV മുനിയറ
IX കൊന്നത്തടി [സൗത്ത്]
X മുക്കുടം
XI പനംകുട്ടി
XII മങ്കുവ
VIII കമ്പിളികണ്ടം
VII ചാറത്തോട്
VI പണിക്കൻകുടി
V മുള്ളരിക്കുടി
രാജാക്കാട് പഞ്ചായത്ത്
കഞ്ഞിക്കുഴി പഞ്ചായത്ത്
വാത്തിക്കുടി പഞ്ചായത്ത്

കൊന്നത്തടി ഗ്രാമ പഞ്ചായത്ത്

# വികസന റിപ്പോർട്ട്

ജനകീയാസൂത്രണം

# കൈത്തിരി

ഇന്ത്യതന്നാത്മാവിനെ–
കണ്ടറിഞ്ഞൊരു സാക്ഷാ–
ലിന്ത്യതൻ പിതാവാകും
ബാപ്പുജിയുടെ സ്വപ്നം
പൂവണിയുകയാണു–
പുതിയോരുണർവ്വിന്റെ
പൂവിളിയെങ്ങും നീളേ
കേൾക്കുകയാണീ നാട്ടിൽ.
നാടുണരുകയാണു–
നമ്മളു മീനാടിന്റെ
നാളെ തൻ വിധാതാക്ക–
ളായി മാറുകയാണ്.
അധികാരങ്ങൾ മേലേ–
ത്തട്ടിൽ മാത്രമല്ലിനി–
യതു നമ്മളിലേറെ
യർപ്പിത മാണിന്നിപ്പോൾ.
ജനകീയാസൂത്രണ–
മെന്ന നൂതന മാർഗ്ഗം
ജന നന്മയ്ക്കാണെന്ന
സത്യം നാമറിയണം
കൈയ്യോടു കൈകോർത്തു നാം
നീങ്ങണം, രാഷ്ട്രീയത്തിൻ
വൈരവും, വൈരുദ്ധ്യവു-
മൊക്കെ നാം മറക്കണം
അടിയിൽ നിന്നും തുട-
ങ്ങീടണ, മാസൂത്രണം,

അടിതെററാതെന്നും നാം
മുന്നോട്ടു ഗമിയ്ക്കണം
റോഡുകൾ, പാലങ്ങളും
മാത്രമല്ലൊരിക്കലും
നാടിന്റെ വികസന–
മെന്നു നാമറിയണം.
കണ്ടറിയണം നമ്മൾ
പ്രശ്നങ്ങ, ളിതിനൊക്കെ
വേണ്ടപോൾ പരിഹാര–
നിർദ്ദേശം നടത്തണം
പദ്ധതി വിഹിതത്തോ–
ടൊപ്പം നാമാവുന്നത്ര–
യദ്ധ്വാനം കൂടിച്ചേർത്തു
കാര്യങ്ങൾ നടത്തണം.
കിടക്കാനൊരു കൊച്ചു–
വീടെ, ല്ലാ ജനങ്ങൾക്കും
കുടിയ്ക്കാൻ കുടിവെള്ള–
മൊക്കെ വേണമീനാട്ടിൽ
കൂടുതൽ ഭക്ഷ്യോല്പന്നം,
കൂടുതൽ തൊഴി, ലേറെ–
ക്കൂടുതൽ ജനങ്ങൾക്കു
ജീവിത സൗകര്യങ്ങൾ,
ഒക്കെ നാമുണ്ടാക്കണ–
മിവിടെ പ്പുതിയൊരു
സംസ്ക്കാരത്തിൻ കൈത്തിരി–
ദീപം നാം തെളിയ്ക്കണം.

—ഗോപി അരീക്കരമ്പ്—

# പ്രത്യേകം സ്മരിക്കേണ്ട വ്യക്തികൾ

1. ശ്രീ. ചാക്കോ കൊന്നയ്ക്കൽ
2. ,, എൻ. എം. വർഗീസ്
3. ,, പട്ടം താണുപിള്ള
4. ,, കെ. ററി. ജേക്കബ്
5. ശ്രീമതി റോസമ്മ പുന്നൂസ്
6. ശ്രീ. വി. ററി. സെബാസ്ററ്യൻ
7. ,, ജോസ് കുററ്യാനി
8. ശ്രീമതി റോസമ്മ ചാക്കോ
9. ശ്രീ. മാത്യു സ്ററീഫൻ
10. ,, എം. എം. ജോസഫ്
11. ,, സി. എം. സ്ററീഫൻ
12. ,, എം. എം. ലോറൻസ്
13. ,, പി. ജെ. കുര്യൻ
14. ,, പാലാ കെ. എം. മാത്യു
15. ,, എ. കൃഷ്ണൻ
16. ,, പി. എൻ. ജോൺ (താടിയച്ചൻ)
17. ,, കെ. എസ്. ജോസഫ്

### മുൻ പ്രസിഡൻറുമാർ

ശ്രീ. വി. അയ്യപ്പൻ നായർ
,, കെ. ഇ. നാരായണൻ
,, Dr: സി. ഐ. നാരായണൻ
,, പി. കെ. ഗംഗാധരൻ

### ജനപ്രതിനിധികൾ

ശ്രീ. എ. സി. ജോസ് M P
,, പി. പി. സുലൈമാൻ റാവുത്തർ MLA
,, നോബിൾ ജോസഫ് (ജില്ല പഞ്ചായത്ത് അംഗം)
,, ഒ. ജെ. ജോസഫ് (ബ്ലോക്ക് പഞ്ചായത്ത് അംഗം)
ശ്രീമതി തങ്കമ്മ ആൻറണി (ബ്ലോക്ക് പഞ്ചായത്ത് അംഗം)

പത്രാധിപ സമിതി അംഗങ്ങൾ,

**ജയിംസ് തോമസ് മ്ളാക്കുഴി** K R P
**പി. എസ്. അപ്പുക്കുട്ടൻ** കൺവീനർ.
**ഗോപി അരിപറമ്പ്** D R P
**വി. എ. സാമുവൽ** D R P
**ജോസ് മാപ്ര** L R P

**കവർ ഫോട്ടോ**
**ഫോട്ടോ ലാൻറ് കമ്പിളികണ്ടം, മുരിക്കാശേരി.**

---

**ആശംസകൾ.**

ദി കൊന്നത്തടി സർവ്വീസ് സഹകരണ ബാങ്ക് ക്ളിപ്തം നമ്പർ കെ 260

ബ്രാഞ്ച്: മുനിയറ ഫോ: 62313 എച്ച്. ഒ. കൊന്നത്തടി

സ്വയം സമ്പാദിക്കുന്നതോടൊപ്പം നാടിൻെറ ഉയർച്ചയിൽ പങ്കാളികളാവുക

നിക്ഷേപങ്ങൾക്ക് മററു വാണിജ്യ ബാങ്കുകളേക്കാൾ

ഉയർന്ന പലിശ നിരക്ക്. ഇൻഷ്വറൻസ് സംരക്ഷണം

മിച്ച സമ്പാദ്യങ്ങൾ കൊന്നത്തടി സർവ്വീസ് സഹകരണ ബാങ്കിൽ നിക്ഷേപിക്കുക!!


സെക്രട്ടറി പി. എൻ. വാസു പ്രസിഡൻറ് ററി. ജി രാജൻകുട്ടി

---


## കൊന്നത്തടി ഗ്രാമപഞ്ചായത്ത് ഭരണസമിതി



റ്റി. പി. മൽക്ക
പ്രസിഡന്റ്



ഫിലിപ്പ്. ആന്റണി
(വൈസ് പ്രസിഡന്റ്)



മോഹനൻ നായർ വി. കെ.
സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ




വി. എം. ബേബി



അച്ചാമ്മ ദേവസ്യാ



സി. കെ. പ്രസാദ്




അന്നകുട്ടി മത്തായി



ഐസക് കുര്യൻ



എം. ജി. മാധവൻ




സി. എൻ. ഷാജി



കെ. എം. ബീന



മോളി ജോയി



കെ. രവി
സെക്രട്ടറി

2



പഞ്ചായത്ത് ജീവനക്കാർ

# പ്രസിഡൻറിൻെറ സന്ദേശം

പ്രിയ സ്നേഹിതരെ,

അധികാര വികേന്ദ്രീകരണത്തിലൂടെ ഗ്രാമപഞ്ചായത്തുകൾക്ക് വർദ്ധിച്ച അധികാരവും പുത്തൻ ഉണർവ്വുമാണല്ലൊ കൈവന്നിരിക്കുന്നത്. ഭരിക്കുന്നകക്ഷിയുടെ ഇംഗിതത്തിന് അനുസൃതമായി തിരഞ്ഞെടുപ്പുകൾ നീട്ടിവയ്ക്കുകയും തിരഞ്ഞെടുക്കപ്പെട്ട ഭരണ സമിതികൾ പിരിച്ചുവിടുകയും വഴി പഞ്ചായത്ത് പ്രസ്ഥാനത്തിൻെറ തന്നെ പ്രസക്തി ഇല്ലാതാകുന്ന ശൈലികൾക്ക് വിരാമമിട്ടുകൊണ്ട് പഞ്ചായത്ത്രാജ് സ്ഥാപനങ്ങൾക്ക് ഭരണഘടന പിൻബലം ഏകുന്നതിലൂടെ രാഷ്ട്രപിതാവിൻെറ സ്വപ്നങ്ങൾ സഫലമാക്കുകയാണല്ലൊ 73–74 ഭരണഘടന ഭേദഗതിയുടെ പിന്നിൽ പ്രവർത്തിച്ച എല്ലാ ഭരണാധികാരികളെയും നന്ദിയോടെ സ്മരിക്കട്ടെ.

1995 സെപ്ററംബർ 23–ാം തീയതി നടന്ന പഞ്ചായത്ത് തെരഞ്ഞെടുപ്പിലൂടെ അധികാരത്തിലേറിയ ഭരണസമിതിക്ക് ഒരു പിടി പ്രതിസന്ധികളെ നേരിടേണ്ടിവന്നിട്ടുണ്ട്. വികസന പ്രവർത്തന രംഗത്ത് പുതിയ ഒരു കാഴ്ചപ്പാടാണ് ഈ ഭരണസമിതി സ്വീകരിച്ചിട്ടുള്ളത്. അധികാര വികേന്ദ്രീകരണത്തിൻെറ പെരുമ്പറ മുഴങ്ങുമ്പോഴും വിഭവ ദൗർലഭ്യത്തിൻെറ പിടിയിലാണ് നാം. പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് കഴിഞ്ഞ ഒരു വർഷക്കാലത്തെ പ്രവർത്തനങ്ങൾ എത്രമാത്രമാണ് എന്ന് ജനങ്ങളെ അറിയിക്കേണ്ട ബാധ്യത ഏറെറടുത്തുകൊണ്ട് ഒരുവർഷത്തെ വികസനപ്രവർത്തനങ്ങളുടെ കണക്ക് ഇതിനോടൊപ്പം ചേർക്കുന്നു.

| | | ചിലവ് |
|---|---|---|
| 1. | ആകെ റോഡിൻെറ അററകുററപ്പണികൾ | 115893 |
| 2. | കുളങ്ങൾ കിണറുകൾ നന്നാക്കിയതിന് | 75400 |
| 3. | കൃഷി, കെട്ടിടം | 234273 |
| 4. | മൃഗസംരക്ഷണം | 1785 |
| 5. | ക്ഷീരവികസനം | 7800 |
| 6. | ആരോഗ്യം | 43300 |
| 7. | പട്ടികജാതി വികസനം | 3500 |
| 8. | P. W. D. | 18400 |
| 9. | പട്ടികവർഗ്ഗവികസനം | 13345 |
| 10. | വിദ്യാഭ്യാസവകുപ്പ് | 5000 |
| | പെൻഷൻ old Age 10 പേർക്ക് | |
| | പെൻഷൻ W. P. 30 | 11700 |

വിഭവങ്ങളുടെ ലഭ്യതയ്ക്ക് അനുസൃതമായ ഒരു പ്രവർത്തനം നമുക്ക് കാഴ്ചവയ്ക്കാൻ കഴിഞ്ഞു എന്ന ആത്മവിശ്വാസമാണുള്ളത്. ഇനിയും ഒരു പിടി ആവശ്യങ്ങൾ നിറവേറേറണ്ടിയിരിയ്ക്കുന്നു. ഈയവസരത്തിൽ ഏവരുടെയും സഹകരണം ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

വിഭവങ്ങളുടെ കുറവും ആവശ്യങ്ങളുടെ വർദ്ധനവും കേരളത്തിൻെറ വികസനത്തെ തന്നെ പ്രതികൂലമായി ബാധിക്കുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. നാം വർഷങ്ങളിലൂടെ നേടിയെടുത്ത ജീവിത നിലവാരം പിടിച്ചുനിർത്താൻ തന്നെ വളരെയധികം ക്ലേശിക്കുന്ന ഒരു കാലഘട്ടമാണിത്. ഇത്തരം ഒരു സാഹചര്യത്തിൽ വികേന്ദ്രീകൃത ആസൂത്രണത്തിൻെറ പ്രസക്തി വളരെ വലുതാണ്. കേരളത്തിൻെറ 9–ാം പദ്ധതി ജനപങ്കാളിത്വത്തോടെ രൂപപ്പെടുമ്പോൾ

നമ്മുടെ പഞ്ചായത്തിന്റെ പദ്ധതിക്കും ഇത്തരത്തിൽ രൂപം നൽകുവാനുള്ള പ്രവർത്തനങ്ങളിലാണല്ലൊ നാം.

ജനകീയ ആസൂത്രണത്തിന്റെ ഒന്നാം ഘട്ട പ്രവർത്തനത്തിൽ ഭരണസമിതിയെ സഹായിക്കുവാൻ 13 D. R. P. മാരും 73 P. R. P. മാർക്കും ആണ് പരിശീലനം ലഭിച്ചത് എന്നാൽ ഇവരിൽ പലരും പല ഘട്ടങ്ങളിലായി കൊഴിഞ്ഞുപോയി. രണ്ടാം ഘട്ടത്തിലെത്തിയപ്പോഠ D. R. P. മാർ 5 ഉം P. R. P· മാർ 33 ഉം ആയി ചുരുങ്ങി.

സംസ്ഥാന സമിതിയുടെ നിർദ്ദേശപ്രകാരം ഒക്ടോബർ 2 ന് എല്ലാ വാർഡുകളിലും വിശേഷാൽ ഗ്രാമസഭകഠ ചേരുകയും ഉണ്ടായി. ഈ ഗ്രാമസഭകളിൽ ആകെ 1892 പേർ പങ്കെടുത്തതിൽ 1544 പുരുഷന്മാരും 348 സ്ത്രീകളും ആയിരുന്നു ഗ്രാമസഭയിലെ ചർച്ചകഠ എല്ലാം ഫലപ്രദമായിരുന്നു എന്ന് കരുതാൻ കഴിയില്ല.

ഒന്നാം ഘട്ടപ്രവർത്തനത്തിന്റെ ഭാഗമായ ദ്വിതീയ വിവര ശേഖരണം സന്നദ്ധ പ്രവർത്തകരുടെ നിസ്സഹകരണം ഉണ്ടായതുകൊണ്ട് പൂർത്തിയാക്കാൻ കൂടുതൽ സമയമെടുത്തു. ഗ്രാമസഭകളിലെ റിപ്പോർട്ടുകഠ ക്രോഡീകരിക്കുന്ന ജോലി ഒരു ദിവസം കൊണ്ട് പൂർത്തിയാക്കാൻ കഴിഞ്ഞു. 2 ദിവസങ്ങളിലായി പഠന പര്യടനവും സംഘടിപ്പിച്ചു ഗ്രാമസഭകളിലെ നിർദ്ദേശങ്ങളും വിവരശേഖരണത്തിൽ നിന്ന് ലഭിച്ച കണക്കുകളും കോർത്തിണക്കികൊണ്ട് വികസന റിപ്പോർട്ട് രൂപപ്പെടുത്തുവാൻ ശ്രീ. പി. എസ്. അപ്പുക്കുട്ടൻ, ഗോപി അരീപ്പറമ്പിൽ, വി. കെ. ശാമുവൽ, ജോസ് മാപ്രയിൽ എന്നിവർ ഉഠപ്പെട്ട സമിതി ഫലപ്രദമായി പ്രവർത്തിച്ചു.

വികസന റിപ്പോർട്ട് രൂപപ്പെടുത്തുന്നതിലും മററ് പ്രവർത്തനങ്ങളിലും K R P ജയിംസ് തോമസ് ഈഞ്ചക്കുഴിയുടെ സേവനം ഭരണസമിതിക്ക് ലഭിക്കുകയുണ്ടായി. വികസന റിപ്പോർട്ടിന്റെ കയ്യെഴുത്തു തയ്യാറാക്കിയ കെ. ജി. മണിയുടെയും അച്ചടി ജോലികഠ ചെയ്തുതന്ന R S L പ്രിന്റേഴ്സിലെ ജീവനക്കാരെയും നന്ദിയോടെ സ്മരിക്കുന്നു.

വരും കാലങ്ങളിൽ പുരോഗതിയുടെ പാതയിൽ നമുക്ക് വിലപ്പെട്ടരേഖയായി മാറുന്ന ഈ വികസന റിപ്പോർട്ടും ഇതിനോടനുബന്ധമായുണ്ടാകുന്ന പദ്ധതികളും പൂർണ്ണമായും നമ്മുടെതായിരിക്കും.

കഴിഞ്ഞ ഒരുവർഷക്കാലം പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളിൽ സഹകരിച്ച സഹപ്രവർത്തകരെയും ജീവനക്കാരെയും സന്നദ്ധ പ്രവർത്തകരെയും നന്ദിയോടെ സ്മരിച്ചുകൊണ്ട് ഈ വികസന റിപ്പോർട്ട് കൊന്നത്തടി പഞ്ചായത്ത് ഭരണ സമിതിക്കുവേണ്ടി സമർപ്പിക്കുന്നു.

സ്നേഹപൂർവ്വം,
T. P. മൽക്ക
കൊന്നത്തടി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്

# ഉള്ളടക്കം


| | | |
|---|---|---|
| 1 | ഗ്രാമപഞ്ചായത്തിന്റെ പൊതു വിവരങ്ങൾ | 7 |
| 2 | ആമുഖവും ചരിത്ര കുറിപ്പും | 8 |
| 3 | ഭൂപ്രകൃതി വിഭവങ്ങൾ | 12 |
| 4 | ജലസേചനം കൃഷി | 17 |
| 5 | മൃഗസംരക്ഷണം | 18 |
| 6 | ഊർജ്ജം ഗതാഗതം | 20 |
| 7 | വ്യവസായം | 23 |
| 8 | കുടിവെള്ളം ആരോഗ്യം | 24 |
| 9 | വിദ്യാഭ്യാസം | 28 |
| 10 | പാർപ്പിടം സാമൂഹ്യക്ഷേമം | 30 |
| 11 | വനിതാക്ഷേമം | 31 |
| 12 | സഹകരണമേഖല | 32 |
| 13 | പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം | 33 |
| 14 | സാംസ്കാരികം | 34 |
| 15 | വിഭവ സമാഹരണം | 35 |
| 16 | ഉപസംഹാരം | |
| 17 | അനുബന്ധം | |

# 1

# കൊന്നത്തടി ഗ്രാമപഞ്ചായത്തിന്റെ പൊതുവിവരങ്ങൾ

| | | | |
|---|---|---|---|
| 1. | പേര് | : | കൊന്നത്തടി ഗ്രാമ പഞ്ചായത്ത് |
| 2. | ജില്ല | : | ഇടുക്കി |
| 3. | അസംബ്ലി മണ്ഡലം | : | ഇടുക്കി |
| 4. | താലൂക്ക് | : | ഉടുമ്പൻചോല |
| 5. | ബ്ലോക്ക് പഞ്ചായത്ത് | : | അടിമാലി |
| 6. | വില്ലേജ് | : | കൊന്നത്തടി |
| 7. | വിസ്തീർണ്ണം | : | 96. ച. കി. മീ |
| 8. | അതിരുകൾ | : | വടക്ക് – പന്നിയാർ പുഴ |
| | | | തെക്ക് – ചിന്നാർപുഴ |
| | | | കിഴക്ക് – ഉടുമ്പൻചോല പഞ്ചായത്ത് |
| | | | പടിഞ്ഞാറ് – പെരിയാർ |
| 9. | ജനസംഖ്യ | : | 29964 (1991–ലെ കാനേഷ്മാരി) |
| | പുരുഷൻമാർ | : | 15238 |
| | സ്ത്രീകൾ | : | 14726 |
| 10. | ജനസാന്ദ്രത | : | 312. 12./സ്കയർ കി. മീ |
| 11. | വാർഡുകളുടെ എണ്ണം | : | 12 |
| 12. | പ്രസിഡന്റ് | : | ടി. പി. മൽക്ക |
| 13. | വൈസ് പ്രസിഡന്റ് | : | ഫിലിപ്പ് ആന്റണി |
| 14. | സ്റ്റാൻഡിംഗ് കമ്മററി ചെയർമാൻ | | മോഹനൻനായർ |
| 15. | ഭരണസമിതി അംഗങ്ങൾ | | |

1. ശ്രീ. വി. എം. ബേബി
2. ശ്രീമതി. അച്ചാമ്മ ദേവസ്യാ
3. ശ്രീ. സി. കെ. പ്രസാദ്
4. ,, ഐസക് കുര്യൻ
5. ,, എം. ജി. മാധവൻ
6. ,, സി. എൻ. ഷാജി
7. ശ്രീമതി. അന്നക്കുട്ടി മത്തായി
8. ,, ബീനാ മാധവൻ
9. ,, മോളി ജോയി

| | | | |
|---|---|---|---|
| 16. | പഞ്ചായത്ത് സെക്രട്ടറി | | കെ. രവി |

# 2
# ആമുഖവും ചരിത്രക്കുറിപ്പും

ഗ്രാമങ്ങളിൽ ഇന്ത്യയുടെ ആത്മാവിനെ കണ്ടെത്തിയ രാഷ്ട്രപിതാവ് മഹാത്മജിയുടെ, "ഗ്രാമ സ്വരാജ്" എന്ന സ്വപ്നം സാക്ഷാത്കരിയ്ക്കുവാൻ വേണ്ടി നടന്നിട്ടുള്ള ശ്രമങ്ങളിൽ ഏററവും പ്രധാനപ്പെട്ടതും, അവസാനത്തേതുമാണല്ലോ '73/74 ഭരണഘടനാഭേദഗതികൾ ഇതുവഴി ഗ്രാമങ്ങളിൽ കൂടുതൽ അധികാരത്തോടു കൂടിയ പ്രാദേശിക സർക്കാരുകൾ ഉണ്ടാകണം എന്നാണ് വിവക്ഷിച്ചിരുന്നത്. എന്നാൽ "അധികാര വികേന്ദ്രീകരണം ഞാൻ ഇരിക്കുന്നിടം വരെ" എന്ന സങ്കല്പം എല്ലാ തലങ്ങളിലുമുള്ള നമ്മുടെ ഭരണാധികാരികളുടെ പൊതുസ്വഭാവമായിരിക്കും ഇത് അധികാര കൈമാററത്തിന് തടസ്സം സൃഷ്ടിക്കും ഭരണഘടനാനുസൃതമായി രൂപം കൊണ്ട പഞ്ചായത്തുകൾ പ്രാദേശിക സ്വയംഭരണ സർക്കാരുകൾ ആകാൻ എത്രകാലം കാത്തിരിക്കേണ്ടി വരും.

അധികാരം ജനങ്ങളിലേക്ക് എത്തുമ്പോൾ തങ്ങളുടെ ആവശ്യങ്ങൾക്ക് അനുസൃതമായി പദ്ധതികൾക്ക് രൂപം നൽകാനും അവ നടപ്പാക്കുവാനും അവർക്ക് അവകാശമുണ്ട്. എന്നാൽ നാം നമ്മുടെ ആവശ്യങ്ങളെക്കുറിച്ച് മാത്രം ബോധവാന്മാരാകുകയും ആവശ്യങ്ങൾ നിറവേററുവാനുള്ള വിഭവങ്ങളുടെ ലഭ്യതയെക്കുറിച്ച് അജ്ഞത നടിയ്ക്കുകയാണ് ചെയ്യാറുള്ളത്. ഇവിടെയാണ് ജനപങ്കാളിത്തത്തോടുകൂടിയുള്ള ജനകീയ ആസൂത്രണത്തിന്റെ പ്രസക്തി.

കേരളത്തിന്റെ ഒൻപതാം പദ്ധതി ലോകത്തിനു തന്നെ മാതൃകയാക്കികൊണ്ട് വർദ്ധിച്ച ജനപങ്കാളിത്തത്തോടെ നടപ്പാക്കുമ്പോൾ മേൽ വിവരിച്ച പ്രശ്നം പരിഹരിയ്ക്കുമെന്നാണ് നമ്മുടെ വിശ്വാസം. പദ്ധതി വിഹിതത്തിലെ 35% മുതൽ 40% വരെയുള്ള തുക ഗ്രാമ പഞ്ചായത്തുകളിലേക്ക് ലഭിക്കുമ്പോൾ ഗ്രാമ സഭകളിലെ നിർദ്ദേശങ്ങൾക്ക് അനുസൃതമായി പദ്ധതികൾക്ക് രൂപം നല്കി നടപ്പാക്കിയാൽ ഇന്ന് വികസനരംഗത്തെ വെല്ലുവിളികളെ നമുക്ക് നേരിടാനാകും. ഇത്തരമൊരു കാഴ്ചപ്പാടോടെയാണ് ഈ വികസന റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. കക്ഷി രാഷ്ട്രീയത്തിനതീതമായി നാടിന്റെ പുരോഗതിയ്ക്കുവേണ്ടി ജനകീയ ആസൂത്രണ പ്രസ്ഥാനത്തിൽ നമുക്ക് പങ്കാളികളാകാം.

★

## കൊന്നത്തടിയുടെ ചരിത്രം!

പ്രാചീന കേരളത്തിന്റെ ചരിത്രത്തോളം പഴക്കമുണ്ട് കൊന്നത്തടിയുടെ ചരിത്രത്തിന് ഇവിടെ നിലനിന്നിരുന്ന ഏതോ പുരാതന സംസ്കാരത്തിന്റെ ഭാഗമായി കണ്ടെടുത്തിട്ടുള്ള പുരാവസ്തുക്കൾ ഈ സംസ്കാരത്തിന്റെ മഹത്വം വിളിച്ചോതുന്നവയാണ്.

കമ്പിളികണ്ടം, മുനിയറ, കൊമ്പൊടിഞ്ഞാൽ എന്നിവിടങ്ങളിൽ കാണുന്ന മുനിയറകളും, പാറത്തോട്ടിൽ നിന്നും, കരിമലയിൽ നിന്നും കണ്ടെടുത്തിട്ടുള്ള മൺപാത്രങ്ങളും, ആയുധങ്ങൾക്കും കേരളത്തിന്റെ മററ് പ്രദേശങ്ങളിൽ നിന്നും കണ്ടെടുത്തിട്ടുള്ള മഹാശിലായുഗ അവശിഷ്ടങ്ങളോടുള്ള സാമ്യം കണക്കിലെടുക്കുമ്പോൾ ഇവിടെ BC/ 700 നും 400 നും ഇടയിൽ ഇവിടെ ജനവാസം ഉണ്ടായിരുന്നു എന്ന് വേണം അനുമാനിക്കാൻ. കുടിയേററ സമയത്ത് ഇവിടെ കണ്ടിരുന്ന ഗിരിവർഗ്ഗക്കാർക്ക് നിഗ്രഗേററാസ് വംശരുമായിട്ടുള്ള സാമ്യം ഈ ചിന്താഗതിക്ക് കൂടുതൽ ബലമേകുന്നു.

### ആധുനിക ചരിത്രം.

ആധുനിക ചരിത്രം ആരംഭിക്കുന്നത് ഈ നൂററാണ്ടിന്റെ മദ്ധ്യത്തോടെയാണ്. ഘോരവ

നങ്ങളിൽ അധിവസിക്കുന്ന ഗിരിവർഗ്ഗക്കാരിൽ (മന്നാൻ) നിന്നും ലഭിച്ച അറിവുകളാണ് കൃഷിക്കാരെ ഇവിടേക്ക് ആകർഷിച്ചത്. അങ്ങനെ ആധുനിക ചരിത്രം കുടിയേററ ചരിത്രത്തോടെ ആരംഭിക്കുന്നു. മൂന്നുവശങ്ങളും നദികളാൽ ചുററപ്പെട്ട ഫലഭൂയിഷ്ടമായ ഈ ഭൂമിയിയിലേക്ക് വഴിതെളിച്ച സാഹചര്യങ്ങൾ ശ്രദ്ധേയമാണ്.

സ്വാതന്ത്ര്യാനന്തരമായ ഭാരതത്തിൽ ഉണ്ടായ ഭക്ഷ്യക്ഷാമം പരിഹരിക്കുന്നതിനായി വനാന്തരങ്ങളിലെ ചതുപ്പുകളിൽ കൃഷിചെയ്യുവാൻ സർക്കാർ അനുമതി നല്കിയത് കുടിയേററത്തിന് വഴിതെളിച്ചു. 1947-ൽ തന്നെ ഭാഷാ സംസ്ഥാനങ്ങൾക്കു വേണ്ടിയുള്ള മുറവിളി ഉയർന്നു കഴിഞ്ഞിരുന്നു. തമിഴ് ഭൂരിപക്ഷത്തിൻെറ പേരിൽ തിരുവിതാംകൂറിൻെറ നെല്ലറയായിരുന്ന നാഞ്ചനാടൻ പ്രദേശം നമുക്ക് കൈവിട്ടുപോയി. പീരുമേട്, ദേവികുളം, ഉടുമ്പൻചോല താലൂക്കുകളിൽപ്പെട്ട പ്രദേശങ്ങളിലെ തമിഴ് ഭൂരിപക്ഷത്തിൻെറ പേരിൽ കൈവിട്ടു പോകാതിരിയ്ക്കുവാൻ ഇവിടങ്ങളിലേക്ക് കൂടുതൽ കൃഷിക്കാരെ പ്രവേശിപ്പിക്കുവാൻ സർക്കാർ മൗനാനുവാദം നല്കി. ഈ അനുകൂല സാഹചര്യങ്ങൾ മുതലെടുത്തുകൊണ്ട് തൊടുപുഴ-മീനിച്ചിൽ താലൂക്കുകളിൽ നിന്നും മുതിരപ്പുഴയ്ക്ക് മറുകരയിൽ എത്തിയ കൃഷിക്കാർ 1949 മുതൽ ഈ മണ്ണിലേയ്ക്കുള്ള പ്രയാണം ആരംഭിച്ചു. മുതിരപ്പുഴ- കൊന്നത്തടി- പന്നിയാർ- പാറത്തോട്- ചിന്നാർ-മങ്കുവ എന്നിവയായിരുന്നു ആദ്യകാലകുടിയേററ കേന്ദ്രങ്ങൾ.

കൊന്നത്തടിയിൽ ശ്രീ. അയ്യപ്പൻ നായരുടേയും, കൊന്നയ്ക്കൽ ചാക്കോയുടേയും നേതൃത്വത്തിലും മുതിരപ്പുഴ-പാറത്തോട് എന്നിവിടങ്ങളിൽ എ. കൃഷ്ണൻേറയും കമ്പനിക്കാരുടേയും, പന്നിയാറിൽ കാളകെട്ടി ജോസഫിൻെറ നേതൃത്വത്തിലും ചിന്നാർ മങ്കുവ പ്രദേശത്ത് ചാക്കോമ്ലാക്കുഴി, ആഗസ്തി മുല്ലക്കുന്നേൽ, ചാക്കോ താളനാനി, വി. എ. തോമസ് എന്നിവരുടെ നേതൃത്വത്തിലുമാണ് കുടിയേററം ആരംഭിച്ചത് പിന്നീട് ഇവരുടെ ബന്ധുക്കളേയും, പരിചയക്കരേയും കൊണ്ടുവന്ന് ഇവരുടെ ആാംബലം വർദ്ധിപ്പിച്ചു.

1951-മുതൽവ്യാപകമായി കൃഷിചെയ്യാൻ ആരംഭിച്ചതോടെ വനപാലകരും, റവന്യൂ ഉദ്യോഗസ്ഥരും കുടിയൊഴിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. കാട്ടുമൃഗങ്ങളുടെ ഉപദ്രവങ്ങളിൽ നിന്നും കൃഷിയെ രക്ഷിക്കാൻ കൃഷിക്കാർ സംഘംചേർന്ന് തങ്ങൾ വെട്ടിപിടിച്ചഭൂമി കൈവിട്ടുപോകാതിരിക്കാൻ തങ്ങളുടെ കൂട്ടായ്മ ശക്തിപ്പെടുത്താൻ തീരുമാനിച്ചു. ഇതിൻെറ ഭാഗമായി കുടിയേററ നേതാക്കൾ (വി. അയ്യപ്പൻ നായർ, എ. കൃഷ്ണൻസാർ, കെ. എസ്. ജോസഫ്, സി. എൻ. ജോൺ) ദേവികുളം ഡിവിഷൻ കമ്മീഷണറെ കണ്ട് പരാതി ബോധിപ്പിച്ചു, സർക്കാർ ഉത്തരവില്ലാതെ കുടിയൊഴിപ്പിക്കൽ നടപടികളിൽ നിന്ന് പിന്മാറാൻ സാധിക്കുകയില്ലാ എന്ന് അറിയിച്ചതിനെ തുടർന്ന് കൃഷിക്കാർ തങ്ങളുടെ കൂട്ടായ്മയ്ക്ക് സംഘടനാ രൂപം നല്കാൻ തീരുമാനിച്ചതോടെ ആട്ടുപാറത്താവളം കർഷകസംഘം പ്രവർത്തനമാരംഭിക്കുന്നത്.

വി. അയ്യപ്പൻ നായർ പ്രസിഡൻറും, എ. കൃഷ്ണൻ സെക്രട്ടറിയും പി. എൻ. ജോൺ ട്രഷററുമായ ആട്ടുപാറത്താവളം കർഷകസംഘത്തിൻെറ പേരിൽ കുടിയൊഴിപ്പിയ്ക്കൽ നടപടികൾക്കെതിരെ സർക്കാരിന് നിവേദനം സമർപ്പിയ്ക്കപ്പെട്ടു. നിവേദനത്തിൻെറ മേൽ നടപടിസ്വീകരിയ്ക്കുവാൻ മന്ത്രിസഭയിൽ തന്നെ അഭിപ്രായ വ്യത്യാസമുണ്ടായി കർഷകരെമൊത്തം കുടിയൊഴിപ്പിച്ചാൽ ഇവിടെ വിളയുന്ന ലക്ഷക്കണക്കിന് രൂപയുടെ ഭക്ഷ്യധാന്യങ്ങൾ സംരക്ഷിക്കുവാൻ വനംവകുപ്പ് തയ്യാറാകണം എന്ന് ഭക്ഷ്യമന്ത്രി നിർദ്ദേശിച്ചു. എന്നാൽ വനംവകുപ്പ് ഇതിന് തയ്യാറാകാതെ വന്നപ്പോൾ ചെയ്തിട്ടുള്ള കൃഷി എടുത്തുകൊണ്ട് ഭൂമിയിൽ നിന്ന് ഒഴിവാകണമെന്ന് സർക്കാർ ഉത്തരവ് നൽകി അങ്ങനെ കുടിയൊഴിപ്പിയ്ക്കലിൽ നിന്ന് താല്കാലികമായി മോചിതരായി.

1952-ൽ കൃഷിക്കാർ ഉത്പാദിപ്പിക്കുന്ന നെല്ലിൻെറ പകുതി സർക്കാരിന് പാട്ടമായി നല്കണമെന്ന ഉത്തരവ് വന്നതോടെ പോരാട്ടങ്ങൾ ശക്തിപ്രാപിച്ചു. കർഷകസംഘത്തിൻെറ നേതൃത്വത്തിൽ വലിയ പ്രതിഷേധസമരങ്ങൾ സംഘടിയ്ക്കപ്പെട്ടു. ഇതിൻെറ ഫലമാ

യി ഏക്കറിന് ആറ്പറ എന്ന് നിജപ്പെടുത്തുവാൻ സർക്കാർ തയ്യാറായി. ഈ വിജയം കൃഷിക്കാരിൽ പുത്തൻ ഉണർവ്വ് പകർന്നു.

## ഗവർണ്ണറുടെ കിരാത ഭരണം

ജനകീയ സർക്കാർ തകർന്നപ്പോൾ ശക്തനും, സ്വേച്ഛാധിപതിയുമായ ഗവർണ്ണർ പി. എസ്. റാവുവിന്റെ ഭരണം ആരംഭിച്ചു. കൃഷിക്കാരെ കയ്യേററക്കാർ എന്ന് മുദ്രകുത്തി കുടിയൊഴിപ്പിക്കാൻ ഗവർണ്ണർ തീരുമാനിച്ചതോടെ മലനാട്ടിൽ വ്യാപകമായ പ്രക്ഷോഭ സമരപരിപാടികൾ ആരംഭിച്ചു. ശ്രീ എൻ. തങ്കപ്പക്കുറുപ്പ് പ്രസിഡൻറായും ശ്രീ എ കൃഷ്ണനും പി. ഡി. സെബാസ്ററ്യനും വൈസ് പ്രസിഡൻറുമാരായും ശ്രീ സി. ഐ. നാരായണനും പി. എസ്. ഗോപിയും സെക്രട്ടറിമാരായും രൂപം നൽകിയ ദേവികുളം താലൂക്ക് കർഷകസംഘത്തിന്റെ നേതൃത്വത്തിൽ പ്രക്ഷോഭസമര പരിപാടികൾ ആരംഭിച്ചു. ഇതിന്റെ ഭാഗമായി ജില്ലാ ആസ്ഥാനമായ കോട്ടയത്തേക്ക് 501 പേരെ സംഘടിപ്പിച്ച് ഐതിഹാസമായ കാൽനടജാഥ നടത്തപ്പെട്ടു. കക്ഷി-രാഷ്ട്രീയത്തിനധീതമായി ശ്രീ. പി. ററി. ചാക്കോയുടേയും ശ്രീ. കെ. ററി. ജോസെപ്പിന്റേയും നേതൃത്വത്തിൽ സ്വീകരിച്ച് ആനയിച്ചപ്പോൾ ഈ ജാഥ കുടിയേററ ചരിത്രത്തിലെ ഏററവും വലിയ പോരാട്ട സമരമായി മാറുകയായിരുന്നു.

## പട്ടം താണുപിള്ളയുടെ വെള്ളത്തുവൽ സന്ദർശനം

ഗവർണ്ണർ ഭരണം അവസാനിച്ച പട്ടം താണുപിള്ളയുടെ നേതൃത്വത്തിൽ ജനകീയ മന്ത്രിസഭ അധികാരത്തിൽവന്നു കർഷകസംഘത്തിന്റെ നേതൃത്വത്തിൽ സർക്കാരിന് നല്കിയ നിവേദനത്തെ തുടർന്ന് മുഖ്യമന്ത്രി വെള്ളത്തൂവൽ സന്ദർശനത്തിന് എത്തി. തന്നെ സ്വീകരിക്കാൻ എത്തിയ ആയിരക്കണക്കിന് കുടിയേററ കർഷകരെ കണ്ടപ്പോൾ കുടിയൊഴിപ്പിക്കൽ നീതിരഹിതമാണെന്ന് മനസ്സിലാക്കിയ മുഖ്യമന്ത്രി ഭൂമി പതിച്ചു നല്കുവാൻ ഉത്തരവിട്ടു. എന്നാൽ നടപടികൾ പൂർത്തിയാക്കുന്നതിന് മുൻപ് ആ മന്ത്രിസഭ പിരിച്ചുവിട്ടതുമൂലം കർഷകരുടെ ആ സ്വപ്നം പൊലിഞ്ഞു. എങ്കിലും ഭൂമി കൈവിട്ടു പോകില്ലാ എന്ന വിശ്വാസത്തോടെ സ്ഥിര ദേഹണ്ഡങ്ങൾ വച്ചു പിടിപ്പിക്കുവാൻ തുടങ്ങി പിന്നീട് പട്ടയത്തിനുവേണ്ടി പോരാട്ടങ്ങൾ നടന്നെങ്കിലും ഇന്നും പട്ടയം യാഥാർത്ഥ്യമായില്ല

## പഞ്ചായത്തിന്റെ രൂപീകരണം

1953-ൽ ഇൻഡ്യയിൽ പഞ്ചായത്തുകൾ രൂപീകരിക്കപ്പെട്ടു തുടങ്ങി ഇപ്പോഴത്തെ വാത്തിക്കുടി-കൊന്നത്തടി പഞ്ചായത്തുകൾഉൾപ്പെടെയുള്ള പ്രദേശങ്ങൾ ഉൾപ്പെടുത്തി കൊണ്ട് ഉടുമ്പൻചോല പഞ്ചായത്ത് രൂപീകരിക്കപ്പെട്ടു. ശ്രീ. വി. അയ്യപ്പൻ നായർ, എ കൃഷ്ണൻ, പി. എൻ. ജോൺ കെ. എസ് ജോസഫ്, വാത്തിയൻ മകൻ പെരിയൻ എന്നിവർ ഈ പ്രദേശത്തു നിന്നും പഞ്ചായത്തു ഭരണ സമിതിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു ശ്രീ വി അയ്യപ്പൻ നായർ ഉടുമ്പൻചോല പഞ്ചായത്തിന്റെ ആദ്യ പ്രസിഡൻറായി തെരഞ്ഞെടുക്കപ്പെട്ടത് ഈ നാടിന് ലഭിച്ച ഏററവും വലിയ അംഗീകാരമായിരിന്നു.

## കൊന്നത്തടി പഞ്ചായത്തിന്റെ രൂപീകരണം

1962-ൽ ഉടുമ്പൻചോല പഞ്ചായത്ത് വിഭജിച്ച് കൊന്നത്തടി പഞ്ചായത്ത് രൂപീകരിയ്ക്കുവാൻ തീരുമാനമായി 1962 മാർച്ച് 1-ാം തീയതി സ്പെഷ്യൽ ഓഫീസർ ചാർജ്ജ് എടുത്തു. 18-2-1964-ൽ തെരഞ്ഞെടുക്കപ്പെട്ട ഭരണ സമിതി അധികാരമേൽക്കുന്നതു വരെ സ്പെഷ്യൽ ഓഫീസർ ഭരണം നിലനിന്നു.

## പ്രഥമ ഭരണസമിതി അംഗങ്ങൾ

ശ്രീ: വി. അയ്യപ്പൻ നായർ (പ്രസിഡൻറ്)
,, എ. കൃഷ്ണൻ
,, ജോസഫ് ചാക്കോ
,, പി. എൻ. ജോൺ
,, ശ്രീധരൻ നായർ
,, എൻ. എം ജോർജ്
,, കെ. ഇ. നാരായണൻ (വൈസ് പ്രസി:)
,, തോമസ് തെക്കേച്ചെരുവിൽ
,, വി. എ. തോമസ്

പിന്നീട് ത്രേസ്യാമ്മ വർക്കിയേയും, അന്നമ്മ പാപ്പാറിനേയും ഭരണ സമിതിയിലേക്ക് നോമിനേററ് ചെയ്യപ്പെട്ടു.

ഒന്നാം വാർഡ് ആയിരുന്ന വാത്തിക്കുടി കേന്ദ്രമാക്കി പഞ്ചായത്ത് രൂപീകരിച്ചപ്പോൾ ആ പ്രദേശത്തെ താമസക്കാരായിരുന്ന പ്രസിഡൻറ് ശ്രീ. അയ്യപ്പൻ നായരും, പി. എൻ. ജോണും ഭരണ സമിതിയിൽ നിന്ന് രാജിവച്ചു. ഇതിനിടെ ശ്രീ. കെ. ഇ. നാരാരായണൻ പ്രസിഡൻറും ശ്രീ. വി. എ. തോമസ് വൈസ് പ്രസിഡൻറും ആയി തെരഞ്ഞെടുക്കപ്പെട്ടു. ഈ ഭരണ സമിതി 1979 വരെ ഭരണം നടത്തി.

11-10-1979-ൽ പുതിയ ഭരണസമിതി അധികാരത്തിൽ വന്നു.

### പുതിയ ഭരണ സമിതി അംഗങ്ങൾ

ശ്രീ. സി. ഐ. നാരായണൻ (പ്രസിഡൻറ്)
,, എം. എ. ആഗസ്തി (വൈസ് പ്രസി:)
,, എൻ. വി. ബേബി
,, സി. കെ. ഭവാനി
,, കെ. കെ. കൃഷ്ണൻകുട്ടി
,, എ. എം. കൃഷ്ണൻകുട്ടി
,, ജോർജ് ജോസഫ്
,, ഒ. ജെ. ജോസഫ്
,, ഉലഹന്നാൻ

1988-ൽ നടന്ന തെരഞ്ഞെടുപ്പിൽ പുതിയ ഭരണസമിതി അധികാരത്തിൽ വന്നു.

### ഭരണ സമിതി അംഗങ്ങൾ

ശ്രീ. പി. കെ. ഗംഗാധരൻ പ്രസിഡൻറ്
,, ജോസ് മുളഞ്ചിറ വൈസ് പ്രസിഡൻറ്
,, സി. കെ. ഭവാനി
,, ആഗസ്തി ചെമ്പനാൽ
,, ലീലാ ഗോപി
,, ഫിലിപ്പ് ആൻറണി
,, പി. ഡി. ജോസഫ്
,, ഐസക് കുര്യൻ
,, എം. ജി. മാധവൻ
,, കെ. എം. മാധവൻ
,, പി. സി. തോമസ്
,, ജോയി മത്തായി

1995-ൽ ഭരണഘടനാനുസൃതമായി നടന്ന തെരഞ്ഞെടുപ്പിൽ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി അധികാരമേൽക്കുന്നതുവരെ പഴയ ഭരണ സമിതി ഭരണം തുടർന്നു.

വർദ്ധിച്ച അധികാരത്തോടും, പുത്തൻ പ്രതീക്ഷകളോടും കൂടി ശ്രീ. ടി. പി. മൽക്കയുടെ നേതൃത്വത്തിലുള്ള ഭരണസമിതി 1995 ഒക്ടോബർ 2-ാം തീയതി അധികാരം ഏറെറടുത്തു.

### ആദ്യത്തെ സ്കൂൾ

1991-ടെ കുടിയേററ മേഖലയിൽ സ്കൂളിന് വേണ്ടിയുള്ള ശ്രമങ്ങൾ ആരംഭിച്ചു. എന്നാൽ കുടിയേററം സർക്കാർ അംഗീകരിക്കാത്തതുകൊണ്ട് സ്കൂൾ അനുവദിക്കുവാൻ തയ്യാറായില്ല. പിന്നീട് പഞ്ചായത്ത് മെമ്പർ ശ്രീ എ കൃഷ്ണൻെറ നേതൃത്വത്തിൽ നടന്ന ശ്രമങ്ങളുടെ ഫലമായി സർവ്വോദയ സംഘം മുക്കുടത്ത് ഒരു ജൂനിയർ ബെയ്സിക് സ്കൂൾ (J. B. S.) ആരംഭിച്ചു. 1954-ൽ തന്നെ ഈ സ്കൂളിന് സർക്കാർ അംഗീകാരം നൽകി. ഈ സ്കൂൾ പിന്നീട് പാറത്തോട് കത്തോലിക്കാ പള്ളിക്ക് കൈമാറപ്പെട്ടു. ഇപ്പോൾ വിജ്ഞാനം എൽ. പി. സ്കൂൾ എന്ന പേരിൽ ഈ സ്കൂൾ നല്ല നിലയിൽ പ്രവർത്തിക്കുന്നു.

### മററ് പൊതു സ്ഥാപനങ്ങൾ

1953-ൽ പാറത്തോട്ടിൽ ഒരു ഇ. ഡി. പോസ്റേറാഫീസും, (കൊന്നത്തടി പി. ഒ.) 1965-ൽ കൊന്നത്തടിയിലും, പാറത്തോട്ടിലും ഓരോ സർവ്വീസ് സഹകരണ ബാങ്കുകൾ പ്രവർത്തനമാരംഭിച്ചു. കൊന്നത്തടി പഞ്ചായത്തിലെ ബഹുഭൂരിപക്ഷം ആളുകളും ഇതിൽ ഏതെങ്കിലും ഒരു സഹകരണ സംഘത്തിൻെറ അംഗങ്ങളാണ്.

നിലനില്പിന് വേണ്ടി പോരാടി കുടിയേററ ചരിത്രത്തിൻെറ പ്രചോദനം ഉൾകൊണ്ടുകൊണ്ട് ഇന്നിൻെറ വെല്ലുവിളികളെ നേരിടാൻ!

**നമുക്ക് സജ്ജരാകാം!**

★

# 3

# ഭൂപ്രകൃതി വിഭവങ്ങൾ

## ഭൂപ്രകൃതിയും, വിഭവങ്ങളും

കൊന്നത്തടി പഞ്ചായത്ത് കുന്നുകളും, ചെരിവുകളും, താഴ്‌വരകളും കൊണ്ടു നിറഞ്ഞ പ്രദേശമാണ്. 96 ച. കി. മീ. വിസ്തീർണ്ണമുളള ഈ പഞ്ചായത്തിലെ 75% ഭൂമിയും ചരിവുപ്രദേശങ്ങളാണ്. 10% ഭൂമി കുന്നിൻ മുകളുകളും 10% താഴ്‌വാരങ്ങളും 5% പാറക്കെട്ടുകളും, തരിശുമായി കിടക്കുന്നവയുമാണ്.

## മണ്ണിനം

ഇവിടെ പ്രധാനമായും മൂന്നുതരം മണ്ണാണ് കാണപ്പെടുന്നത്. ചരൽ നിറഞ്ഞ വനമണ്ണ് കറുപ്പ് മണ്ണും, ചുവപ്പ് മണ്ണും, കളിമൺ നിറഞ്ഞ ചെളിമണ്ണും.

## ഭൂവിനിയോഗം

750 ഹെക്ടർ വനഭൂമിയും, 5% തരിശും, പാറക്കെട്ടും ഒഴികെയുളള ഭൂമി കൃഷിക്കായി ഉപയോഗിച്ചിരിക്കുന്നു. ഭൂരിപക്ഷം കൃഷിഭൂമികളും 3 ഏക്കറിൽ താഴെയുള്ള തുണ്ടുഭൂമികളാണ്.

തെങ്ങ്, റബ്ബർ, കമുക്, കുരുമുളക്, കാപ്പി, കൊക്കോ, ഏലം, തേയില, തുടങ്ങിയ സ്ഥിരദേഹണ്ഡങ്ങളും വാഴ, ഇഞ്ചി, മരച്ചീനി, ചേന, ചേമ്പ്, പച്ചക്കറികളും സമ്മിശ്രമായി ഇവിടെ കൃഷി ചെയ്തു വരുന്നു.

## കാലാവസ്ഥ

കാലവർഷം നല്ലരീതിയിൽ ലഭിക്കുന്ന പ്രദേശമാണ് കാലവർഷത്തോടൊപ്പം വെള്ളപ്പൊക്കവും ഉരുൾപൊട്ടലും ഉണ്ടാകാറുണ്ട്. ജൂൺ, ജൂലൈ മാസങ്ങളിലാണ് ഏറ്റവും കൂടുതൽ മഴലഭിക്കുന്നത്. സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ ശക്തിയായ തുലാവർഷം ഉണ്ടാകും. ഡിസംബർ-ജനുവരി മാസങ്ങളിൽ ചെറിയ തോതിൽ മഞ്ഞും തണുപ്പും അനുഭവപ്പെടുന്നു.

2500 സെ. മീ. 3000 സെ. മീറ്ററിനും ഇടയിൽ മഴ ലഭിക്കാറുണ്ട്. കൂടിയ അന്തരീക്ഷ ഊഷ്മാവ് 35 സെൽഷ്യസും കുറഞ്ഞത് 15 സെൽഷ്യസുമാണ്.

## ജനങ്ങൾ

1991-ലെ കാനേഷ്മാരി പ്രകാരം പഞ്ചായത്തിലെ ജനസംഖ്യ 29964 ആയിരുന്നു ഇതിൽ 15238 പുരുഷന്മാരും, 14726 സ്ത്രീകളുമാണ്. പട്ടികജാതിക്കാരുടെ എണ്ണം 952 ഉം അതിൽ പുരുഷന്മാരുടെ എണ്ണം 469 ഉം സ്ത്രീകളുടെ എണ്ണം 493 ആണ്. പട്ടികവർഗ്ഗക്കാർ 513 ആണ്. ഇതിൽ 247 പുരുഷന്മാരും, 260 സ്ത്രീകളുമാണ്.

## തൊഴിൽ

ജനങ്ങളിൽ ഏറിയ ഭാഗവും കൃഷിക്കാരും കർഷകതൊഴിലാളികളുമാണ്. നിർമ്മാണതൊഴിലാളികൾ വളരെ കുറവാണ്. സർക്കാർ ജീവനക്കാർ അദ്ധ്യാപകരും 250-ൽ കവിയില്ല. വിദേശത്ത് ജോലിയുള്ളവർ 50 പേരാണ്.

## വനം

പഞ്ചായത്തിൽ പൊൻമുടിഡാമിന്റെ പരിസരത്ത് 500 ഹെക്ടറും, പെരിഞ്ചാകുട്ടിയിൽ 240 ഹെക്ടർ വനവുമാണ് ആകെയുള്ളത്. തേക്ക് ആണ് പ്രധാന ഇനം. 50 ഹെക്ടറോളം ഇല്ലിയും, 300 ഹെക്ടറോളം യൂക്കാലിപ്സും ആണ് ഉള്ളത്.

## കൃഷി

പഞ്ചായത്തിലെ ഭൂമിയുടെ സിംഹ ഭാഗവും കൃഷിക്കായി ഉപയോഗിക്കുന്നു. വിവിധ കൃഷിയെക്കുറിച്ച് ഉള്ള വിവരം ചുവടെ കൊടുക്കുന്നു. സമ്മിശ്ര കൃഷി രീതി അവലംബിക്കുന്നതു കൊണ്ട് ഓരോ വിളയും എത്രമാത്രം കൃഷിചെയ്യുന്നു എന്ന് കൃത്യമായ കണക്ക് ലഭ്യമല്ല.

## കുരുമുളക്

പഞ്ചായത്തിന്റെ എല്ലാഭാഗങ്ങളിലും കുരുമുളക് കൃഷി ചെയ്യുന്നുണ്ട്.

പഞ്ചായത്തിലെ കൃഷിക്കാരുടെ ജീവിത നിലവാരവും, സാമ്പത്തിക സ്ഥിതിയുടെ ഉയർച്ചയ്ക്കും മുഖ്യമായ പങ്കുവഹിച്ച നാണ്യവിളയാണ് കുരുമുളക്. കരിമുണ്ട, പന്നിയൂർ വൺ, ചെങ്ങന്നൂർ, എന്നീ അത്യുല്പാദന ശേഷിയുള്ള സങ്കര ഇനങ്ങളും, മലമുണ്ടി, വട്ടമുണ്ട, ജീരകമുണ്ടി എന്നീ നാടൻഇനങ്ങളും ഇവിടെ കൃഷി ചെയ്യുന്നു. ഉയർന്ന ഉല്പാദനശേഷി ഏക്കറിന് 400 കിലോയാണ്.

### പ്രശ്നങ്ങൾ:-

1. കുരുമുളക് ചെടിയെ ബാധിക്കുന്ന രോഗങ്ങളാണ് ഈ കൃഷിയെ നേരിടുന്ന വലിയ പ്രശ്നം.
2. കുരുകുളക് കൃഷിക്കുള്ള ധനസഹായം അപര്യാപ്തമാണ്.
3. കൂലിചിലവിന്റെയും, വളം, കീടനാശിനി മുതലായവയുടെ വില വർദ്ധനവാണ് മറ്റൊരു പ്രശ്നം.
4. സ്ഥിരമായി വില ലഭിക്കാത്തത്.
5. മാർക്കറ്റിംഗ് സൗകര്യത്തിന്റെ അപര്യാപ്തത.

### പരിഹാരങ്ങൾ:-

വളരെയധികം സാദ്ധ്യതയുള്ള ഈ കൃഷി എന്തു വില കൊടുത്തും സംരക്ഷിക്കേണ്ടതുണ്ട്

1. കുരുമുളക് ചെടികളെ ബാധിക്കുന്ന ദ്രുതവാട്ട രോഗത്തിന്റെ കാരണങ്ങൾ കണ്ടുപിടിച്ച് പ്രതിരോധ നടപടികൾ സ്വീകരിക്കേണ്ടതാണ്.
2. ഹൈറേഞ്ചിൽ ഒരു കുരുമുളക് ഗവേഷണ കേന്ദ്രം ആരംഭിക്കേണ്ടതുണ്ട്.
3. രാസവളങ്ങളുടെ വില കുറയ്ക്കുകയും, മതിയായ സബ്സിഡി നൽകുകയും ചെയ്യുക.
4. കൃഷിഭവനുകൾ വഴിലഭിക്കുന്ന കുമ്മായം സി. ഒ. സി., തുരിശ് തുടങ്ങിയവ യഥാസമയം ലഭ്യമാക്കുക.
5. കുരുമുളക് സംരക്ഷണ സമിതികളുടെ പ്രവർത്തനങ്ങൾ കൂടുതൽ ജനകീയ വൽക്കരിക്കുകയും സുതാര്യമാക്കുക
6. സഹകരണ മേഖലയിൽ സംഭരണശാലകൾ തുറക്കുകയും കുരുമുളകിന് താങ്ങുവില നിശ്ചയിക്കുകയും ചെയ്യുക.

## തെങ്ങ്

കൊന്നത്തടി പഞ്ചായത്തിലെ തെങ്ങിന്റെ ഉല്പാദനശേഷി ഹെക്ടറിന് 5000-ൽ താഴെയാണ്. പഞ്ചായത്തിലെ തെങ്ങുകൃഷി തകർച്ചയുടെ വക്കിലാണ്. അത്യുല്പാദനശേഷിയുള്ള സങ്കരയിനങ്ങളേക്കാൾ ഉല്പാദനശേഷിയുള്ള നാടൻ ഇനങ്ങളാണ് കൃഷിക്ക് അനുയോജ്യമെന്നാണ് കൃഷിക്കാരുടെ അഭിപ്രായം നാടൻ ഇനങ്ങൾക്കു പുറമേ T×D, D×T, തുടങ്ങിയ സങ്കര ഇനങ്ങളും കൃഷി ചെയ്യുന്നു.

### പ്രശ്നങ്ങൾ

1. കാറ്റുവീഴ്ച, കൂമ്പുചീയ്ക, മഞ്ഞളിപ്പ് തുടങ്ങിയ രോഗങ്ങൾ പടർന്നു പിടിച്ചിട്ടുണ്ട്.
2. കൊമ്പൻച്ചെല്ലി, എലി തുടങ്ങിയ ക്ഷുദ്രജീവികളുടെ ആക്രമണവും. വേരുചീച്ചൽ രോഗവും കണ്ടു വരുന്നു.
3. ജലസേചനത്തിന്റെ അപര്യാപ്തത ഉല്പാദനക്കുറവ്.

4. രാസവളങ്ങളുടെ വില വർദ്ധനവ്.

5. വർദ്ധിച്ച കൂലിച്ചിലവും, തൊഴിലാളികളെ കിട്ടുന്നതിനുള്ള ബുദ്ധിമുട്ടും.

6. വിലയിലെ അസ്ഥിരത.

**പരിഹാരങ്ങൾ**

1. കൊന്നത്തടി പഞ്ചായത്തിനെ തെങ്ങുരോഗ ബാധിത പ്രദേശമായി പ്രഖ്യാപിച്ച് കേടുവന്ന തെങ്ങ് വെട്ടിമാററുന്നതിനും. പ്രതിരോധ നടപടികൾ നടത്തുന്നതിനുള്ള പദ്ധതികൾക്ക് രൂപം നൽകുക,
2. ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക

3. നാളികേര അതിഷ്ഠിത വ്യവസായങ്ങൾ ആരംഭിക്കുക.

4. കേരവികസന സമിതികളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനൊപ്പം വളവും മററ് ധനസഹായങ്ങളും യഥാസമയം വിതരണം ചെയ്യുക.

5. നാളികേരത്തെ എണ്ണക്കുരുവായി പ്രഖ്യാപിച്ച് ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചു.

**കമുക്**

തെങ്ങ് കൃഷിപോലെ കമുക് കൃഷിയും വൻതകർച്ചയെ നേരിടുകയാണ്. പഞ്ചായത്തിലെ എല്ലാ പ്രദേശങ്ങളിലും മഹാളി എന്ന രോഗം പടർന്നുപിടിച്ചിട്ടുണ്ട് ഈ കൃഷിയുടെ പ്രധാന്യം മനസ്സിലാക്കി പുനരുദ്ധാരണ നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്,

**റബ്ബർ**

കൊന്നത്തടി പഞ്ചായത്തിലെ കമ്പിളികണ്ടം, പാറത്തോട്, മുനിയറ കൊമ്പൊടിഞ്ഞാൽ, പണിക്കൻകുടി എന്നീ പ്രദേശങ്ങൾ ഒഴികെ പഞ്ചായത്തിൽ റബ്ബർ കൃഷി വ്യാപകമാണ്. റബ്ബറുല്പാദനത്തിൽ ഏററവും മുമ്പിൽ നിൽക്കുന്നത് മങ്കുവയാണ്. മങ്കുവയിലും, കൊന്നത്തടിയിലും റബ്ബർ ഉല്പാദക സഹകരണ സംഘങ്ങളുടെ പ്രവർത്തനം നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്.

**പ്രശ്നങ്ങൾ**

പൊടിക്കുമിൾ രോഗമാണ് ഈ കൃഷിയെ ബാധിക്കുന്ന ഏററവും വലിയ രോഗം.

പട്ടമരപ്പും, ചീക്കുരോഗവും കണ്ടുവരുന്നുണ്ട് ശാസ്ത്രീയമായ റബ്ബർ കൃഷിയെക്കുറിച്ചുള്ള ബോധവൽക്കരണം അപര്യാപ്തമാണ്.

ഉല്പാദനക്ഷമതക്കുറവ്, വിപണനസൗകര്യമില്ലായ്മ വേണ്ടനിലയിൽ സാമ്പത്തിക സഹായം ലഭ്യമല്ല. വിദഗ്ധ തൊഴിലാളികളുടെ അഭാവം.

**പരിഹാരങ്ങൾ**

1. രോഗപ്രതിരോധ നടപടികൾ സ്വീകരിയ്ക്കുവാനുള്ള ബോധവൽക്കരണം നടത്തുക.

2. വിപണന സാദ്ധ്യതകൾ വർദ്ധിപ്പിക്കുവാൻ സഹകരണ മേഖലയിൽ റബ്ബർ സംഭരണം ആരംഭിക്കുക.

3. റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ ആരംഭിക്കുക.

4. ആൾ ജാമ്യത്തിൽ കൂടുതൽ വായ്പകൾ നല്കുക.

5. ടാപ്പിംഗ്, പാൽസംഭരണം എന്നിവയ്ക്ക് പരിശീലനം നൽകുക.

6. അത്യുല്പാദന നടീൽ വസ്തുക്കൾ ലഭ്യമാക്കുക.

**നെല്ല്**

പഞ്ചായത്തിൽ 300 ഏക്കറോളം നെൽകൃഷിയുണ്ട്. കൂലിച്ചിലവ്, വളം കീടനാശിനി എന്നിവയ്ക്ക് ഉണ്ടാകുന്ന വർദ്ധനവ് നെൽകൃഷിക്കാരെ കൃഷിയിൽ പിന്തിരിപ്പിക്കുവാൻ കാരണമാകുന്നു. ഉല്പാദന ക്ഷമതയും കുറവാണ്. പരമ്പരാഗത കൃഷി രീതികളാണ് ബഹുഭൂരിപക്ഷം കൃഷിക്കാരും അവലംബിക്കുന്നത്.

ട്രാക്ടർ, ടില്ലർ എന്നിവയുടെ ഉപയോഗം വർദ്ധിച്ചു വരുന്നുണ്ട്.

## പ്രശ്നങ്ങൾ

നെൽപ്പാടങ്ങളിൽ ജലത്തിന്റെ ലഭ്യത കുറഞ്ഞു വരുന്നു.
കീടബാധിത ഉണ്ടാകുന്നു.
തൊഴിലാളികളെ ലഭിക്കാനുള്ള ബുദ്ധിമുട്ട്.
മതിയായ ധനസഹായം ലഭ്യമല്ല.

## പരിഹാരങ്ങൾ

1. പാറത്തോട് പാടശേഖരത്തിൽ ജലസേചന സൗകര്യം വർദ്ധിപ്പിയ്ക്കുന്നതിന് പുല്ലുകണ്ടം ഭാഗത്ത് ചെക്ക്ഡാം നിർമ്മിച്ച് കനാലുകളിൽ വഴി വെള്ളമെത്തിക്കാം.
2. കൊന്നത്തടി പാടശേഖരത്തും, മുക്കുടം, പാടശേഖരത്തും ഈ രീതി അവലംബിക്കാവുന്നതാണ്
3. പാടശേഖര സമിതികൾ രൂപീകരിച്ച് കൂട്ടായ കീടനിയന്ത്രണ പദ്ധതികൾക്ക് രൂപം നൽകുക.
4. ജൈവവളത്തിന്റേയും, ജൈവ കീടനിയന്ത്രണത്തിന്റേയും ഉപയോഗം വർദ്ധിപ്പിക്കാം.
5. ആധുനിക യന്ത്രസാമഗ്രഹികൾ ലഭ്യമാക്കുക.
6. മതിയായ ധനസഹായം ലഭ്യമാക്കുക.

## കാപ്പി

പഞ്ചായത്തിലെ ഉയർന്ന പ്രദേശങ്ങൾ കാപ്പികൃഷിക്ക് അനുയോജ്യമാണ്, ഭൂരിഭാഗംകർഷകരും ഇടവിളയായാണ് കാപ്പി കൃഷിചെയ്യുന്നത് ഉത്പാദന ക്ഷമത മെച്ചപ്പെട്ടതാണ്. ജലസേചനസൗകര്യം വർദ്ധിപ്പിക്കുകയും, സ്ഥിരമായ വിലലഭ്യമാക്കുകയും ചെയ്താൽ കാപ്പി കൃഷി ആദായകരമാക്കാൻ സാധിക്കും.

## തേയില

പഞ്ചായത്തിന്റെ ഉയർന്ന പ്രദേശങ്ങളും, തരിശായി കിടക്കുന്ന ഭൂമിയും തേയില കൃഷിക്ക് അനുയോജ്യമാണ്. 74 ഏക്കർ സ്ഥലത്ത് ഇപ്പോൾ തേയില കൃഷിയുണ്ട്. പരിക്ഷണാടിസ്ഥാനത്തിൽ ചെയ്തിട്ടുള്ള ഈ കൃഷി വളരെ വിജയമാണ്.

വേണ്ടത്ര സാമ്പത്തിക സഹായവും, സാങ്കേതികപരിജ്ഞാനവും നല്കിയാൽകൂടുതൽ ആളുകളെ ഈ കൃഷിയിലേക്ക് കൊണ്ടുവരുവാൻ കഴിയും. ഇതുവഴി തരിശുഭൂമിയുടെ ഫലപ്രദമായ ഉപയോഗവും സാദ്ധ്യമാകും.

## കൊക്കോ

പഞ്ചായത്തിലെ ജനങ്ങളുടെ സാമ്പത്തിക നിലയിൽ കാര്യമായ സ്വാധീനം ചെലുത്തുവാൻ കഴിയുന്ന ഒരു വിളയാണ് കൊക്കോ. ബഹുഭൂരിപക്ഷം കൃഷിക്കാരും ഇടവിളയായാണ് കൊക്കോ കൃഷിചെയ്യുന്നത്. തനിവിളയായും കൊക്കോ കൃഷിചെയ്യുന്നുണ്ട്. കുമിൾ രോഗവും, എലി, അണ്ണാൻ മുതലായവയുടെ ഉപദ്രവവും ഫലപ്രദമായി തടയാൻ കഴിഞ്ഞാൽ ഉല്പാദനം കൂട്ടാൻ കഴിയും മെച്ചപ്പെട്ട വിലയും, സാമ്പത്തിക സഹായവും നല്കിയാൽ ഈ കൃഷി നല്ല രീതിയിൽ മുമ്പോട്ട് കൊണ്ടു പോകുവാൻ കഴിയും.

## തന്നാണ്ടുവിളകൾ

വാഴ–ഇഞ്ചി–ചേന–മരച്ചീനി തുടങ്ങിയ തന്നാണ്ട് വിളകൾ എല്ലാ മേഖലകളിലും കൃഷി ചെയ്യുന്നു. നേന്ത്രവാഴ കൃഷി വ്യാപകമായി കൃഷിചെയ്യുന്ന പ്രവണത എല്ലാ മേഖലകളിലും കണ്ടുവരുന്നു.

## പച്ചക്കറി

പഞ്ചായത്തിന്റെ എല്ലാ മേഖലകളിലും പാവൽ, പയർ എന്നിവ വ്യാപാരടിസ്ഥാനത്തിൽ കൃഷിചെയ്യുന്നു, എങ്കിലും പച്ചക്കറിയുടെ കാര്യത്തിൽ പഞ്ചായത്ത് സ്വയം പര്യാപ്തമല്ല. എല്ലാവിധ പച്ചക്കറികളും നല്ല രീതിയിൽ കൃഷിചെയ്യുവാൻ കഴിയുന്ന ഈ പഞ്ചായത്തിൽ ഒരു ഊർജ്ജിത പച്ചക്കറി വികസന പദ്ധതി നടപ്പാക്കിയാൽ വിജയകരമായിരിക്കും.

## പച്ചമരുന്ന്

പഞ്ചായത്തിലെ കാലാവസ്ഥയ്ക്ക് അനുയോജ്യമായ പച്ചമരുന്ന് ചെടികൾ കൃഷി ചെയ്യുവാൻ സമഗ്രമായ ഒരു പദ്ധതിക്ക് രൂപം നൽകേണ്ടതാണ്. വേണ്ടത്ര പ്രോത്സാഹനവും, ബോധവത്ക്കരണവും ഈ മേഖലയിലേക്ക് കൂടുതൽ ആകർഷിക്കാൻ കഴിയും.

## പൊതുവായ ചില നിർദ്ദേശങ്ങൾ

കൊന്നത്തടി പഞ്ചായത്തിലെ കൃഷികൾ അഭിവൃദ്ധി പ്രാപിക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ.

1. മണ്ണ് പരിശോധന നടത്തി വേണ്ട രീതിയിൽ വളപ്രയോഗം അനുയോജ്യമായ കൃഷികൾ ചെയ്യുവാനും വേണ്ട നടപടികൾ സ്വീകരിക്കുക.
2. മണ്ണൊലിപ്പ് തടയുന്നതിന് കൊന്നത്തടി പഞ്ചായത്തിനെ പൂർണ്ണമായും വാട്ടർഷെഡ് പദ്ധതിയിൽപ്പെടുത്തി കല്ല് കയ്യാലകൾ വയ്ക്കുക.
3. മഴയെമാത്രം ആശ്രയിച്ച് കൃഷിചെയ്യുന്ന കൊന്നത്തടി പഞ്ചായത്തിൽ കൃഷി അഭിവൃദ്ധി പ്രാപിക്കണമെങ്കിൽ ജലസേചനം വർദ്ധിപ്പിയ്ക്കേണ്ടതുണ്ട്.
4. അത്യുല്പാദനശേഷിയും, പ്രതിരോധശേഷിയുമുള്ള നടീൽ വസ്തുക്കൾ ലഭ്യമാക്കുവാൻ നേഴ്സറികൾ ആരംഭിക്കുക.
5. കാർഷിക ഉല്പന്നങ്ങളെ അധിഷ്ഠിതമാക്കിയുള്ള വ്യവസായങ്ങൾ ആരംഭിക്കുക.
6. കാർഷികരംഗത്തെ നൂതന സാങ്കേതിക വിദ്യകളെക്കുറിച്ചും, നൂതന കൃഷിസംരംഭങ്ങളെക്കുറിച്ചും ബോധവത്ക്കരണം നടത്തുക.
7. കാർഷികരംഗത്തെ കൂട്ടായ്മ വർദ്ധിപ്പിക്കുവാൻ കാർഷിക മേളകളും, ശില്പശാലകളും സെമിനാറുകളും സംഘടിപ്പിക്കുക. പ്രഗത്ഭരായ കൃഷിക്കാരെ ആദരിയ്ക്കുവാനുള്ള സ്ഥിരം സംവിധാനമേർപ്പെടുത്തുക.
8. പുത്തൻ തലമുറയെ കാർഷിക രംഗത്തേക്ക്കൊണ്ടുവരുവാൻ വേണ്ട പ്രോത്സാഹനവും, ബോധവൽക്കരണവും നടത്തുക
9. വിപണന സൗകര്യം വർദ്ധിപ്പിക്കുവാൻ ആഴ്ചതോറും സംഭരണ ശാലകളും, ആഴ്ച ചന്തകളും ആരംഭിക്കുക.
10. കൃഷിഭവൻേറയും, അനുബന്ധിത സംഘങ്ങളുടേയും പ്രവർത്തനങ്ങൾ കുററമററതാക്കുക, വേണ്ടത്ര ധനസഹായവും ഇപ്പോൾ ലഭ്യമായി കൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ അർഹരായവർക്ക് യഥാസമയം നൽകുക.

★ ★

# 4-2

## ജലസേചനം

പഞ്ചായത്തിലെ ജലസേചന സൗകര്യമുള്ള ഭൂമികൾ നാമമാത്രമാണ്. മഴയെ മാത്രം ആശ്രയിച്ച് കൃഷിചെയ്യുന്ന ഈ പഞ്ചായത്ത് കൂടുതൽ ജലസേചന സൗകര്യം ലഭ്യമാക്കിയാൽ ഉദ്പാദനശേഷി ഇരട്ടി കണ്ട് വർദ്ധിപ്പിക്കാൻ കഴിയും. ജലധാര പദ്ധതിയിലും E. A. S. പദ്ധതിയിൽപ്പെടുത്തിയും പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും കുളങ്ങൾ നിർമ്മിച്ചിട്ടുണ്ട് എങ്കിലും ജലസേചനത്തിന് ഇവ അപര്യാപ്തമാണ് പുല്ലുകണ്ടം, ചതുരക്കള്ളിപ്പാറ, കൊന്നത്തടി എന്നീ സ്ഥലങ്ങളിൽ ചെക്ക്ഡാം നിർമ്മിച്ച് കനാലുകൾ വഴി ജലസേചനം നടത്താവുന്നതാണ്. ചിന്നാർപുഴയിൽ പെരിഞ്ചാംകുട്ടി-ചിന്നാർ എന്നിവിടങ്ങളിൽ തടയണകൾ കെട്ടി മോട്ടറുകൾ ഉപയോഗിച്ച് ഉയർന്ന പ്രദേശങ്ങളിൽ വെള്ളമെത്തിച്ചാൽ പഞ്ചായത്തിലെ പകുതിയോളം ഭാഗത്ത് ജലസേചനം നടത്തുവാൻ സാധിക്കും. കല്ലാർകുട്ടി–പൊൻമുടി ഡാമുകളിൽ നിന്ന് വെള്ളം പമ്പുചെയ്ത് ഉയർന്ന പ്രദേശങ്ങളിൽകൂടി എത്തിക്കാൻ കഴിഞ്ഞാൽ പഞ്ചായത്തിലെ ബഹു ഭൂരിപക്ഷം സ്ഥലങ്ങളിലും ജലസേചന സൗകര്യം ലഭ്യമാക്കുവാൻ സാധിക്കും. ഡാമുകളിൽനിന്ന് വെള്ളമെടുക്കുവാനുള്ള നിയമഭേദഗതികൾ സർക്കാരിന്റെ ഭാഗത്ത് നിന്ന് ഉണ്ടാകേണ്ടതാണ്.



# 5

# മൃഗസംരക്ഷണം

| ക്രമനമ്പർ | രോഗങ്ങൾ | പശു | എരുമ | ആട് | പന്നി | കോഴി |
|---|---|---|---|---|---|---|
| 1. | ദഹന സംബന്ധമായവ | 816 | 6 | 2 | 1 | |
| 2. | ശ്വാസകോശ സംബന്ധം | 36 | | | | |
| 3. | ഉപാപചയ സംബന്ധം | 14 | 3 | 1 | | |
| 4. | ത്വക്ക് രോഗങ്ങൾ | 216 | 33 | 8 | 18 | |
| 5. | ധാതുലവണങ്ങളുടെ അഭാവം | 185 | 12 | | | |
| 6. | പരാദ രോഗങ്ങൾ | 15 | | | | |
| 7. | പ്രത്യുത്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ | 26 | 8 | | | |
| 8. | വന്ധ്യത | 39 | 3 | | | |
| 9. | അകിടുവീക്കം | 265 | 16 | | | |
| 10. | മുടന്തൻപനി | | | | | |

കൊന്നത്തടി പഞ്ചായത്തിൽ പശു, ആട്, എരുമ എന്നിവയാണ് കൂടുതലായും വളർത്തുന്നത് കർഷകരുടെ പ്രധാനപ്പെട്ട ഒരു വരുമാന മാർഗ്ഗമാണ് മൃഗസംരക്ഷണം. പന്നി, മുയൽ, കോഴി, താറാവ് എന്നിവയേയും വളർത്തുന്നുണ്ട്. സങ്കരയിനം പശുക്കളാണ് കൂടുതൽ. ശരാശരി 8. ലിററർ അണ് പാലുത്പാദനശേഷി. പഞ്ചായത്തിൽ 10 ആപ്കോസ് സംഘങ്ങളും, 3 ഇതര സംഘങ്ങളും പാൽസംഭരണം നടത്തുന്നുണ്ട്. ഇവയിൽ എല്ലാമായി 6000/– ലിററർ പാൽ പ്രതിദിനം സംഭരിക്കപ്പെടുന്നു. വീട്ടാവശ്യത്തിന് എടുക്കുന്നതും ചായക്കടകളിൽ വിൽക്കുന്നതുമായ പാലിൻെറ അളവ് കണക്കാക്കിയാൽ 10,000 ലിററർ പാൽ പഞ്ചായത്തിൽ ഉത്പാദിപ്പിക്കുന്നുണ്ട്. പാലിന് മതിയായ വിലയും, ആവശ്യമായ സാമ്പത്തിക സഹായവും അത്യുത്പാദന ശേഷിയുള്ള കന്നുകാലികളേയും ലഭ്യമാക്കിയാൽ ഈ മേഖലയിൽ നിന്നും ലഭിക്കുന്ന വരുമാനം വർദ്ധിപ്പിക്കുവാൻ കഴിയും.

ആടുകളെ മാംസത്തിന് വേണ്ടിയാണ് പ്രധാനമായും വളർത്തുന്നത് ഉത്പാദന ശേഷി കുറഞ്ഞ നാടൻ ഇനങ്ങളാണ് അധികം. അത്യുത്പാദനശേഷിയുള്ള ആടുകളെ ലഭ്യമാക്കുകയും, ശാസ്ത്രീയമായ പരിചരണരീതികൾ പരിശീലിപ്പിക്കുകയും ചെയ്താൽ ആടുവളർത്തൽ ഈ പഞ്ചായത്തിൽ വ്യാപിപ്പിക്കുവാൻ സാധിക്കും.

ശാസ്ത്രീയമായ കോഴി വളർത്തൽ ഇല്ല. വീടുകളിൽ ചെറിയ തോതിൽ കോഴികളെ വളർത്തുന്നു. നല്ലയിനം കോഴികളെ ലഭ്യമല്ല ഇറച്ചി കോഴി വളർത്തലിനും, മുട്ടക്കോഴി വളർത്തലിനും പഞ്ചായത്തിൽ വളരെയേറെ സാദ്ധ്യതയുണ്ട്. വികസനവും, വേണ്ടസാമ്പത്തിക സഹായവും ഉണ്ടെങ്കിൽ ഈ രംഗത്തേക്ക് യുവജനങ്ങളെ ആകർഷിക്കുവാൻ സാധിക്കും.

ബഹു ഭൂരിപക്ഷം വീടുകളിൽ ഒന്നോ രണ്ടോ പന്നികളെ വീതം വളർത്തുന്നുണ്ട്. പന്നിവളർത്തലും, വ്യവസായ അടിസ്ഥാനത്തിൽ പന്നിയെ വളർത്താനുള്ള സാദ്ധ്യതകളുണ്ട് ഈ പഞ്ചായത്തിന്. പഞ്ചായത്തിലെ മങ്കുവ, കുരിശുകുത്തി എന്നീ പ്രദേശങ്ങളിൽ വൻതോതിൽ മുയലിനെ വളർത്തുന്നുണ്ട്. മുയലിറച്ചിയുടെ വിപണന സാദ്ധ്യതകൾ ഉള്ളതുകൊണ്ട് പഞ്ചായത്തിൽ വ്യാപകമായി മുയൽ വളർത്തുവാനുള്ള സാദ്ധ്യതകൾ ഉണ്ട്.

പഞ്ചായത്തിൽ ഒരു മൃഗാശുപത്രിയും, 4 സബ്സെൻററുകളും പ്രവർത്തിക്കുന്നുണ്ട്. മൃഗാശുപത്രിയിൽ ഡോക്ടറുടെ സേവനം

ലഭ്യമല്ല 4 സബ് സെൻററുകളിലായി 2 ജീവനക്കാർ മാത്രമേ ഉള്ളൂ. പഞ്ചായത്തിൻെറ വിസ്ത്രിതി കണക്കിലെടുത്ത് കൊന്നത്തടി–മുനിയറ എന്നിവിടങ്ങളിൽ ഓരോ മൃഗാശുപത്രികളും, എല്ലാ വാർഡുകളിലും ഓരോ സബ് സെൻററുകളും സ്ഥാപിക്കേണ്ടതാണ്.

## പ്രശ്നങ്ങൾ

അത്യുത്പാദനശേഷിയുള്ള കന്നുകാലികൾ കുറവാണ്. രോഗപ്രതിരോധ ചികിത്സകൾ ഫലപ്രദമായി ലഭിക്കുന്നില്ല. നല്ല കാലിത്തൊഴുത്തുകൾ ഇല്ല കാലിത്തീററയുടെയും മററും വില വർദ്ധനവ് മരുന്നിൻെറ അമിത വില പാലിന് മതിയായ വില ലഭിക്കുന്നില്ല. ചികിത്സാ സൗകര്യത്തിൻെറ അപര്യാപ്തത.

## പരിഹാരങ്ങൾ (സാദ്ധ്യതകൾ)

1. അത്യുത്പാദന ശേഷിയുള്ള കന്നുകാലികളെ ലഭ്യമാക്കുക.
2. രോഗപ്രതിരോധ നടപടികൾ സ്വീകരിക്കുക.
3. ചികിത്സാ സൗകര്യം മെച്ചപ്പെടുത്തുക.
4. ബീജസങ്കലന കേന്ദ്രങ്ങളിൽ അത്യുത്പാദനശേഷി ഉള്ളവയുടെ ബീജം ലഭ്യമാക്കുക.
5. കാലിത്തൊഴുത്തുകൾ നിർമ്മിക്കുവാനും, കന്നുകാലികളെ വാങ്ങുവാനും സാമ്പത്തിക സഹായം നൽകുക,
6. കാലിത്തീററയുടെ വിലകുറയ്ക്കുക,
7. പാലുത്പന്നങ്ങൾ നിർമ്മിക്കുന്ന വ്യവസായ ശാലകൾ ആരംഭിക്കുക.
8. നല്ലയിനം മുട്ടക്കോഴികൾ, ഇറച്ചിക്കോഴികൾ പന്നി, മുയൽ എന്നിവയെ ലഭ്യമാക്കുക.
9. ശാസ്ത്രീയമായ മൃഗസംരക്ഷണത്തിനാവശ്യമായ ബോധവൽക്കരണം നടത്തുക.
10. തീററപ്പുൽകൃഷി വ്യാപകമാക്കുക.
11. ഹെ–സൈലേജ് എന്നിവയുടെ നിർമ്മാണത്തിന് ആവശ്യമായ പരിശീലനം നടത്തുക.
12. വിവിധ ഡിപ്പാർട്ടുമെൻറുകൾ നൽകുന്ന സഹായങ്ങളെ കുറിച്ച് കർഷകർക്ക് യഥാസമയം അറിവ് നൽകുക.

# 6-1

## ഗതാഗതം

വിസ്തൃതമായ കൊന്നത്തടി പഞ്ചായത്തിൽ 17.5 കി. മി. ടാർ റോഡ് മാത്രമാണ് ഉള്ളത്. P. W. D. റോഡുകൾ വിമലാസിററി–പൊൻമുടി, കല്ലാർകുട്ടി–ചിന്നാർ, വിമലാസിററി–കൊന്നത്തടി, കമ്പിളികണ്ടം–മുനിയറ, 30 മൺറോഡുകളുമാണ് പഞ്ചായത്തിൽ ഉള്ളത്. നിലവിലുള്ള എല്ലാ റോഡുകളും പൊതുജന പങ്കാളിത്വത്തോടും, വിവിധ സ്കീമുകളിൽപ്പെടുത്തിയും നിർമ്മിച്ചിട്ടുള്ളവയാണ് ബസ്സ് സർവ്വീസുകൾ ഉള്ള റോഡുകൾ വിമലാസിററി പൊൻമുടി, കല്ലാർകുട്ടി–ചിന്നാർ, കമ്പിളികണ്ടം–മുനിയറ, എന്നിവയാണ്. ബാക്കി റോഡുകളിൽ ജീപ്പ് സർവ്വീസിനെയാണ് ഗതാഗതത്തിന് ജനങ്ങൾ ആശ്രയിക്കുന്നത്.

പഞ്ചായത്തിന്റെ പൊതുവായ വികസനത്തിന് ആവശ്യമായ ചില നിർദ്ദേശങ്ങൾ.

1. കല്ലാർകുട്ടി–മൈലാടുംപാറ റോഡിന്റെ കമ്പിളികണ്ടം മുതൽ മൈലാടുംപാറ വരെയുള്ള റോഡിന്റെ പണികൾ പൂർത്തിയാക്കുക.
2. ഞണ്ടാംമൈൽ – കൊന്നത്തടി – മരക്കാനം– പൊൻമുടി റോഡ് പണിയേണ്ടതാണ്.
3. പണിക്കൻകുടി–പെരിഞ്ചാംകുട്ടി–നെടുംകണ്ടം റോഡും.
4. കമ്പിളികണ്ടം–പനംകുട്ടി റോഡും.
5. മുനിയറ–മരക്കാനം (നോർത്ത് കൊമ്പൊടിഞ്ഞാൽ വഴി) റോഡും.
6. കൊന്നത്തടി പഞ്ചായത്തിനെ ബാഹ്യലോകവുമായി ബന്ധിപ്പിക്കുന്ന കല്ലാർകുട്ടി ഡാമിന് സമാന്തരമായ് പാലം പണിയേണ്ടതാണ്.
7. ചിന്നാർ, പനംകൂട്ടി ചപ്പാത്തിന് പകരമായി പാലങ്ങൾ നിർമ്മിക്കേണ്ടതാണ്.
8. എല്ലാ വാർഡുകളിലും റോഡുകൾ നിർമ്മിക്കുകയും, നിലവിലുളളവ ഗതാഗതയോഗ്യമാക്കുകയും ചെയ്യുക.
9. ഓടകളും കലുങ്കുകളും നിർമ്മിക്കുകയും ആവശ്യമായ സ്ഥലങ്ങളിൽ സംരക്ഷണ ഭിത്തി നിർമ്മിക്കുകയും ചെയ്യുക.
10. കമ്പിളികണ്ടം ഷോപ്പിംഗ് കോംപ്ലക്സിനോട് അനുബന്ധിച്ച് ബസ്സ്സ്റ്റാൻഡും, കംഫർട്ട് സ്റ്റേഷനും പണിയുക
11. എല്ലാ പ്രധാന സ്ഥലങ്ങളിലും വെയിറ്റിംഗ് ഷെഡുകളും, അവയോട് അനുബന്ധിച്ച് കംഫർട്ട് സ്റ്റേഷനുകളും പണിയുക.

റോഡുകളുടെ സംരക്ഷണത്തിനായി പഞ്ചായത്ത് തലത്തിൽ സമിതി രൂപീകരിക്കുക.

### റോഡുകൾ വാർഡുകൾ തിരിച്ച്

**1-ാം വാർഡ്**

പക്കാലപ്പടി–കല്ലാർകുട്ടി

അഞ്ചാംമൈൽ–സ്വപ്നാസിററി–കല്ലാർകുട്ടി കല്ലാർകുട്ടി–പൈപ്പുലൈൻ എന്നിവ അടിയന്തര പ്രാധാന്യത്തോടെ ഗതാഗതയോഗ്യമാക്കേണ്ടതാണ്.

**2-ാം വാർഡ്**

കാക്കാസിററി–പുരയിടംകവല–ഡാംടോപ്പ്

ലക്ഷ്മി വിലാസം ,,

**3-ാം വാർഡ്**

അഞ്ചാംമൈൽ– കൊന്നത്തടി–മരക്കാനം– പൊൻമുടി റോഡ്
കൊന്നത്തടി– മാങ്ങാപ്പാറ–കൊമ്പൊടിഞ്ഞാൽ
നിരപ്പേൽപ്പടി–പള്ളിസിററി– തൊമ്മൻസിററി–അനിയൻകട റോഡ്
കാക്കാസിററി–ഹൈസ്കൂൾപടി
മരക്കാനം–കൊമ്പൊടിഞ്ഞാൽ
മാങ്ങാപ്പാറ–കൊമ്പൊടിഞ്ഞാൽ–പണിക്കൻകുടി

**4-ാം വാർഡ്**

മുനിയറ–ഇല്ലിസിററി
മുനിയറ–മരക്കാനം (N കൊമ്പൊടിഞ്ഞാൽ)
മുനിയറ–തിങ്കൾക്കാട്
മുനിയറ–ചുരുളി–മന്നാക്കുടി
മുനിയറ–മുള്ളരിക്കുടി
മുനിയറ–കൊമ്പൊടിഞ്ഞാൽ

**5-ാം വാർഡ്**

മുള്ളരിക്കുടി–പെരിഞ്ചാംകുട്ടി റോഡ്
മുള്ളരിക്കുടി–കൈലാസം റോഡ്
പെരിഞ്ചാംകുട്ടി–അടുക്കനെട്ടി–കൈലാസം

**6-ാം വാർഡ്**

പണിക്കൻകുടി–കുരിശിങ്കൽ–പെരിഞ്ചാംകുട്ടി
പറുസിററി–മുള്ളരിക്കുടി
പണിക്കൻകുടി–N കൊമ്പൊടിഞ്ഞാൽ
പള്ളിപ്പടി–മുള്ളരിക്കുടി
പണിക്കൻകുടി–മുനിയറ
പള്ളിപ്പടി–കൊമ്പൊടിഞ്ഞാൽ (പുതുതായി നിർമ്മിയ്ക്കേണ്ടതാണ്.)
മൈപ്പാൻപടി–പെരിഞ്ചാംകുട്ടി

**7-ാം വാർഡ്**

പാറത്തോട്–പൂതാളി
പാറത്തോട്–ഇരുമലക്കപ്പ് വഴി ചിന്നാർ
ഇരുമലക്കപ്പ്–പണിക്കൻകുടി
പാറത്തോട്–പണിക്കൻകുടി (പാടം വഴി)

**8-ാം വാർഡ്**

തെള്ളിത്തോട്–ഇരുമലക്കപ്പ്
കമ്പിളികണ്ടം–പാറത്തോട് (പാടം വഴി)
" " (P. W. D. റോഡ്)
കമ്പിളികണ്ടം—കണ്ണാടിപ്പാറ
ചിന്നാർ—പുളിയ്ക്കപ്പടി
ചിന്നാർ—പെരിഞ്ചാംകുട്ടി പ്ലാന്റേഷൻ റോഡ്
കമ്പിളികണ്ടം—കുരുവിളസിററി (S/C കോളനി വഴി)

**9-ാം വാർഡ്**

കൊന്നത്തടി—മാങ്ങാപ്പാറ S T കോളനി റോഡ്
കൊന്നത്തടി—കണ്ണാടിപ്പാറ
കൊന്നത്തടി—ശ്മശാനം
കണ്ണാടിപ്പാറ—പൂതാളി
കണ്ണാടിപ്പാറ—മുക്കുടം (അമ്പലക്കുന്ന് വഴി)

**10-ാം വാർഡ്**

ഇഞ്ചപ്പതാൽ—പനംകുട്ടി
മുക്കുടം—നെടിയാനിതണ്ട്
പള്ളിപ്പടി—S C കോളനി
കമ്പിളികണ്ടം—നെടിയാനിതണ്ട്

**11-ാം വാർഡ്**

കമ്പിളികണ്ടം—പനംകുട്ടി റോഡ്
" കുരുശുകുത്തി—ഇഞ്ചത്തൊട്ടി—പനംകുട്ടി
തെള്ളിത്തോട്—മുല്ലക്കുന്നേൽപ്പടി
പനംകുട്ടി—ചാലിപ്പടി—കുരുശുകുത്തി
പനംകുട്ടി—പള്ളിപ്പറമ്പിൽ–നെടിയാനിതണ്ട്
പനംകുട്ടി—നെടിയാനിതണ്ട് (കൈത്തറി വഴി)

**12-ാം വാർഡ്**

ചിന്നാർ—പനംകുട്ടി റോഡ്
മങ്കുവ—മാങ്കുത്ത് റോഡ്
മങ്കുവ —കല്ലേപ്പാലം റോഡ്
ഇഞ്ചത്തൊട്ടി—നെയ്ക്കുഴിപ്പടി റോഡ്
മാപ്പലകപ്പടി—മാങ്കുത്ത് റോഡ്
ചിന്നാർ പുഴയ്ക്കുകുറുകെ ആറടിക്കെട്ടിലും, മാങ്കുത്തിലും പാലങ്ങൾ പണിയുക.

ഈ റോഡുകൾക്ക് മുൻഗണന നല്കി സമയ ബന്ധിതമായി പൂർത്തിയാക്കേണ്ടതാണ്.

★

# 6-2

## ഊർജ്ജം

പകുതിയിലധികം വീടുകളും വൈദ്യുതീകരിയ്ക്കപ്പെട്ടിട്ടുള്ളവയാണ്. തിങ്കൾകാട്—പെരിഞ്ഞാംകുട്ടി—ചാക്കോസിറ്റി— കോലാഹലമേട്—കൊമ്പൊടിഞ്ഞാൽ എന്നീ പ്രദേശങ്ങളിൽ വൈദ്യുതി എത്തിയിട്ടില്ല. 25 ഓളം വൈദ്യുതി വിളക്കുകൾ (തെരുവ് വിളക്കുകൾ) പ്രകാശിപ്പിക്കുന്നു. S കൊമ്പൊടിഞ്ഞാൽ, കുരുശുകുത്തി, കൊന്നത്തടി, മുതിരപ്പുഴ എന്നിവിടങ്ങളിൽ വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നു.

വീട്ടാവശ്യത്തിന് വിറകാണ് പ്രധാനമായി ഉപയോഗിക്കുന്നത്. തെങ്ങുകൃഷി ഉള്ളതിനാൽ വിറക് ക്ഷാമം അനുഭവപ്പെടുന്നില്ല. ബയോഗ്യാസ് പ്ലാൻറുകൾ അപൂർവ്വമായി ഉപയോഗിക്കുന്നു. പുകയില്ലാത്ത അടുപ്പുകൾ ഉപയോഗിക്കുവാൻ ആളുകൾ താല്പര്യം കാണിക്കുന്നു. വെളിച്ചത്തിന് വൈദ്യുതി ഇല്ലാത്തിടങ്ങളിൽ മണ്ണെണ്ണയെയാണ് ആശ്രയിക്കുന്നത്. പാചകഗ്യാസിൻെറ ഉപയോഗം പരിമിതമാണ്.

### പരിഹാരങ്ങൾ

1. വൈദ്യുതി ഇല്ലാത്തിടങ്ങളിൽ വൈദ്യുതി എത്തിക്കുക.
2. വോൾട്ടേജ് ക്ഷാമമുള്ള പ്രദേശങ്ങളിൽ പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച് വോൾട്ടേജ് ക്ഷാമം പരിഹരിക്കുക.
3. വഴിവിളക്കുകൾ ഇല്ലാത്തിടങ്ങളിൽ വഴിവിളക്കുകൾ സ്ഥാപിക്കുക.
4. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന പവ്വർ ഹൗസിൽ ഉത്പാദിപ്പിക്കുന്ന വൈദ്യുതി പഞ്ചായത്തിൽ വിതരണം ചെയ്യുക. ഇതുവഴി പ്രസരണ ചിലവ് ഒഴിവാക്കാൻ സാധിക്കും.
5. വൈദ്യുതി വിതരണം കാര്യക്ഷമമാക്കുവാൻ പഞ്ചായത്തിൽ സബ്സ്റ്റേഷൻ സ്ഥാപിക്കുക.
6. ബയോഗ്യാസ് പ്ലാൻറ് നിർമ്മിക്കുന്നതിനുള്ള സാമ്പത്തിക സാങ്കേതിക സഹായങ്ങൾ നല്കുകയും, ബോധവത്ക്കരണം നടത്തുക.
7. പുകയില്ലാത്തതും, ക്ഷമതകൂടിയതുമായ അടുപ്പുകൾ വ്യാപകമായി പ്രചരിപ്പിക്കുക.

# 7

# വ്യവസായം

പഞ്ചായത്തിൽ കാർഷിക ഉത്പ്പന്നങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള ചെറുകിട വ്യവസായങ്ങൾക്കാണ് സാധ്യതയുള്ളത്, കൊപ്ര സംസ്ക്കരണ യൂണിററുകൾ പഞ്ചായത്തിൻെറ പലഭാഗത്തുമുണ്ട് കമ്പിളികണ്ടത്ത് ഒരു 'റബ്ബർ ബാൻറ്' നിർമ്മാണയൂണിററും, കൊന്നത്തടിയിൽ ഒരു റെഡിമെയ്ഡ് നിർമ്മാണ യൂണിററും മുക്കുടത്തെ ക്ഷീരോല്പന്ന യൂണിററുമാണ് പഞ്ചായത്തിലെ ആകെയുള്ള വ്യവസായങ്ങൾ.

## സാദ്ധ്യതകൾ

കുരുമുളക്, കൊക്കൊ സംസ്ക്കരണ യൂണിററുകൾക്ക് പഞ്ചായത്തിൽ സാദ്ധ്യതകൾ ഏറെയാണ്.

അച്ചാർ, ക്ഷീരോത്പ്പന്നങ്ങൾ, റെഡിമെയ്ഡ് തുടങ്ങിയ വ്യവസായങ്ങൾ തുടങ്ങാൻ കഴിയും. കയർ ഉല്പ്പന്നങ്ങൾ, റബ്ബർ അധിഷ്ഠിതവ്യവസായങ്ങൾ തുടങ്ങിയവയ്ക്ക് പഞ്ചായത്തിൽ വൻസാദ്ധ്യതകൾ ഉണ്ട്,

വ്യവസായങ്ങൾക്കാവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ ഇല്ലാത്തതാണ് ഏററവും വലിയ പ്രശ്നം. വ്യവസായവകുപ്പിൻെറ നേതൃത്വത്തിൽ ഫലപ്രദമായി ബോധവത്ക്കരണം നടക്കുന്നില്ല. ഒരു മിനി ഇൻഡസ്ട്രിയൽ എസ്റേററ് സ്ഥാപിക്കുകയാണെങ്കിൽ ഈ രംഗത്ത് വലിയ മാററങ്ങൾ ഉണ്ടാക്കുവാൻ കഴിയും. വനിതാ സഹകരണസംഘങ്ങൾ രൂപീകരിച്ച് ചെറുകിട വ്യവസായങ്ങൾ ആരംഭിക്കാവുന്നതാണ്, ലൈസൻസ് ലഭിക്കുവാനുള്ള നടപടികൾ ലഘൂകരിക്കണം.

ആവശ്യമായ ധനസഹായവും പരിശീലനവും നൽകിയാൻ പഞ്ചായത്തിൽ വ്യപസായങ്ങൾ കൂടുതലായി ആരംഭിക്കുവാനും, അതുവഴി സാമ്പത്തിക രംഗത്ത് ഉയർച്ച ഉണ്ടാക്കുവാനും കഴിയും.

പൊൻമുടിഡാമിനോട് അനുബന്ധിച്ച് ഒരു ടൂറിസ്ററ് കേന്ദ്രം ആരംഭിച്ചാൽ തൊഴിലവസരങ്ങൾ മെച്ചപ്പെടുത്തുവാനും സാമ്പത്തികനില മെച്ചപ്പെടുത്തുവാനും സാധിക്കും.

# 8-1

# കുടിവെള്ളം

പഞ്ചായത്തിന്റെ എല്ലാ പ്രദേശങ്ങളിലും കുടിവെള്ള ക്ഷാമം അതിരൂക്ഷമായി അനുഭവപ്പെടുന്നു. പഞ്ചായത്തിന്റെ ഒരു പൊതുപ്രശ്നമായി ഇതിനെ എടുത്ത് അടിയന്തര പ്രാധാന്യം നല്കി പരിഹാരനടപടികൾ കാണേണ്ടതുണ്ട്. ബഹുഭൂരിപക്ഷം ആളുകളും കുടിനീരിനെയാണ് ആശ്രയിക്കുന്നത്. ഈ പഞ്ചായത്തിൽ 5 പൊതു കിണറുകളും, 6 കുഴൽ കിണറുകളും ഉണ്ട്' മാർച്ച്–ഏപ്രിൽ–മെയ് മാസങ്ങളിലാണ് കുടിവെള്ള ക്ഷാമം രൂക്ഷമാകുന്നത്. ചില വർഷങ്ങളിൽ വാഹനങ്ങളിൽ കുടിവെള്ളം എത്തിക്കേണ്ടിവന്നിട്ടുണ്ട്,

## പൊതുവായ ചില നിർദ്ദേശങ്ങൾ

1. ഇപ്പോൾ പണി നടന്നു കൊണ്ടിരിക്കുന്ന പനംകൂട്ടി, തിങ്കൾക്കാട് എന്നീ ശുദ്ധജല പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുക.

2. കല്ലാർകുട്ടി–പൊൻമുടി എന്നീ ഡാമുകളിൽ നിന്നും, ചിന്നാർ പുഴയിൽ നിന്നും വെള്ളം പമ്പു ചെയ്ത് ഉയർന്ന പ്രദേശങ്ങളിലെത്തിച്ച് വെള്ളം വിതരണം ചെയ്യാവുന്നതാണ്.

### 1.ാം വാർഡ്

ഈവാർഡിന്റെ ചില പ്രദേശങ്ങളിൽകുടിവെള്ള ക്ഷാമം രൂക്ഷമാണ്. ഈ വാർഡിന്റെ കുടിവെള്ളക്ഷാമം പരിഹരിയ്ക്കണം എങ്കിൽ കല്ലാർകുട്ടി ഡാമിൽ നിന്നും വെള്ളം പമ്പ് ചെയ്യേണ്ടതാണ്. ഇതിനുള്ള നിയമനടപടികൾ ഉണ്ടാകേണ്ടതാണ്.

### 2-ാം വാർഡ്

ഈ വാർഡിന്റെ എല്ലാ പ്രദേശങ്ങളിലും രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നുണ്ട്. 32–ാം ഭാഗത്ത് നിർമ്മിച്ചിരിക്കുന്ന കുളത്തിൽ നിന്നും വെള്ളം വിതരണം ചെയ്യുക. വട്ടേക്കാട്ടുപുരയിടം–പന്നിയാർകുട്ടി പഞ്ചായത്ത്കുളം–വിമലാസിററി പ്ലാത്തോട്ടംപുരയിടം എന്നിവിടങ്ങളിൽ കുളം നിർമ്മിച്ച് വെള്ളം വിതരണം ചെയ്യാവുന്നതാണ്.

### 3-ാം വാർഡ്

കോലാഹലമേട്–മരക്കാനം–ചെമ്പ്ളാംകുഴി–മാങ്ങാപ്പാറ എന്നിവിടങ്ങളിൽ കുടിവെള്ള ക്ഷാമം രൂക്ഷമാണ്. കൊന്നത്തടി, കുറുക്കൻപടി ഭാഗത്ത് കുളം നിർമ്മിച്ച് കോലാഹലമേട്ടിൽ വെള്ളം എത്തിച്ച് പൈപ്പ് ലൈൻവഴി ഈ വാർഡിന്റെ എല്ലാ ഭാഗത്തും വെള്ളം എത്തിക്കാവുന്നതാണ്.

### 4-ാം വാർഡ്

ഇല്ലിസിററി - പന്നിയാർ നിരപ്പ്-തിങ്കൾക്കാട്-കൊമ്പൊടിഞ്ഞാൽ സ്ക്കൂൾ സിററി ഭാഗം, കരിമല എന്നീ പ്രദേശങ്ങളിൽ കുടിവെള്ള ക്ഷാമം രൂക്ഷമാണ്.

തിങ്കൾക്കാട് ശുദ്ധ ജലപദ്ധതി പൂർത്തിയാക്കിയാൽ ഈ പ്രദേശങ്ങളിലെ കുടിവെള്ളക്ഷാമം ഒരു പരിതിവരെ പരിഹരിക്കാൻ കഴിയും. ഇല്ലിസിററി–കരിമല–മുനിയറ–കൊമ്പൊടിഞ്ഞാൽ എന്നിവിടങ്ങളിൽ കുളംനിർമ്മിച്ച് മോട്ടർ സ്ഥാപിച്ച് വെള്ളം പമ്പ് ചെയ്താൽ കുടിവെള്ളക്ഷാമം പൂർണ്ണമായും പരിഹരിക്കാൻകഴിയും.

**5-ാം വാർഡ്**

മുള്ളരിക്കുടി—പൂച്ചക്കുഴി—ചാക്കോസിററി—അടുക്കനട്ടി എന്നീ ഭാഗങ്ങളിൽ കുടിവെള്ളക്ഷാമം രൂക്ഷമാണ്. തൂവലാർ പുഴയിൽ ബണ്ട് നിർമ്മിച്ച് വെള്ളം പമ്പ് ചെയ്താൽ ഇവിടങ്ങളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കാവുന്നതാണ്. മുള്ളരിക്കുടി—ചാക്കോസിററി എന്നിവിടങ്ങളിൽ കുളം നിർമ്മിച്ച് വെള്ളം പമ്പ് ചെയ്താൽ ഇവിടുത്തെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ സാധിക്കും.

**6-ാം വാർഡ്**

കാററാടിപാറ—പണിക്കൻകുടി— (S)പണിക്കൻകുടി എന്നീ ഭാഗങ്ങളിലാണ് ഏററവും കൂടുതൽ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നത്.

ചെങ്കാങ്കൽ രാമകൃഷ്ണൻെറ പുരയിടത്തിലും, പുത്തൻപുരയ്ക്കൽ പുരയിടത്തിലും, പടിയ്ക്കപ്പറമ്പേൽ ഔസേപ്പിൻെറ പുരയിടത്തിലും കുളം നിർമ്മിച്ച് വെള്ളം പമ്പ് ചെയ്താൽ ഒരു പരിധിവരെ ഈ ഭാഗത്തെ കുടിവെള്ള ക്ഷാമം പരിഹരിക്കാൻ സാധിക്കും. സ്കൂൾ സിററിയിൽ കുളം കുഴിച്ച് ലക്ഷം വീട് ഭാഗത്ത് വെള്ളം എത്തിച്ച് പണിക്കൻകുടി ടൗണിലും ലക്ഷംവീട് കോളനിയിലും വെള്ളം എത്തിക്കാവുന്നതാണ്.

**7-ാം വാർഡ്**

ഇരുമലക്കപ്പ്—ചിന്നാർനിരപ്പ്—പൂതാളി—പാറത്തോട് ടൗൺ എന്നിവിടങ്ങളിൽ രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നു. പാറത്തോട് പുന്നോലിച്ചിറയിൽ കുളം നിർമ്മിച്ച് മോട്ടർ ഉപയോഗിച്ച് ഇരുമലക്കപ്പ് ഭാഗത്ത് വെള്ളമെത്തിക്കാവുന്നതാണ്. അമ്പഴം സിററി- ചിന്നാർനിരപ്പ്-അരയത്തിനാൽ കുട്ടി വക സ്ഥലം, ഉറുമ്പി വകസ്ഥലം, മത്തിപ്പറമ്പിൽ എലിയാസ്‌വക സ്ഥലത്ത് കുളങ്ങൾ നിർമ്മിച്ച് ശുദ്ധജലവിതരണം നടത്താവുന്നതാണ്. പൂതാളിയിൽ കുളം നിർമ്മിച്ച് മോട്ടർ ഉപയോഗിച്ച് വെള്ളം പമ്പ് ചെയ്താൽ വളരെ ചിലവ് കുറച്ച് ജലവിതരണം നടത്തുവാൻ സാധിക്കുന്നതാണ്.

**8-ാം വാർഡ്**

ഈവാർഡിലെ കണ്ണാടിപ്പാറ, അയ്യപ്പൻമല, കമ്പിളികണ്ടം S C കോളനി, ചിന്നാർ എന്നീ പ്രദേശങ്ങളിൽ രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു. കണ്ണാടി മൈനർ ഇറിഗേഷൻ പദ്ധതി സമയ ബന്ധിതമായി പൂർത്തിയാക്കേണ്ടതാണ്. പെരിങ്ങരപ്പിള്ളി കുഞ്ഞിൻെറ പുരയിടത്തിൽ കുളം കുഴിച്ച് മോട്ടർ ഉപയോഗിച്ചാൽ ശുദ്ധജലം വിതരണം ചെയ്യാൻ കഴിയും. കുരുവിള സിററിയിലെ എളുപ്പറമ്പിൽ പുരയിടത്തിലെ കുളത്തിൽ നിന്ന് വെള്ളം പമ്പുചെയ്യാവുന്നതാണ്. കമ്പിളികണ്ടം പാടം ഭാഗത്ത് കുളം നിർമ്മിച്ച് പരപ്പനങ്ങാടിയിൽ വെള്ളമെത്തിക്കാൻ കഴിയും. പൊട്ടങ്കിൽ ഭാസ്ക്കരൻെറ പുരയിടത്തിൽ കുളം നിർമ്മിച്ച് ചിന്നാർ നിരപ്പിൽ എത്തിച്ചാൽ ചിന്നാർ ടൗൺ അടക്കമുള്ള പ്രദേശങ്ങളിലെ കുടിവെള്ള ക്ഷാമം ഒരു പരിധിവരെ പരിഹരിക്കാൻ കഴിയും.

**9-ാം വാർഡ്**

മുക്കുടം ഹൈസ്കൂൾ പ്രദേശം, കൊന്നത്തടി L. P. S., പൂതാളി എന്നീ ഭാഗങ്ങളിലാണ്കുടിവെള്ള ക്ഷാമം രൂക്ഷമായിരിക്കുന്നത്.

പാറയിൽ മർക്കോസിൻെറ പുരയിടത്തിലും, ഉരുളേൽ സോമൻെറ പുരയിടത്തിലും കുളങ്ങൾ നിർമ്മിച്ചാൽ കൊന്നത്തടി L. P. S., മുക്കുടം H. S. എന്നീ ഭാഗങ്ങളിൽ കുടിവെള്ളമെത്തിക്കാൻ കഴിയും. പൂതാളി മാവേലി തോമസിൻെറ പുരയിടത്തിലെ കുളം മെച്ചപ്പെടുത്തിയാൽ പൂതാളി പ്രദേശത്ത് അനുഭവപ്പെടുന്ന കുടിവെള്ള ക്ഷാമം ഒരു പരിധിവരെ പരിഹരിക്കാൻ കഴിയും.

**10-ാം വാർഡ്**

ഈ വാർഡിലെ 50% ആളുകളും കുടിവെ

ളള ക്ഷാമം അനുഭവിക്കുന്നവരാണ്. മുക്കുടം ടൗൺ-ഇഞ്ചപ്പതാൽ S. N. D. P.ഭാഗം I. H. D. P. കോളനി, പനംകുട്ടി അമ്പലത്തിന്റെ ഭാഗങ്ങളും എന്നിവിടങ്ങളിലാണ് രൂക്ഷമായ കുടിവെളളക്ഷാമം അനുഭവപ്പെടുന്നത്.

മുക്കുടം I. H. D. P. കോളനിയിൽ വെളളമെത്തിക്കുന്നതിന്കൊല്ലം പറമ്പിൽ രാജപ്പന്റെ പുരയിടത്തിന് സമീപമായി കുളം നിർമ്മിച്ച് മോട്ടറും, പൈപ്പും സ്ഥാപിക്കേണ്ടതാണ്. ഇഞ്ചപ്പതാൽ ഭാഗത്ത് ഒരു ബൃഹത്പദ്ധതി നടപ്പാക്കേണ്ടതാണ്.

## 11-ാം വാർഡ്

ഈ വാർഡിൽ കുരുശുകുത്തി-ഇഞ്ചത്തൊട്ടി-കുരുശുകുത്തി സെൻട്രൽ എന്നീ ഭാഗങ്ങളിൽ രൂക്ഷമായ കുടിവെളള ക്ഷാമം അനുഭവപ്പെടുന്നു.

പനംകുട്ടി വാട്ടർ അതോരിററി പദ്ധതി സമയബന്ധിതമായി പൂർത്തീകരിച്ചാൽ നെടിയാനിത്തണ്ട്-പനംകുട്ടി-കമ്പിളികണ്ടം തുടങ്ങിയ പ്രദേശങ്ങളിലെ കുടിവെളള ക്ഷാമം പരിഹരിക്കാൻ കഴിയും. കുരുശുകുത്തിയിൽ ആരംഭിച്ചിരിക്കുന്ന പദ്ധതി പൂർത്തിയാക്കിയാൽ കുരുശുകുത്തി പ്രദേശത്ത് വെളളമെത്തിക്കാൻ കഴിയും. കുരുശുകുത്തി ഇഞ്ചത്തൊട്ടി കോളനി ആവശ്യമായ പുതിയ പദ്ധതികൾക്ക് രൂപം നൽകേണ്ടതുണ്ട്.

## 12-ാം വാർഡ്

ഈ വാർഡിന്റെ എല്ലാ ഭാഗങ്ങളിലും രൂക്ഷമായ കുടിവെളള ക്ഷാമം അനുഭവപ്പെടുന്നുണ്ട്. ചിന്നാർ പുഴയിൽ നിന്ന് വെളളം പമ്പ് ചെയ്ത് കുരുശുകുത്തിയിൽ ടാങ്പണിത് വെളളമെത്തിച്ചാൽ കുരുശുകുത്തി-ചിന്നാർ-മങ്കുവ എന്നിവിടങ്ങളിലെ കുടിവെളള ക്ഷാമം പൂർണ്ണമായും പരിഹരിയ്ക്കുവാൻ കഴിയുന്നതാണ്. പാറപ്പുറത്ത് മത്തായിച്ചന്റെ പുരയിടത്തിലെ കുളം മെച്ചപ്പെടുത്തിയാൽ മങ്കുവ പ്രദേശത്തെ കുടിവെളള ക്ഷാമം പരിഹരിക്കാൻ കഴിയുന്നതാണ്.

ഇഞ്ചത്തൊട്ടി ഭാഗത്ത് പുതിയൊരു പദ്ധതിക്ക് രൂപം നൽകേണ്ടതുണ്ട്. ചിന്നാർ പ്രദേശത്ത് കുഴൽ കിണർ സ്ഥാപിക്കാനുളള സാദ്ധ്യതകളുണ്ട്.

# 8-2

# ആരോഗ്യപരിപാലനം

കൊന്നത്തടി പഞ്ചായത്തിലെ ആരോഗ്യപരിപാലന രംഗം ഒട്ടും തൃപ്തികരമല്ല. പൊതുമേഖലയിൽ 1973 ൽ ആരംഭിച്ച ഒരു പ്രാഥമിക ആരോഗ്യ കേന്ദ്രവും, അതിന്റെ കീഴിലുള്ള 12 സബ് സെന്ററുകളുമാണ്. ആരോഗ്യപരിപാലനരംഗത്ത് സർക്കാർ ഉടമസ്ഥതയിലുള്ളത്. ഇവ കൂടാതെ കൊന്നത്തടിയിൽ ഒരു ഹോമിയോ ഡിസ്പൻസറിയും പ്രവർത്തിക്കുന്നു.

സ്വകാര്യമേഖലയിൽ 4 അലോപ്പതി ആശുപത്രികളും, 3 ഹോമിയോ ഡിസ്പൻസറികളും, 3 പാരമ്പര്യ വൈദ്യൻമാരും, 3 മന്താശുപത്രികളും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്നു.

പഞ്ചായത്തിൽ വിദഗ്ദ്ധ ചികിത്സാ സൗകര്യം ഒന്നും തന്നെയില്ല. കമ്പിളികണ്ടം പ്രാഥമികാരോഗ്യ കേന്ദ്രം രോഗികളെ കിടത്തി ചികിത്സിപ്പിക്കാൻ സൗകര്യമുള്ളതായി മാറേണ്ടതുണ്ട്,

സബ്സെന്ററുകളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതുണ്ട്. സ്വന്തമായി കെട്ടിടമില്ലാത്തവർക്ക് സ്വന്തമായി കെട്ടിടം നിർമ്മിയ്ക്കേണ്ടതുണ്ട്.

പ്രാഥമികാരോഗ്യത്തിന്റെ കീഴിൽ അന്ധതാ നിവാരണത്തിനും പരിസരശുചിത്വത്തിനും വേണ്ട ബോധവൽക്കരണം നടത്തേണ്ടതാണ്.

കമ്പിളികണ്ടം പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ സ്ഥിരമായി ഡോക്ടറെ നിയമിക്കേണ്ടതാണ്. കൂടാതെ മുഴുവൻ വീടുകളിലും കക്കൂസുകൾ നിർമ്മിക്കുന്നതിനുള്ള സമഗ്രമായ ഒരു പദ്ധതി നടപ്പാക്കേണ്ടതാണ്.

സബ്സെന്ററുകളിലും, ആശുപത്രികളിലും ആവശ്യമായ മരുന്നും, മററ് ഉപകരണങ്ങളും ലഭ്യമാക്കുന്നതിനൊപ്പം, ആവശ്യമായ സ്ററാഫിനേയും നിയമിക്കുക.

വിശദമായവിവരങ്ങൾക്ക് പട്ടികകൾ നോക്കുക.

ഒരു ആയുർവ്വേദ ആശുപത്രി പഞ്ചായത്തിൽ ആരംഭിയ്ക്കേണ്ടതാണ്. ആരോഗ്യപ്രവർത്തകരേയും, പൊതുപ്രവർത്തകരേയും ഉൾപ്പെടുത്തികൊണ്ട് പഞ്ചായത്ത് ഭരണസമിതിയുടെ നേതൃത്വത്തിൽ ആശുപത്രിയോട് അനുബന്ധിച്ച് ഒരു സമിതി രൂപീകരിയ്ക്കേണ്ടതും, ആരോഗ്യ രംഗത്തെക്കുറിച്ച് അവലോകനം നടത്തുകയും ആവശ്യമായ പ്രാഥമിക സൗകര്യങ്ങൾ നടത്തുവാൻ വിഭവ സമാഹരണം നടത്തേണ്ടതാണ്. 2000-ം ആണ്ടോടെ ആരോഗ്യ രംഗത്ത് ഒരു മാതൃക പഞ്ചായത്ത് ആയി കൊന്നത്തടി പഞ്ചായത്തിനെ ഉയർത്തുവാൻ വേണ്ട കർമ്മപരിപാടികൾക്ക് രൂപം നൽകുക.

★

# 9

# വിദ്യാഭ്യാസം

കുടിയേററ ഭൂമിയായ കൊന്നത്തടിയിൽ സ്കൂളിന് വേണ്ടിയുള്ള ശ്രമം ആരംഭിക്കുന്നത്. 1951–ഓട് കൂടിയാണ്. എന്നാൽ കുടിയേററം സർക്കാർ അംഗീകരിക്കാത്തത് കൊണ്ട് സർക്കാർ അക്കാലത്ത് സ്കൂൾ അനുവദിച്ചില്ല. 1954–ൽ സർവ്വോദയ സംഘം മുക്കുടം കേന്ദ്രമായി ഒരു ജൂനിയർ ബേയ്സിക് സ്കൂൾ (J. B. S. ചരിത്ര വിതരണം കാണുക.) ഈ സ്കൂളാണ് ഇന്ന് മുക്കുടത്ത് പ്രവർത്തിക്കുന്ന വിജ്ഞാനം L. P. സ്കൂൾ. 1954-ൽ തന്നെ ഡസ്കൂളിന് സർക്കാർ അനുമതി നൽകുകയും, 1957–ൽ അന്നത്തെ ദേവികുളം എം. എൽ. എ. ആയിരുന്ന ശ്രീമതി റോസമ്മപുന്നൂസിൻെറ ശ്രമഫലമായി 4 ഉം, 5 ഉം ക്ലാസ്സുകൾ ആരംഭിച്ചു. 1957–ൽ പാറത്തോട്ടിൽ ഒരു എൽ. പി. സ്കൂൾ ആരംഭിച്ചു. പിന്നീട് ഇത് യു. പി. യും എച്ച്. എസ്. ഉം ആയിവളർന്ന് പഞ്ചായത്തിലെ ഏററവും വലിയ സ്കൂളായി മാറി. ഇതിനോടടുത്ത് പണിക്കൻകുടിയിൽ ഒരു ട്രൈബൽ സ്കൂൾ ആരംഭിക്കുകയും, പിന്നീട് ഇത് U. P. യും, H. S. ഉം ആയി വളർന്നും ഇവ കൂടാതെ കോതമംഗലം രൂപതയുടെ കീഴിൽ പൊൻമുടിയിൽ ഒരു H. S. സ്കൂൾ ഉം, പനംകൂട്ടി, മങ്കുവ എന്നിവിടങ്ങളിൽ ഓരോ U. P. സ്കൂളുകളും പ്രവർത്തിക്കുന്നുണ്ട്.

1973–74 വർഷങ്ങളിലായി മുതിരപ്പുഴ, മുനിയറ, മുക്കുടം എന്നിവിടങ്ങളിൽ ഓരോ സ്കൂൾ ആരംഭിച്ചു. ഇതിൽ മുക്കുടം പിന്നീട് ഹൈസ്കൂളായും, മുനിയറ പിന്നീട് U. P. യുമായി അപ്ഗ്രേഡ് ചെയ്തു. കൊന്നത്തടിയിൽ പഞ്ചായത്തിൻെറ ഉടമസ്ഥതയിൽ ഒരു യു. പി. സ്കൂളും, പൊതുമേഖലയിൽ കൊന്നത്തടിയിൽ ഒരു എൽ. പി. സ്കൂളും പ്രവർത്തിക്കുന്നുണ്ട്. ഇവ കൂടാതെ തെള്ളിത്തോട്ടിലും, വിമലാസിററിയിലും ഓരോ സ്വകാര്യ സ്കൂളുകളും, കമ്പിളികണ്ടത്ത് ഒരു ഇംഗ്ലീഷ് സ്കൂളും പ്രവർത്തിക്കുന്നുണ്ട്.

ഉന്നത വിദ്യാഭ്യാസരംഗത്ത് രണ്ട് പാരലൽ കോളേജുകൾ മാത്രമാണ് ഉള്ളത്. പാറത്തോട്ടിലും. കൊന്നത്തടിയിലുമായി ഓരോ ടൈപ്പ് റൈററിംഗ് ഇൻസ്ററിററ്യൂട്ടും പ്രവർത്തിക്കുന്നു. ഗവ: സ്കൂളുകളുടെ കെട്ടിട്ടങ്ങൾ ദ്രവിച്ച അവസ്ഥയിയാണ് ഇവ പുതുക്കി പണിയേണ്ടതുണ്ട്. സ്കൂളുകളിലെ P. T. A.. മാതൃസംഘമം എന്നിവ നല്ലരീതിയിൽ തന്നെ പ്രവർത്തിക്കുന്നു 95/96 വിദ്യാഭ്യാസ വർഷത്തിൽ അടിമാലി "സബ് ജില്ലയിലെ ഏററവും നല്ല യു. പി. സ്കൂളായി മങ്കുവ സെൻ തോമസ് യു. പി. സ്കൂൾ തെരഞ്ഞെടുക്കപ്പെട്ടിരുന്നു.

കൊന്നത്തടി പഞ്ചായത്തിൻെറ വിദ്യാഭ്യാസപരമായ പുരോഗതിക്ക് കോതമംഗലം രൂപത നല്കിയിട്ടുള്ള സംഭാവനകൾ ശ്രദ്ധേയമാണ്. പഞ്ചായത്തിൽ മൊത്തം 12 സ്കൂളുകളാണ്. ഉള്ളത് ആകെ 4411 വിദ്യാർത്ഥികൾ ഉണ്ട്. ഇവരിൽ 2322 ആൺകുട്ടികളും 2089 പെൺകുട്ടികളും 322 SC/STയിൽപ്പെട്ട വിദ്യാർത്ഥി വിദ്യാർത്ഥിനികളുമാണ്. 157 അദ്ധ്യാപകരും 22 അനദ്ധ്യാപകരും ഈ പഞ്ചായത്തിലുണ്ട്. കൂടുതൽ വിവരങ്ങൾക്ക് 1 മുതൽ 10 വരെയുള്ള പട്ടികകൾ കാണുക.

പഞ്ചായത്തിലെ എല്ലാ ഹൈസ്കൂളുകളിലും പ്ലസ്ടു സംവിധാനം ഏർപ്പെടുത്തേണ്ടതാണ്. മററ് സ്കൂളുകളിലേക്കുള്ള ദൂരം പരിഗണിച്ച് മുള്ളരിക്കുടി, തെള്ളിത്തോട്, വിമലാഡിററി എന്നിവിടങ്ങളിൽ L. P. സ്കൂൾ ആരംഭിക്കേണ്ടതാണ്.

മുനിയറ–പനംകുട്ടി യു. പി. സ്കൂളുകൾ ഹൈസ്കൂളുകളായി അപ്ഗ്രേഡ് ചെ

## പട്ടിക—1

### നിലവിലുള്ള വിദ്യാലയങ്ങൾ—പൊതുവിവരം

| ക്രമ നമ്പർ | വിദ്യാലയത്തിൻെറ പേര് | ഉടമസ്ഥത | വിഭാഗം | ആകെ വിദ്യാർത്ഥി: ആ. | പെ: | ആകെ | SC/STവിദ്യാത്ഥി: ആ: | പെ: | ആകെ | നില: അദ്ധ്യാ: | ഒഴി: അ:ത: | ഇതര ജീവ: |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | GLPS കൊന്നത്തടി | ഗവർമെൻറ് | LP | 85 | 83 | 168 | 10 | 8 | 18 | 4 | 1 | 1 |
| 2 | ,, മുതിരപ്പുഴ | ,, | ,, | 36 | 36 | 72 | 2 | 2 | 4 | 4 | | 1 |
| 3 | വിജ്ഞാനം LPS മുക്കുടം | എയ്ഡഡ് | ,, | 96 | 78 | 174 | 3 | 2 | 5 | 5 | | |
| 4 | SG ,, പാറത്തോട് | ,, | ,, | 244 | 202 | 446 | 15 | 27 | 42 | 11 | | |
| 5 | പഞ്ച: UPS കൊന്നത്തടി | പഞ്ചായത്ത് | UP | 102 | 100 | 202 | 5 | 8 | 13 | 8 | | 1 |
| 6 | ഗവ: ,, മുനിയറ | ഗവർമെൻറ് | LP,UP | 152 | 124 | 276 | 3 | 3 | 6 | 6 | 4 | 2 |
| 7 | SJ ,, പനംകുടി | എയ്ഡഡ് | ,, ,, | 106 | 112 | 218 | 4 | 4 | 8 | 9 | | 1 |
| 8 | ST ,, മങ്കുവ | ,, | ,, ,, | 112 | 69 | 181 | 3 | 3 | 6 | 8 | | 1 |
| 9 | SMHS പൊൻമുടി | ,, | HS | 107 | 91 | 198 | 10 | 8 | 18 | 7 | | 3 |
| 10 | SGHS പാറത്തോട് | ,, | UP,HS | 654 | 579 | 1233 | 48 | 50 | 98 | 49 | | 5 |
| 11 | GHS മുക്കുടം | ഗവർമെൻറ് | ,, | 92 | 74 | 166 | 2 | 2 | 4 | 9 | 1 | 3 |
| 12 | ,, പണിക്കൻകുടി | ,, | LP,UP,HS | 536 | 541 | 1077 | 51 | 49 | 100 | 37 | 3 | 4 |
| | ആകെ | | | 2322 | 2089 | 4411 | 156 | 166 | 322 | 157 | 9 | 22 |

## പട്ടിക—5

### എസ് എസ് എൽ സി വിജയശതമാനം

| വിദ്യാലയത്തിൻെറപേര് | വർഷം 91—92 | 92—93 | 93—94 | 94—95 | 95—96 |
|---|---|---|---|---|---|
| S M H S പൊൻമുടി | 69% | 48% | 80% | 81% | 65% |
| ഗവ: H S മുക്കുടം | 57% | 29% | 37% | 30% | 46% |
| S G H S പാറത്തോട് | 64% | 58% | 54% | 50% | 43% |
| ഗവ: H S പണിക്കൻകുടി | 39% | 53% | 43% | 42% | 33% |

പടിക—4

1 മുതൽ 10 വരെ സ്റ്റാൻഡാർഡുകളിൽ പഠിക്കുന്ന കുട്ടികൾ—സ്റ്റാൻഡാർഡുതിരിച്ച്

(അംഗീകാരമില്ലാത്ത വിദ്യാലയങ്ങൾ ഉൾപ്പെടുന്നില്ല)

| സ്റ്റാൻഡാർഡ് | ആകെ കുട്ടികൾ | | | SC/ST വിദ്യാർത്ഥികൾ | | | മറ്റുള്ളവർ | | | തോററുപഠിക്കുന്നവർ | | | പഠനം നിർത്തിയവർ | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| I | 150 | 165 | 315 | 5 | 10 | 15 | 145 | 155 | 300 | | | | 5 | 5 | 10 |
| II | 183 | 169 | 352 | 12 | 19 | 31 | 171 | 150 | 321 | 15 | 7 | 22 | 4 | 1 | 5 |
| III | 198 | 156 | 354 | 12 | 14 | 26 | 186 | 142 | 328 | 17 | 10 | 27 | 2 | | 2 |
| IV | 211 | 161 | 372 | 21 | 14 | 35 | 190 | 147 | 337 | 21 | 11 | 32 | 1 | | 1 |
| V | 269 | 223 | 492 | 24 | 26 | 50 | 245 | 197 | 442 | 15 | 14 | 29 | 2 | 2 | 4 |
| VI | 266 | 235 | 501 | 15 | 16 | 31 | 251 | 219 | 470 | 30 | 14 | 44 | 1 | | 1 |
| VII | 254 | 235 | 489 | 13 | 12 | 25 | 241 | 223 | 464 | 22 | 17 | 39 | | 2 | 2 |
| VIII | 312 | 237 | 549 | 20 | 20 | 40 | 292 | 217 | 509 | 37 | 15 | 52 | 1 | | 1 |
| IX | 270 | 257 | 527 | 16 | 13 | 29 | 254 | 244 | 498 | 38 | 26 | 54 | 2 | | 2 |
| X | 209 | 251 | 460 | 18 | 22 | 40 | 191 | 229 | 420 | | | | | | |
| ആകെ | 2322 | 2089 | 4411 | 156 | 166 | 322 | 2166 | 1923 | 4089 | 195 | 114 | 309 | 18 | 10 | 28 |

പട്ടിക—2

നിലവിലുള്ള വിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ

| ക്രമ നമ്പർ | വിദ്യാലയത്തിന്റെ പേര് | ആകെ കുട്ടികൾ | ആകെ അദ്ധ്യാ: | കെട്ടിടങ്ങളുടെ പൊതുസ്ഥിതി | മൂത്രപ്പുര | കക്കൂസ് | കുടിവെള്ളം | വൈദ്യുതി |
|---|---|---|---|---|---|---|---|---|
| 1 | G L P S കൊന്നക്കാടി | 168 | 4 | ആവശ്യത്തിന് കെട്ടിടസൗകര്യമുണ്ട് | 1 | 1 | ഉണ്ട് | ഉണ്ട് |
| 2 | ,, മുതിരപ്പുഴ | 72 | 4 | ഒരു കെട്ടിടം തീർത്തും സുരക്ഷിതമല്ല | 1 | 1 | ഇല്ല | ഇല്ല |
| 3 | വിജ്ഞാനം LPS മുക്കുടം | 174 | 5 | കെട്ടിടം ഉണ്ട് | 1 | 1 | ഉണ്ട് | ഉണ്ട് |
| 4 | S G L P S പാറത്തോട് | 446 | 11 | ,, | 2 | 2 | ,, | ,, |
| 5 | പഞ്ച: UPS കൊന്നക്കാടി | 202 | 8 | ,, | 1 | 1 | ,, | ,, |
| 6 | ഗവ: ,, മുനിയാറ | 276 | 6 | കെട്ടിടങ്ങളൊന്നുംസുരക്ഷിതമല്ല | 1 | 1 | ഇല്ല | ഉണ്ട് |
| 7 | S J ,, പനംകുടി | 218 | 9 | കെട്ടിടമുണ്ട് | 1 | 1 | ഉണ്ട് | ഉണ്ട് |
| 8 | S T ,, മങ്കുവ | 181 | 8 | | 1 | 1 | ,, | ,, |
| 9 | S M H S പൊൻമുടി | 198 | 7 | ,, | 2 | 2 | ,, | ,, |
| 10 | S G H S പാറത്തോട് | 1233 | 49 | | 3 | 3 | ,, | ,, |
| 11 | G H S മുക്കുടം | 166 | 9 | കെട്ടിടങ്ങളൊന്നും സുരക്ഷിതമല്ല | 2 | 2 | ഇല്ല | ,, |
| 12 | ,, പണിക്കൻകുടി | 1077 | 37 | ആവശ്യത്തിനുകെട്ടിടമില്ല | 2 | 2 | ഉണ്ട് | ,, |

യേണ്ടതാണ്. കുടിവെള്ളം സ്ഥിരമായി ലഭിക്കാത്ത സ്കൂളുകളിൽ സ്ഥിരമായി കുടിവെള്ളം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്. കളിസ്ഥലങ്ങളില്ലാത്ത സ്കൂളുകളിൽ അവ നിർമ്മിക്കുന്നതിനുള്ള ധനസഹായം ഗവൺമെന്റ് ലഭ്യമാക്കേണ്ടതാണ്. കായികരംഗത്ത് നിരവധി പ്രതിഭകളെ വാർത്തെടുക്കാൻ കഴിഞ്ഞ ഈ പഞ്ചായത്തിൽ കായികപരിശീലനത്തിന് സ്ഥിരം സൗകര്യങ്ങളും, ആവശ്യമായ കോച്ചുമാരെയും നിയമിക്കേണ്ടതാണ്.

ഉന്നത വിദ്യാഭ്യാസത്തിന് ദൂരസ്ഥലങ്ങളെ ആശ്രയിക്കേണ്ട ഈ പഞ്ചായത്തിന് ഉന്നത വിദ്യാഭ്യാസ സൗകര്യം ഉണ്ടാക്കേണ്ടതാണ്. ഹൈസ്കൂളുകളിൽ കംപ്യൂട്ടർ പഠനസൗകര്യങ്ങൾ ഉണ്ടാക്കേണ്ടതുണ്ട്. സ്കൂൾ സാഹിത്യ സമാജത്തിന്റെ പ്രവർത്തനങ്ങൾ സജീവമാക്കുകയും, കയ്യെഴുത്ത് മാസിക, പഠന പര്യടനപരിപാടി, സ്കൂൾ ക്ലബ്ബ് പ്രവർത്തനം എന്നിവ ആരംഭിക്കേണ്ടതുണ്ട്. കാർഷിക മേഖലയോട് ആഭിമുഖ്യം ഉണ്ടാകുന്നതിനായി പച്ചക്കറിത്തോട്ടം, പൂന്തോട്ടം എന്നിവയുടെ നിർമ്മാണത്തിൽ വിദ്യാർത്ഥികളെ പങ്കെടുപ്പിക്കേണ്ടതുണ്ട്. സ്കൂളുകൾ ചുററു മതിൽ കെട്ടി സംരക്ഷിക്കേണ്ടതുണ്ട്. പ്രാഥമിക സൗകര്യങ്ങൾ ഇല്ലാത്തിടത്ത് അവ നിർമ്മിക്കണം. പഠനരംഗത്തും, പാഠ്യേതരരംഗത്തും ഉന്നതനിലവാരം പുലർത്തുന്ന കൊന്നത്തടി പഞ്ചായത്തിലെ സ്കൂളുകളിലെ നിലവാരം മെച്ചപ്പെടുത്തുവാൻ അദ്ധ്യാപകർ, രക്ഷിതാക്കൾ, സ്കൂൾ മാനേജ്മെന്റ്, വിദ്യാർത്ഥി പ്രതിനിധികൾ, പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ, സാംസ്കാരിക നായകർ എന്നിവരെ ഉൾപ്പെടുത്തി പഞ്ചായത്ത് പ്രസിഡൻറ് അദ്ധ്യക്ഷനായ ഒരു സമിതി രൂപീകരിയ്ക്കേണ്ടതാണ്. ഈ സമിതി നടപ്പ് പ്രവർത്തനങ്ങൾ അവലോകനം ചെയ്യുകയും, ആവശ്യമായ പുതിയ പദ്ധതികൾ നടപ്പാക്കാനും, ആവശ്യമായ വിഭവസമാഹരണവും നടപ്പാക്കേണ്ടതാണ്.

ചേരേണ്ട എല്ലാ ഘടകങ്ങളും ഒരുമിച്ചു ചേർന്ന് കാര്യക്ഷമമായി പ്രവർത്തിച്ചാൽ വിദ്യാഭ്യാസ രംഗത്ത് അത്ഭുതകരമായ നേട്ടങ്ങൾ കൈവരിക്കാനാകും.

# 10 1–2

# സാമൂഹ്യക്ഷേമം പാർപ്പിടം

## 1

കൊന്നത്തടി പഞ്ചായത്തിലെ സാമൂഹ്യരംഗം മെച്ചപ്പെട്ടതല്ല. ഭൂരിപക്ഷം കുടുംബങ്ങളും ദാരിദ്രരേഖയ്ക്ക് താഴെയാണ്. കഴിഞ്ഞ I. R. D. P. സർവ്വേയിൽ 2715 കുടുംബങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. പട്ടികജാതി / പട്ടികവർഗ്ഗക്കാർക്ക് പല ക്ഷേമപദ്ധതികളും നടപ്പാക്കുന്നുണ്ട്. എന്നാൽ മുന്നോക്ക ജാതിയിൽപ്പെട്ട പിന്നോക്കക്കാർക്ക് സാമ്പത്തികമായ പുരോഗതി ലഭിക്കുന്നതിനുള്ള ഒന്നും ചെയ്തിട്ടില്ല. ട്രൈസം D. W. C. R. A. പദ്ധതി പ്രകാരവും, I. R. D. P. വിധവാ പെൻഷൻ വികാലാംഗ പെൻഷൻ തുടങ്ങിയവയുടെ ഗുണഭോക്താക്കൾ നാമമാത്രമാണ്.

വിധവകളുടെ പെൺമക്കളെ കല്ല്യാണം കഴിച്ചു വിടുന്നതിനുള്ള ധനസഹായം വളരെ കുറച്ച് മാത്രമേ ലഭിക്കുന്നുള്ളു. I. R. D. P. പദ്ധതിയുടെയും മററ് ക്ഷേമ പദ്ധതികളുടേയും ഗുണഭോക്താക്കളേയും കണ്ടെത്തുന്നതിൽ ഗുരുതരമായ ക്രമക്കേടുകൾ കണ്ടുവരുന്നു. സർവ്വേ അപൂർണ്ണവുമാണ്. അംഗൻവാടികളുടേയും, ബാലപാഠികളുടേയും പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തേണ്ടതുണ്ട്.

വിവിധ സാമൂഹ്യ ക്ഷേമവകുപ്പുകൾ നടത്തുന്ന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ടതുണ്ട്. I. R. D. P. സർവ്വേ 3 വർഷത്തിലൊരിക്കലെങ്കിലും ആക്കേണ്ടതാണ്. ദാരിദ്ര രേഖയ്ക്കു താഴെയുള്ള കുടുംബങ്ങളെ ഗ്രൂപ്പടിസ്ഥാനത്തിൽ തിരിച്ച് കുടിൽ വ്യവസായങ്ങൾ നടത്തുവാൻ ആവശ്യമായ പരിശീലനവും സാമ്പത്തിക സഹായം നൽകണം.

അംഗൻവാടിയിലെ വർക്കറേയും, ഹെൽപ്പറേയും ഗവൺമെൻറ് ജീവനക്കാരായി അംഗീകരിക്കണം ആനുകൂല്യങ്ങൾ യഥാസമയം ലഭ്യമാക്കണം. ഗുണഭോക്താക്കളെ കണ്ടുപിടിക്കുന്നതിനായി ജനകീയ കമ്മററികൾ രൂപീകരിക്കുക ട്രൈസം–തൊഴിൽ പരിശീലനം വ്യാപകമാക്കുക പരിശീലനം ലഭിച്ചവർക്ക് തൊഴിൽ സാദ്ധ്യമാക്കുക..

അനുബന്ധമായി പട്ടിക ചേർക്കുന്നു.

## 2

പഞ്ചായത്തിൽ ആകെ 6220 വീടുകളാണ് ഉള്ളത്. വീടുകളിൽ ഭൂരിഭാഗവും ഓട് മേഞ്ഞവയാണ്. ഓല, കോറഷീററ് കൊണ്ട് മേഞ്ഞ വീടുകൾ 1500 ഓളം വരും കോൺക്രീററ് വീടുകൾ 750/- വീടുകൾ ഉണ്ടാകും. സ്വന്തമായി വീടില്ലാത്തവരുടെ എണ്ണം 250/ ആണ്.

പഞ്ചായത്തിൽ ഹൗസിംഗ് സഹകരണ സംഘം ഇല്ല. വേൾഡ് മിഷൻ, ക്രെഡിററ് യൂണിയനുകൾ എന്നീ സന്നദ്ധ സംഘടനകളുടെ സഹായത്തോടെ 200 വീടുകൾ പൂർണ്ണമായോ, ഭാഗീകമായോ നിർമ്മിക്കാൻ സാധിച്ചിട്ടുണ്ട്. പഞ്ചായത്തിൽ നിന്നും കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 12 ഓളം വീടുകൾ നിർമ്മിച്ചു നൽകി

ഏതാനും ചുടു ഇഷ്ടിക കളങ്ങൾ, ഒഴികെ യാതൊരു കെട്ടിട നിർമ്മാണ സാമഗ്രികളും പഞ്ചായത്തിൽ ഇല്ല. വിദഗ്ധ പുരുഷ തൊഴിലാളികൾക്ക് 125–150 ആണ് കൂലി. സഹായ തൊഴിലാളികൾക്ക് 75–100 ആണ്. സ്ത്രീതൊഴിലാളികൾക്ക് 60–75 ഉം ആണ്. കൂലി. വിദഗ്ധതൊഴിലാളികൾ കുറവാണ്. വീടുകൾ സ്വന്തമായി പണിയുകയാണ്.

പണിക്കൻകുടി ലക്ഷം വീട് കോളനിയിലെ വീടുകൾ ശോചനീയാവസ്ഥയിലാണ്. തടിയുടെ ലഭ്യത കുറഞ്ഞതോടെ കോൺക്രീററു വീടുകൾ നിർമ്മിക്കുവാൻ ആളുകൾ ആഭിമുഖ്യം കാണിക്കുന്നു. കെട്ടിടനിർമ്മാണ സാമഗ്രികളുടെ വില വർദ്ധനവും കൂലി വർദ്ധനവുംതൊഴിലാളികളുടെ ലഭ്യതക്കുറവും വായ്പ കിട്ടാനുള്ള ബുദ്ധിമുട്ടുസാധാരണക്കാരനെ സംബന്ധിച്ചിടത്തോളം കെട്ടിടനിർമ്മാണം അപ്രായോഗികമായിത്തീർന്നിരിക്കുന്നു.

ദുർബലവിഭാഗങ്ങൾക്ക് ലഭിക്കുന്ന ഹൗസിംഗ് സ്കീമുകൾ സംയോജിപ്പിച്ച് നടത്തേണ്ടതാണ്. ചിലവുകുറഞ്ഞ വീടുകൾ നിർമ്മിക്കാനാവശ്യമായ പരിശീലനവും ബോധവത്ക്കരണവും നടത്തേണ്ടതാണ്.

o

# 11

# വനിതാ ക്ഷേമം

1991-ലെ സെൻസസ് പ്രകാരം സ്ത്രീകളേക്കാൾ അധികം പുരുഷന്മാരായിരുന്നു. എന്നാൽ അംഗൻവാടികളിൽ നിന്നു ലഭിച്ച കണക്കുകൾ അനുസരിച്ച് സ്ത്രീകളുടെ എണ്ണം പുരുഷന്മാരുടേതിനേക്കാൾ കൂടുതലാണ്. സെൻസസ് പ്രകാരം പഞ്ചായത്തിൽ 14726 സ്ത്രീകളാണുള്ളത്. പഞ്ചായത്തിലെ സെൻസസ് കണക്കു പ്രകാരം സ്ത്രീ തൊഴിലാളികളുടെ എണ്ണം കുറവാണ്. ആരോഗ്യരംഗത്തും പുരുഷന്മാരെക്കാൾ പിന്നിലാണ് സ്ത്രീകൾ. സ്ത്രീകളുടെ സാമൂഹ്യസംസ്ക്കാരിക രംഗങ്ങളിലുള്ള പങ്കാളിത്വം താരതമ്യേന കുറവായികാണുന്നു.

അംഗൻവാടികളിൽ നിന്നും ലഭിച്ച കണക്കനുസരിച്ച് ഉള്ള പട്ടിക താഴെ ചേർക്കുന്നു.

| | | | |
|---|---|---|---|
| 1. | ഗർഭിണികളുടെ എണ്ണം | — | 189 |
| 2. | പ്രത്യേക പരിചരണം ആവശ്യം ഉള്ളവർ | — | 173 |
| 3. | മുലയൂട്ടുന്ന അമ്മമാർ | — | 276 |
| 4. | അനുപൂരക പോഷകാഹാരം ലഭിക്കുന്ന ഗർഭിണികൾ | — | 173 |
| 5. | അനുപൂരക പോഷകാഹാരം ലഭിക്കുന്ന മുലയൂട്ടുന്ന അമ്മമാർ | — | 252 |

1996 Oct. മാസത്തെ സ്ഥിതിവിവര കണക്കുകൾ

പഞ്ചായത്തിൽ 34 അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ട്. ഇവയുടെ പ്രവർത്തനം തൃപ്തികരമാണ്. മതസ്ഥാപനങ്ങളോടും രാഷ്ട്രീയ പാർട്ടികളോടും അനുബന്ധിച്ച് മഹിളാ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട് ഗ്രാമസഭകളിലെ സ്ത്രീപങ്കാളിത്വം സാമാന്യം തൃപ്തികരമായിരുന്നു. പഞ്ചായത്തിൽ D W C R A പദ്ധതി പ്രകാരം ഒരു 'റെഡിമെയ്ഡ്' നിർമ്മാണയൂണിററും ക്ഷീരോൽപ്പന്ന നിർമ്മാണത്തിൻെറ ഒരു യൂണിററും വനിതകൾ നടത്തുന്നുണ്ട്. പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൻെറ കീഴിൽ 3 'വനിത സ്വാസ്ഥ്' സംഘങ്ങളും പ്രവർത്തിക്കുന്നു.

സ്ത്രീകളുടെ തൊഴിലില്ലായ്മ വളരെ കൂടുതലാണ്. 1991–ലെ കണക്കനുസരിച്ച് 11176 ആണ്. സ്ത്രീപീഡനം പൊതുരംഗത്ത് സ്ത്രീകളുടെ പങ്കാളിത്വക്കുറവ് പൊതുസ്ഥാപനങ്ങളിൽ പ്രാഥമിക ആവശ്യങ്ങൾ നിറവേററാനുള്ള സൗകര്യമില്ലായ്മ ജോലിക്കൂടുതൽ എന്നിവയാണ് സ്ത്രീകൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ.

തൊഴിൽ മേഖലയിൽ സംരംണം ഏർപ്പെടുത്തുക കൂലി നിരക്കിലുള്ള അന്തരം കുറയ്ക്കുക മദ്യപാനം സ്ത്രീപീഡനം തുടങ്ങിയവയ്ക്കെതിരെ സാമൂഹ്യ സന്നദ്ധ സംഘടനകളുടെ നേതൃത്വത്തിൽ ബോധവത്ക്കരണം നടത്തുക, തുടങ്ങിയവയിലൂടെ സ്ത്രീകളുടെ നിലവാരം മെച്ചപ്പെടുത്തുവാൻ കഴിയും.

# 12

# സഹകരണ മേഖല

കാർഷിക മേഖലയായ കൊന്നത്തടി പഞ്ചായത്തിൽ കർഷകരുടെ ആവശ്യങ്ങൾ പൂർണ്ണമായി നിറവേററാൻ ആവശ്യമായ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നില്ല. പഞ്ചായത്തിൽ കൊന്നത്തടിയിലും, പാറത്തോട്ടിലും ഓരോ സർവ്വീസ് സഹകരണ സംഘങ്ങളും ക്ഷീരോത്പാദന രംഗത്ത് 10 ആപ്കോസ് സംഘങ്ങളും പ്രവർത്തിക്കുന്നുണ്ട്. പനംകുട്ടിയിൽ ഒരു കൈത്തറി സഹകരണസംഘം നല്ല നിലയിൽ പ്രവർത്തിക്കുന്നുണ്ട്. മലനാട് കാർഷിക വികസന ബാങ്കിന്റെ ഒരു സബ് ഓഫീസും, ഇടുക്കി ജില്ലാ സഹകരണ ബാങ്കിന്റെ ഒരു ശാഖയും ഇവിടെ പ്രവർത്തിക്കുന്നുണ്ട്.

സഹകരണ ബാങ്കുകളിൽ നിന്ന് ഹ്രസ്വകാല വായ്പ ദീർഘകാല വായ്പകൾ കൃഷി ആവശ്യങ്ങൾക്കായി നല്കുന്നുണ്ട്. മലനാട് കാർഷിക വികസന ബാങ്കിൽ നിന്നും. ജില്ലാ സഹകരണ ബാങ്കിൽ നിന്നും വാഹനങ്ങൾക്കും കൃഷി വ്യവസായത്തിനും വായ്പകൾ നല്കുന്നുണ്ട്.

വിശദവിവരങ്ങൾക്ക് പട്ടികകൾ നോക്കുക.

## പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും

1. കാർഷിക വായ്പകൾക്ക് നിലവിലുള്ള മാർജിൻ പ്രാഥമിക സഹകരണ സംഘങ്ങൾക്ക് പര്യാപ്തമല്ല.
2. കാർഷിക വായ്പകൾക്ക് പലിശ കുറയ്ക്കുക,
3. പ്രാഥമിക സഹകരണ സംഘങ്ങൾ നൽകുന്ന വസ്തു ഈടിൻ മേലുള്ള വായ്പ നടപടികൾ ലഘൂകരിക്കുക.
4. 6–മാസം കൂടുമ്പോൾ ജില്ലാ ബാങ്ക് പ്രാഥമിക സഹകരണ സംഘങ്ങളോട് പലിശ ഈടാക്കുന്ന നടപടി പിൻവലിക്കുക.
5. കാർഷിക വായ്പയുടെ പരിധി 5000–രൂപയിൽ നിന്ന് 10,000 രൂപയായി ഉയർത്തുക.
6. സഹകരണ ബാങ്കുകളുടെ വളം, കീടനാശിനി എന്നിവയുടെ ഡിപ്പോ ആരംഭിക്കുക.
7. പട്ടികജാതി / പട്ടികവർഗ്ഗ സഹകരണ സംഘത്തിന്റെ പ്രവർത്തനങ്ങൾ പുനഃസ്ഥാപിക്കുക.
8. പ്രവർത്തനരഹിതമായ സഹകരണ സംഘങ്ങളെക്കുറിച്ച് വിശദമായി പഠിച്ച് പ്രവർത്തിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുക.
9. കാർഷിക വിളകളുടെ സംഭരണത്തിനുവേണ്ടി മാർക്കററിംഗ് സഹകരണ സംഘങ്ങൾ ആരംഭിക്കുക.
10. ബഹുഭൂരിപക്ഷം കൃഷിക്കാരെ സഹായിക്കാൻ പര്യാപ്തമായ രീതിയിൽ സഹകരണ പ്രസ്ഥാനങ്ങൾ വളരേണ്ടതുണ്ട്.

★

# 13

## പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

കൊന്നത്തടി പഞ്ചായത്തിൽ 1986 ഒക്ടോബർ മാസത്തെ അംഗൻവാടി സർവ്വേ പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ ജനസംഖ്യ 3118 ആണ്. ഇതിൽ 1758 പട്ടികജാതിക്കാരും, 1360 പട്ടിക വർഗ്ഗക്കാരുമാണ്.

പഞ്ചായത്തിൽ 7 പട്ടിക ജാതി കോളനികളും, 6 പട്ടികവർഗ്ഗ കോളനികളുമുണ്ട്.

1995/1996 വർഷത്തിൽ മുക്കുടം S. C. കോളനി I. H. D. P. കോളനിയായി ഉയർത്തിയിട്ടുണ്ട്.

പഞ്ചായത്തിന്റെ 12 സ്കൂളുകളിലായി 322 കുട്ടികൾ പഠിക്കുന്നുണ്ട്, ഇതിൽ 156 ആൺകുട്ടികളും. 166 പെൺകുട്ടികളും പഠിക്കുന്നു. 95/96 വിദ്യാഭ്യാസ വർഷത്തിൽ ലംസം ഗ്രാന്റായി 86711- രൂപ വിതരണം ചെയ്തിട്ടുണ്ട്.

സ്വന്തമായി നാലു സെന്റ് ഭൂമിയുള്ളവർക്ക് വീടുവയ്ക്കുവാനായി 90/91 വർഷത്തിൽ 2 പേർക്കും, 91/92 വർഷത്തിൽ 4 പേർക്കും 15000/– രൂപ ധനസഹായം കൊടുത്തിട്ടുണ്ട്. വിവാഹ ധനസഹായം 94/95–ൽ ഒരാൾക്കും, ചികിത്സാസഹായം94/95–ൽ നൽകിയിട്ടുണ്ട്

പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ സ്കൂളുകളിൽ നിന്നുള്ള കൊഴിഞ്ഞു പോക്ക് നാമമാത്രമാണ്.

I. R. D. P. പദ്ധതിയിൽ 95% കുടുംബങ്ങളും ഉൾപ്പെട്ടിട്ടുണ്ട്. വേണ്ടത്ര നിലയിൽ സഹായങ്ങൾ നൽകിയിട്ടില്ല.

കോളനികളിലെ പ്രാഥമിക സൗകര്യങ്ങൾ വളരെ മോശമാണ് കോളനികളിലേക്ക് റോഡും വൈദ്യുതിയും എത്തിക്കേണ്ടതാണ്. അർഹമായ ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ട് എങ്കിലും അത് വേണ്ടവിധം പ്രയോജനപ്പെടുത്തുന്നില്ല. പട്ടികജാതി പട്ടികവർഗ്ഗക്കാർക്കുവേണ്ടി വിവിധ വകുപ്പുകളും, ഏജൻസികളും നടത്തുന്ന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കണം. കോളനികളുടെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കേണ്ടതാണ്.

ഈ വിഭാഗക്കാർക്കുവേണ്ടി ലഭിക്കുന്ന ആനുകൂല്യങ്ങൾ ഉദ്യോഗസ്ഥ പങ്കാളിത്തത്തോടുകൂടി ദുർവിനിയോഗം ചെയ്യുന്നത് കർശനമായും തടയേണ്ടതാണ്. ആനുകൂല്യങ്ങൾക്ക് ആളുകളെ തെരഞ്ഞെടുക്കുന്ന രീതി കുറ്റമറ്റതാക്കണം.

പട്ടികകൾ കാണുക

# 14

## സാംസ്കാരികം

കൊന്നത്തടി പഞ്ചായത്തിന്റെ സാംസ്കാരികരംഗം പ്രവുദ്ധമാണ്. മതസ്ഥാപനങ്ങളോട് അനുബന്ധിച്ചുള്ള തിരുനാളുകളും, ഉത്സവങ്ങളുമാണ് പ്രധാനപ്പെട്ട ആഘോഷം. ഈ ആഘോഷങ്ങളിൽ ജാതിമത ഭേദമെന്യേ എല്ലാവരും പങ്കുകൊള്ളുന്നു. എല്ലാവർഷവും ചിന്നാർ പുഴയുടെ തീരത്ത് ആദിവാസ കലാരൂപമായ മന്നാക്കൂത്ത് നടന്നുവരുന്നു.

ഇവിടെ ക്രിസ്ററ്യൻ ഹിന്ദു മുസ്ലീം സമുദായത്തിൽച്ചെട്ട ആളുകൾ സൗഹാർദ്ദത്തോടെ കഴിയുന്നു. ക്രിസ്ററ്യൻ വിഭാഗത്തിൽ കത്തോലിക്കരും, ഹിന്ദു വിഭാഗത്തിൽ ഈഴവരുമാണ് അധികം. ഇരുപതോളം ക്രിസ്ററ്യൻ ആരാധനാകേന്ദ്രങ്ങളും. പത്തോളം അമ്പലങ്ങളും, ഒരു മോസ്കുമാണ് പ്രവർത്തിക്കുന്നത്. മതസംഘടനകളായ, യുവദീപ്തി, മിഷൻലീഗ് S. N D. P. യോഗം വിൻസൻറ് ഡിപോൾ സഖ്യം S. N. വനിതാ സംഘം എന്നിവ പ്രവർത്തിക്കുന്നു.

പഞ്ചായത്തിൽ വായന ശാലകൾ പ്രവർത്തിക്കുന്നുണ്ട്. ഇവയോടനുബന്ധിച്ച് ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ്ബുകളും പ്രവർത്തിക്കുന്നു. ടി. വി. യുടെ പ്രചാരം പുസ്തക വായന കുറയ്ക്കാൻ കാരണമായിട്ടുണ്ട്. വീടുകളിലേക്ക് ടി. വി. സെററുകൾ അതിവേഗം എത്തിച്ചേർന്നുകൊണ്ടിരിക്കുന്നു. കേബിൾ ടി. വി. യും പ്രചാരത്തിലുണ്ട്.

★

വോളിബോളാണ് കായികവിനോദങ്ങളിൽ ഏററവും മുൻപന്തിയിൽ. ഈ രംഗത്ത് നിരവധി പ്രഗത്ഭ താരങ്ങളെ വാർത്തെടുക്കാൻ സാധിച്ചിട്ടുണ്ട്. ഏഷ്യൻ താരങ്ങളായ ബീനാമോൾ റോയി പുന്നത്താനത്ത് തുടങ്ങിയവർ പഞ്ചായത്തിന്റെ യശസ് ഉയർത്തുന്നു.

കായിക പരിശീലനത്തിന് ആവശ്യമായ സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും വിദഗ്ധ പരിശീലകരുടെ സേവനവും ലഭ്യമാക്കുകയും ചെയ്താൽ ഈ രംഗത്ത് മികച്ച പ്രതിഭകളെ വാർത്തെടുക്കാൻ കഴിയും.

സാംസ്കാരിക സ്ഥാപനങ്ങൾക്ക് ആവശ്യമായ സാമ്പത്തിക സൗകര്യങ്ങളും മററ് ആനുകൂല്യങ്ങളും നൽകിയാൽ ഇന്ന് ഈ രംഗത്ത് നേരിടുന്ന പ്രശ്നങ്ങൾ പരിഹരിച്ച് സാംസ്കാരിക രംഗത്ത് നേരിടുന്ന പ്രശ്നങ്ങൾ ഇല്ലാതാക്കാൻ സാധിക്കും.

★

# 15

# വിഭവസമാഹരണം

പഞ്ചായത്തിൻെറ ഇന്നത്തെ പുരോഗതികൾക്ക് പിന്നിൽ പ്രാദേശിക വിഭവ സമാഹരണത്തിൻെറ സ്ഥാനം വളരെ വലുതാണ്. കുടിയേററ കാലം മുതൽ പഞ്ചായത്തിൻെറ റോഡുകളുടെ നിർമ്മാണത്തിൽ സർക്കാർ മുതൽ മുടക്കിൻെറ ആയിരം ഇരട്ടിയിലധികം വരും പ്രാദേശികമായി സംഭരിച്ച മനുഷ്യപ്രയത്നവും പണവും. പഞ്ചായത്തിൻെറ വരവ് ചിലവ് കണക്ക് ചുവടെ ചേർക്കുന്നു. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സ്റേററ്ബാങ്ക്, സഹകരണ ബാങ്കുകൾ, സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹായത്തോടെ പ്രാദേശികവിഭവ സമാഹരണം നടത്താവുന്നതാണ്.

ഭരണ ചിലവ് കുറയ്ക്കുകയും നികുതി പിരിവ് കാര്യക്ഷമമാക്കുകയും ചെയ്താൽ വളരെയധികം പണം സമാഹരിക്കാൻ കഴിയും. ഈ രംഗത്ത് പഞ്ചായത്ത് സമിതിയുടെ നേതൃത്വത്തിൽ പൊതു പ്രവർത്തകരെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു കാര്യസമിതി ഉണ്ടാക്കിയാൽ പ്രാദേശിക വിഭവ സമാഹരണം ഫലപ്രദമായി നടത്തുവാൻ കഴിയും.

**വനം**

പഞ്ചായത്തിൽ പൊന്മുടിയിൽ 500 ഹെക്ടറും പെരിഞ്ചാംകുട്ടിയിൽ 249 ഹെക്ടറും വനമാണ് ആകെയുള്ളത്. ഇവയിൽ തേക്ക് യൂക്കാലിപ്സ്. മുള തുടങ്ങിയവ വളരുന്നു.

# വരവ്

## 1995-ലെ വരവ്

| | | | |
|---|---|---|---|
| 1. | ബിൽഡിം ടാക്സ് (അരിയർ) | 1,10,865 | 10 |
| 2. | ,, (കറൻറ്) | 20,3660 | — |
| 3. | ബർത്ത് & ഡത്ത് | 255 | — |
| 4. | പ്രൊഫഷണൽ ടാക്സ് (അരിയർ) | 38,436 | — |
| 5. | ,, (കറൻറ്) | 12,8565 | — |
| 6. | കോസ്ററ് ഓഫ് ഇലക്ട്രോംസ് | 2871 | 50 |
| 7. | ഷോ ടാക്സ് | 1544 | — |
| 8. | സർ ചാർജ്ജ് ഓൺ ഷോ ടാക്സ് | 386 | — |
| 9. | പി. എഫ്. എ. | 1556 | — |
| 10. | ഇ. ററി. | 10881 | 27 |
| 11. | എ. ഇ. ററി. | 6528 | 95 |
| 12. | റെൻറ് ഓൺ ലാൻറ് ആൻഡ് ബിൽഡിംഗ് | 26342 | — |
| 13. | ടോം ഫ്രം മാർക്കററ് | 175 | — |
| 14. | മാർക്കററ് റിസീപ്ററ് | 24170 | 50 |
| 15. | മണൽ | 6166 | — |
| 16. | കോസ്ററ് ഓഫ് ഫോം | 1051 | — |
| 17. | D & O ട്രേഡ് | 10108 | — |
| 18. | ബിലാറെറഡ് ഫീ | 99 | — |
| 19. | ഇൻസ്ററാലേഷൻ ഫീ | 225 | — |
| 20. | സിനിമ റെഗുലേഷൻ ആക്ട് | 500 | — |
| 21. | കശാപ്പ് കട | 1500 | — |
| 22. | പോസ്റേറജ് | 84 | — |
| 23. | ഡി. എൻ. ഫീ | 1416 | 75 |
| 24. | വസ്തു കൈമാററ നികുതി | 36508 | — |
| | ,, 75% | 66107 | — |
| | ,, 25% | 50,000 | — |
| 25. | V R M ഗ്രാൻറ് | 106034 | — |
| 26. | V T C | 368115 | — |
| 27. | U T F | 320610 | — |
| 28. | അഡ്വെർടൈസ്മെൻറ് ചാർജ്ജ് | 250 | — |
| 29. | കൃഷിക്കാർക്കുള്ള അവാർഡ് | 50,000 | — |
| 30. | ട്രഷറി റിസീപ്ററ് | 43986 | — |
| 31. | പലിശ | 2422 | 40 |
| 32. | സെക്യൂരിററി ഡെപ്പോസിററ്സ് | 11080 | — |
| 33. | മററ് ,, | 1350 | — |
| 34. | ചെക്ക് അഡ്ജസ്ററുമെൻറ് | 75000 | — |
| 35. | ഭൂവിഭവശേഷിവാരാചരണം | 200 | — |
| 36. | ലൈബ്രറി സെസ് | 9961 | 85 |
| 37. | ഓഡിററ് റിക്കവറി | 390 | — |
| 38. | റീഫണ്ട് | 3105 | — |
| 39. | അഡ്വാൻസ് റിക്കവേർഡ് | 384 | — |
| 40. | S T & A S T | 607 | 60 |
| 41. | പലവക | 34 | 53 |
| | ആകെ | 1723031 | 30 |

# ചെലവ്

## 1995-96-ലെ ചെലവ്

| | | | |
|---|---|---|---|
| 5. | സിറ്റിംഗ് ഫീസ്, ഹോണറേറിയം | 55840 | — |
| 6. | പ്രസിഡന്റ്, അംഗങ്ങൾ യാത്രപ്പടി | 4213 | — |
| 7. | കമ്മററി ചെലവ് | 4302 | — |
| 8. | സെക്രട്ടറി ശമ്പളം | 75623 | — |
| 10. | സെക്രട്ടറി യാത്രപ്പടി | 3101 | — |
| 11. | ജനറൽ എക്സ്റ്റാബ്ലിഷ് മെന്റ് ശമ്പളം | 243702 | — |
| 13. | ,, യാത്രപ്പടി | 16796 | — |
| 14. | ഭൂനികുതി | 62 | — |
| 16. | ലൈറ്റിംഗ് ചാർജ്ജ് | 992 | — |
| 17. | K. R. E. W. S. വരിസംഖ്യ | 500 | — |
| 18. | തപാൽ ചെലവും ഫോൺ ചാർജ്ജും | 7900 | — |
| 19. | അച്ചടിയും ലേഖന സാമിഗ്രികളും | 37109 | — |
| 20. | തെരഞ്ഞെടുപ്പ് ചെലവുകൾ | 21414 | — |
| 22. | മററു ചിലവുകൾ | 26267 | — |
| 23. | കളക്ഷൻ എസ്റ്റാബ്ലിഷ്മെന്റ് ശമ്പളം | 113725 | — |
| 33. | റോഡ് സംരക്ഷണം | 26218 | — |
| 43. | Pt: U. P. S. കറന്റ് ചാർജ്ജ് | 303 | — |
| 49. | Pt: U. P. S. forms, Registers | 1661 | — |
| 55. | ജലവിതരണം | 1000 | — |
| 83. | പട്ടികജാതി വകുപ്പ് (ചികിത്സാധനസഹായം) | 3000 | — |
| 86. | സ്വീപ്പർമാരുടെ ശമ്പളം | 168917 | — |
| 108. | കൊതുക് നിവാരണ ചെലവ് | 5000 | — |
| 141. | സ്ട്രീററ് ലൈററ് കറന്റ് ചാർജ്ജ് | 9394 | — |
| 147. | കൃഷി | 2500 | — |
| 152. | മൃഗപരിപാലനം | 1785 | — |
| 154. | ക്ഷീരവികസനം | 1250 | — |
| 156. | കേരളോത്സവം | 6520 | — |
| 158. | കുടുംബാസൂത്രണ ധനസഹായം | 260 | — |

## P D A/c II

| | |
|---|---|
| S C ഡിപ്പാർട്ട്മെൻറ് | 3000 — |
| ഹോമിയോ | 100 — |
| പൊതുജനാരോഗ്യം | 1800 — |
| കൃഷി | 324035 — |
| മൃഗസംരക്ഷണം | 2000 — |
| വിദ്യാഭ്യാസം | 12,600 — |
| ക്ഷീരം | 1800 — |
| ,, | 7500 — |
| പൊതുജനാരോഗ്യം | 7500 — |
| P. W. D. | 8400 — |
| പൊതുജനാരോഗ്യം | 25000 — |
| കൃഷി | 4000 — |
| ,, | 3700 — |
| ആകെ | 410835 — |



| | | |
|---|---|---|
| 159. | ആശാൻ ഗ്രാൻറ് | 5600 — |
| 188. | ഓഫീസ് ഫർണിച്ചർ | 10000 — |
| 200. | അൺടൈഡ് ഫണ്ട് | 24055 — |
| 202. | ,, എസ്ററിമേററ് ചാർജ്ജ് | 13000 — |
| 222. | ഡെപ്പോസിററ് റീ ഫണ്ട് | 4275 — |
| | ആകെ | 896284 — |



## 1.22 ലൈസൻസ് ഫീസ് സംബന്ധിച്ച വിവരങ്ങൾ
Ref.R

| വാർഡ് | സ്ഥാപനങ്ങളുടെ എണ്ണം വ്യവസായം വ്യാപാരം | ഹോട്ടലുകൾ | സാധാരണ കടകൾ | മററുള്ളവ | ആകെ | ആകെ ഫീസ് |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| I | 1 | 1 | 6 | 2 | 10 | 375 |
| II | 1 | 4 | 6 | 1 | 12 | 525 |
| III | 5 | 3 | 7 | 4 | 19 | 740 |
| IV | 2 | 2 | 12 | 10 | 26 | 1120 |
| V | 1 | 2 | 7 | 1 | 11 | 550 |
| VI | 2 | 6 | 14 | 8 | 30 | 1250 |
| VII | 6 | 4 | 33 | 21 | 64 | 2157 |
| VIII | 1 | 3 | 8 | 12 | 24 | 870 |
| IX | 4 | 2 | 6 | 8 | 20 | 725 |
| X | 1 | 2 | 12 | 6 | 21 | 1005 |
| XI | 1 | 2 | 6 | 2 | 11 | 445 |
| XII | 1 | 1 | 2 | 3 | 7 | 346 |
| ആകെ | 26 | 32 | 119 | 78 | 255 | 10108 |

## 1. 24 ചെലവ് സംബന്ധിച്ച വിവരങ്ങൾ Ref. C,B (1995-96)

| ഇനം | തുക |
|---|---|
| ഭരണം | 796463 |
| പൊതുമരാമത്ത് | 63273 |
| വിദ്യാഭ്യാസം | 1964 |
| ജലവിതരണം, ഓടകൾ, പൊതുജനാരോഗ്യം | 9000 |
| തെരുവു വിളക്കുകൾ കത്തിക്കുന്നത് | 9394 |
| മററുള്ളവ | 22190 |
| ആകെ | 8196284 |

## 1. 26 പൊതുമരാമത്ത് സംബന്ധിച്ച വിവരങ്ങൾ Ref. Work Bill Register

| പണിയുടെ സ്വഭാവം | എസ്ററിമേററ് തുക | യഥാർത്ഥ ചെലവ് ഗ്രാൻറ് തുക | പഞ്ചാ. ഫണ്ട് | ആകെ |
|---|---|---|---|---|
| റോഡ് | 64000 | 50273 | 13000 | 63273 |
| ആകെ | 64000 | 50273 | 13000 | 63273 |

## 1.17 പഞ്ചായത്ത്രാജ് നിയമ പ്രകാരം മററു വകുപ്പുകളിൽ നിന്നും അനുവദിച്ച തുക സംബന്ധിച്ച വിവരങ്ങൾ Ref. Q

| വകുപ്പ് | പദ്ധതി വിഹിതം | പദ്ധതിയേതരവിഹിതം | ആകെ |
|---|---|---|---|
| മൃഗസംരക്ഷണം | 2000 | | 2000 |
| ആരോഗ്യം | 7500 | 26900 | 34400 |
| കൃഷി | 7700 | 324035 | 331735 |
| പി. ഡബ്ല്യു. ഡി. | | 18400 | 18400 |
| ഹരിജനക്ഷേമം | 3000 | | 3000 |
| മററുള്ളവ | 9300 | 12000 | 21300 |
| ആകെ | 29500 | 381335 | 410835 |

അനുബന്ധം-1

**കൊന്നത്തടി ഗ്രാമപഞ്ചായത്ത് 3.1 ഭൂമി സംബന്ധിച്ച വിവരങ്ങൾ**

(Ref: അടിസ്ഥാന വിവര രജിസ്റ്റർ)

| ഇനം | വിസ്തീർണ്ണം |
|---|---|
| നിലം | 350 ha |
| പുരയിടം | 10385 ha |
| പുറമ്പോക്ക് | 350 ha |
| കൃഷിയോഗ്യ തരിശ് | 350 ha |
| കൃഷിയോഗ്യമല്ലാത്ത തരിശ് | 300 ha |
| ആകെ | 11735 ha |

**കൊന്നത്തടി ഗ്രാമ പഞ്ചായത്ത് 7.4 പകർച്ചവ്യാധി വിവരങ്ങൾ**

| വർഷം<br>1 | ജലജന്യ രോഗങ്ങൾ<br>2 | വായുജന്യ രോഗങ്ങൾ<br>3 | പ്രാണിജന്യ രോഗങ്ങൾ<br>4 | മററുള്ളവ<br>5 |
|---|---|---|---|---|
| 1993—94 | 18 | 4 | | |
| 1994—95 | 10 | 5 | | |
| 1995—96 | 60 | 11 | 5 | |

## തൊഴിൽ വിഭജനം സംബന്ധിച്ച ചാർട്ട്

| | പു. | സ്ത്രീ |
|---|---|---|
| പ്രധാന ജോലിക്കാർ | 8110 | 1520 |
| കൃഷി ചെയ്യുന്നവർ | 2900 | 299 |
| കർഷക തൊഴിലാളികൾ | 1888 | 734 |
| മൃഗസംരക്ഷണം വനം, മത്സ്യബന്ധനം, വേട്ടയാടൽ, തോക്കുമേഖല | 1932 | 140 |
| ഖനനം, കല്ലു പൊട്ടിക്കൽ | 22 | — |
| വീട്ടുപകരണങ്ങൾ ഉല്പാദനം സംസ്കരണം അററകുററപ്പണി | 99 | 19 |
| വീട്ടുപകരണങ്ങൾ അല്ലാത്ത സാധനങ്ങളുടെ ഉല്പാദനം സംസ്കരണം അററകുററപ്പണി | 147 | 22 |
| നിർമ്മാണ ജോലി | 58 | 3 |
| വ്യവസായം വ്യാപാരം | 483 | 29 |
| ഗതാഗതം സംഭരണം വാർത്താവിനിമയം | 207 | 9 |
| മററുസേവനത്തുറ | 374 | 265 |
| ഭാഗികമായി തൊഴിലുള്ളവർ | 648 | 2030 |
| തൊഴിൽരഹിതർ | 6480 | 11176 |

## കാലാവസ്ഥ പട്ടിക

| മാസം | പെയ്ത മഴ | അന്തരീക്ഷ ഊഷ്മാവ് | |
|---|---|---|---|
| ജനുവരി | 73.8 | 26.3 | 10.1 |
| ഫെബ്രുവരി | 24.3 | 28.6 | 12.3 |
| മാർച്ച് | 16.4 | 31.3 | 18.4 |
| ഏപ്രിൽ | 286.8 | 34.0 | 20.9 |
| മെയ് | 20.2 | 36.0 | 20.7 |
| ജൂൺ | 663.8 | 29.0 | 17.5 |
| ജൂലൈ | 1135.8 | 28.10 | 16.0 |
| ആഗസ്ററ് | 865.3 | 27.6 | 14.8 |
| സെപ്ററംബർ | 533.2 | 29.3 | 13.4 |
| ഒക്ടോബർ | 625.1 | 30.3 | 16.2 |

| | ഭൂപ്രകൃതി | വിസ്തൃതി ഹെക്ടറൽ | ശതമാനം |
|---|---|---|---|
| 1. | കുന്നിൻമുകൾ | 960 | 10 |
| 2. | ചരിവുകൾ | 7200 | 75 |
| 3. | താഴ്വരകൾ | 960 | 10 |
| 4. | തരിശും/പാറക്കെട്ടും | 480 | 5 |
| | ആകെ | 9600 | 100% |

## കൊന്നത്തടി ഗ്രാമപഞ്ചായത്ത് പൊതുജനാരോഗ്യം 7.1 സ്ഥാപന വിവരങ്ങൾ

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ഇനം | കെട്ടിടം സ്വന്തം/ വാടക | ഉദ്യോ: എണ്ണം | സ്ഥാപിച്ച വർഷം | സ്ഥാപനപരമായ പ്രശ്നങ്ങൾ |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| | പ്രാഥമികാരോഗ്യ കേന്ദ്രം കൊന്നത്തടി | ആരോഗ്യ സ്ഥാപനം | സ്വന്തം | 38 | 1973 (പുതിയ കെട്ടിടം 1994ൽ) | 1 അടിസ്ഥാനപരമായ സൗകര്യ കുറവ്<br>2 മഴപെയ്താൽ ചോർന്നൊലിയ്ക്കുന്നു<br>3 അററകുററപ്പണികൾ നടത്തിയിട്ടില്ല<br>4 വെള്ളമില്ല<br>5 ഉപകരണങ്ങളില്ല<br>6 ഡോക്ടർക്കും മററു ജീവനക്കാർക്കും ക്വാർട്ടേഴ്സ് വേണം |

## പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ കീഴിൽ വരുന്ന സബ്ബ് സെൻററുകൾ

| | | | | | | |
|---|---|---|---|---|---|---|
| 1 | ഫാമിലി വെൽഫെയർ സെൻറർ കമ്പിളികണ്ടം | മാതൃ ശിശു സംരക്ഷണ ഉപകേന്ദ്രം | സ്വന്തം | 1 | | പ്രവർത്തന യോഗ്യമല്ല അററകുററപ്പണി അത്യാവശ്യം |
| 2 | മുക്കുടം (ഇഞ്ചപ്പതാൽ) | ,, | സ്വന്തം | 1 | | അററകുററപ്പണി കിണറിന് ചുററു മതിൽ |
| 3 | മുതിരപ്പുഴ | ,, | സ്വന്തം | 1 | | അററകുററപ്പണി |
| 4 | മങ്കുവ | ,, | സ്വന്തം | 1 | | മേൽക്കൂര നനയുന്നു അററകുററപ്പണി |
| 5 | കൊന്നത്തടി നോർത്ത് | ,, | സ്വന്തം | 1 | | വൈദ്യുതിയില്ല വെള്ളമില്ല അററകുററപ്പണി |
| 6 | മുനിയറ | ,, | സ്വന്തം | 1 | | വൈദ്യുതിയില്ല ചുററുമതിൽ ഇടിഞ്ഞുകിടക്കുന്നു വെള്ളമില്ല |
| 7 | പണിക്കൻകുടി | ,, | സ്വന്തം | 1 | | വെള്ളമില്ല വൈദ്യുതിയില്ല |
| 8 | പന്നിയാർ | ,, | വാടക | 1 | | സ്വന്തം കെട്ടിടം നിർമ്മിക്കണം |
| 9 | പാറത്തോട് | ,, | വാടക | 1 | | സ്വന്തം കെട്ടിടം ആവശ്യം |
| 10 | പനംകുട്ടി | ,, | വാടക | 1 | | ,, |
| 11 | മുള്ളരിക്കുടി | ,, | വാടക | 1 | | ,, |
| 12 | കൊന്നത്തടി സൗത്ത് | ,, | വാടക | 1 | | സ്വന്തം കെട്ടിടം നിർമ്മിക്കണം |
| 13 | കൊന്നത്തടിlhi quarters | | | | | കൈമാററം നടത്തിയിട്ടില്ല |

## കൊന്നത്തടി ഗ്രാമ പഞ്ചായത്ത്

### 8.2 കുട്ടികളുടെ ആരോഗ്യപോഷണ നിലവാരം

| പ്രായം | നോർമൽ | | 1–ാം ഗ്രേഡ് | | 2–ാം ഗ്രേഡ് | | 3–ാം ഗ്രേഡ് | |
|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ |
| 1വയസ്സിൽതാഴെ | 113 | 122 | 96 | 101 | 40 | 37 | 1 | 1 |
| 1–3 വയസ്സ് | 221 | 215 | 193 | 181 | 71 | 65 | 1 | |
| 3–6 വയസ്സ് | 276 | 248 | 265 | 241 | 89 | 52 | 5 | 4 |

1–ാം ഗ്രേഡ് – ലഘുവായ പോഷണക്കുറവുള്ളവർ
2–ാം ഗ്രേഡ് – മിതമായ പോഷണക്കുറവുള്ളവർ
3–ാം ഗ്രേഡ് – ഗുരുതരമായ പോഷണക്കുറവുള്ളവർ

## കൊന്നത്തടി ഗ്രാമ പഞ്ചായത്ത്

### 8.3 കുട്ടികളുടെയും ഗർഭിണികളുടെയും പ്രതിരോധ കുത്തിവെയ്പ്

| കുട്ടികൾ | B. C. G. | D. P. T. | | | | പോളിയോ | D. T. | മീസിൽസ് |
|---|---|---|---|---|---|---|---|---|
| | | 1 D | 2 D | 3 D | B D | 1 D | 1 D | |
| 1വയസ്സിൽ താഴെ | 554 | 493 | 435 | 377 | | 1450 | | 1722 |
| 1–3 വയസ്സ് | | | | | 1448 | | 14301 | |

ടെററനസ് ടോക്സോയിസ് (TT)

| ഗർഭിണികൾ | 1 D | 2 D |
|---|---|---|
| | 206 | 24 |

ഇരുമ്പ്/ഫോളിക്കാസിഡ് ഗുളികകൾ ലഭിച്ച ഗർഭിണികളുടെ എണ്ണം : 215
ഇരുമ്പ്/ഫോളിക്കാസിഡ് ഗുളികകൾ ലഭിച്ച കുട്ടികളുടെ എണ്ണം : 277
ആശുപത്രിയിൽ നടന്ന പ്രസവങ്ങളുടെ എണ്ണം : 543

അനുബന്ധം

## റോഡുകൾ

### മുതിരപ്പുഴ വാർഡ്

1. കല്ലാർകുട്ടി—ആൽപ്പാറ
2. മുതിരപ്പുഴ—കാക്കാസിററി

### വാർഡ് 2. പന്നിയാർ

1. S. വളവ്—പുരയിടംകവല
2. പെരുമ്പഞ്ചിച്ചിറ—ലക്ഷ്മിവിലാസം
3. നിരപ്പേപടി—ലക്ഷ്മിവിലാസം

### വാർഡ് 3 കൊന്നത്തടി

1. പള്ളിസിററി—ഇഞ്ചക്കവല—പുരയിടം കവല
2. മാങ്ങാപ്പാറ—ശ്മശാനംവഴി—കൊമ്പൊടിഞ്ഞാൽ
3. മാങ്ങാപ്പാറ—ചേപ്പാംകുഴി—കൊമ്പൊടിഞ്ഞാൽ
4. ചിററാടികല്ലേൽ—അംബികാസിററി
5. മരക്കാനം—ചേപ്പാംകുഴി
6. അനിയൻസിററി—തൊമ്മൻസിററിവഴി അംബികാസിററി

### വാർഡ് 4 മുനിയറ

1. മുനിയറ—പന്നിയാർനിരപ്പ്
2. വള്ളക്കടവ്—കരിമല
3. മുനിയറ—C. M. S. വാർഡ്—കൊമ്പൊടിഞ്ഞാൽ
4. കൊമ്പൊടിഞ്ഞാൽ—ആശാൻപടി—മുനിയറ
5. കോളാക്കുന്നേൽപടി—ആശാൻപടി
6. കൊമ്പൊടിഞ്ഞാൽ N.—ഔസേഫ്കുന്ന് S. C. കോളനി
7. കടമാൻപടി—കൊമ്പൊടിഞ്ഞാൽ S.

### വാർഡ് 5 മുള്ളരിക്കുടി

1. വെരിഞ്ചാംകുട്ടി—തൂവലാർ
2. തോപ്പിൽപടി—കൈലാസം
3. അടുക്കനിട്ടി—കൈലാസം
4. ചാക്കോസിററി—പൂച്ചക്കുഴി
5. കൈലാസം—തൂവലാർ
6. തൊമ്മയിൽപ്പടി—അടുക്കനിട്ടി
7. ചാക്കോസിററി—കൊല്ലംപാമ്പിൽപടി

### വാർഡ് 6 പണിക്കൻകുടി

1. കുരിശുങ്കൽ—ചെമ്പകപ്പാറ

### വാർഡ് 7 പാറത്തോട്

1. പാറത്തോട്—കപ്യാരുസിററിവഴി പണിക്കൻകുടി
2. പാറത്തോട്—കണ്ണാടിപ്പാറ
3. ചിന്നാർനിരപ്പ്—ചെമ്പകപ്പാറ
4. പുല്ലുകണ്ടം—ചിന്നാർനിരപ്പ്
5. പുല്ലുകണ്ടം—പണിക്കൻകുടി (പരക്കൽ പടി)
6. പാറത്തോട് പാലപറമ്പിൽപടി—ഇരുമലക്കപ്പ്
7. പാറത്തോട് പിട്ടാപ്പിള്ളിപടി—ഇരുമലക്കപ്പ്

### വാർഡ് 8 കമ്പിളികണ്ടം

1. പാറത്തോട്—കുരുവിളസിററി—ഇരുമലക്കപ്പ് (S. C. കോളനി
2. കമ്പിളികണ്ടം തീയറ്റർപടി—കണ്ണാടിപ്പാറ (S. C. കോളനി)
3. ശ്യാമപ്പടി—കണ്ണാടിപ്പാറ
4. ഇരുമലക്കപ്പ് പ്ലാന്റേഷൻവഴി—ചെമ്പകപ്പാറ
5. കണിയാംപറമ്പിൽപടി—അമ്പാറപ്പടി
6. പുളിക്കൽപടി—തൈക്കൂട്ടംപടി
7. ഇരുമലക്കപ്പ്—അയ്യപ്പൻമല

### വാർഡ് 9 കൊന്നത്തടി

1. കൊന്നത്തടി—മാങ്ങാപ്പാറ—പൂതാളി S. കൊമ്പൊടിഞ്ഞാൽ S. T. കോളനി
2. K. N. D. Y. —അമ്പലക്കുന്ന്—മുക്കുടം
3. ബേക്കറിപ്പടി—പേഴത്തനാൽപ്പടി
4. മുഞ്ഞനാട്ടുപടി—കണ്ണാടിപ്പാറ
5. കൊന്നത്തടി—പേഴത്തനാൽപടി
6. കൊന്നത്തടി—ആലപ്പാട്ട്പടി
7. കോയിക്കൽപ്പടി – മുക്കുടം
8. കൊന്നത്തടി—ഉരുളേൽപ്പടി
9. മുഞ്ഞനാടുപടി—കല്ലുവെട്ടംപടി

### വാർഡ് 10 മുക്കുടം

1. മുക്കുടം—പനംകുട്ടി
2. മുട്ടപ്പിള്ളിപ്പടി—ചതുരക്കള്ളിപ്പാറ
3. ഇഞ്ചപ്പതാൽ – ടവ്വർലൈൻ—5-ാംമൈൽ
4. മുക്കുടം—കളരിക്കുന്ന്

### വാർഡ് 11 പനംകുട്ടി

1. കമ്പിളികണ്ടം—നെടിയാനിത്തണ്ട് (കീരിക്കാട്ട്പടിവഴി)
2. മുല്ലകുന്നേൽപടി—ഇഞ്ചത്തൊട്ടി (നെയ്ക്കുഴിപടിവഴി)

പനംകുട്ടി തോടിന് കുറുകെ 6 സ്ഥലങ്ങളിൽ കുളങ്കുകൾ നിർമ്മിക്കുക.

### വാർഡ് 12 മങ്കുവ

1. മങ്കുവ—നാലിവേലിപ്പടി

## അനുബന്ധം

### കുടിവെള്ളം-കുഴൽക്കിണർ

1-ാം വാർഡ്-പാക്കാലപടി
2-ാം ,, പൊന്മുടി, വിമലാസിററി
3-ാം ,, കാക്കാസിററി, മരക്കാനം, കൊന്നത്തടി ടൗൺ
4-ാം ,, മുനിയറ, അമ്പലംഭാഗം
6-ാം ,, മൈപ്പാൻപടി, പറുസിററി പള്ളിസിററി ഭാഗത്ത് മൈക്രോ വാട്ടർപദ്ധതി ആരംഭിക്കുക.
7-ാം ,, പുല്ലുകണ്ടം കുഴൽ കിണർ മോട്ടർ പിടിപ്പിക്കുക.
10-ാം ,, മുക്കുടം, ഇഞ്ചപ്പതാൽ, കല്ലാർ കുട്ടി.
11-ാം ,, തെള്ളിത്തോട്, പനംകുട്ടി
12-ാം ,, ചിന്നാർ

പേജ്-29

സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളും തൊഴിലധിഷ്ഠിത വിദ്യാലയങ്ങളും ആരംഭിക്കണം.

പേജ്-32. 16. പഴം-പച്ചക്കറി ശേഖരണ സഹകരണസംഘങ്ങൾ ആരംഭിക്കുക.

12. വെയർ ഹൗസിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തുക.

പേജ്-33 കൊമ്പൊടിഞ്ഞാൽ കോളനിയിൽ ജലസേചന സൗകര്യങ്ങൾ ഏർപ്പെടുത്തണം.

7. ജൈവ വളം ഉപയോഗിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുക. പേജ് 13.

8. പച്ച കുരുമുളക് സംഭരണ ശാല ആരംഭിക്കുക.

പേജ്-15 2. കൊമ്പൊടിഞ്ഞാൽ പാടശേഖരത്തും ജലസേചന സൗകര്യം ഏർപ്പെടുത്തുക.

7. ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം ഏർപ്പെടുത്തുക.

തേയില-സംഭരണയിപ്പോ ആരംഭിക്കുക.

പേജ്-23 പഴം പച്ചക്കറി സംസ്കരണഫാക്ടറി ആരംഭിക്കുക.

പച്ചമരുന്ന് ഉല്പാദനവും സംസ്കരണവും ആരംഭിക്കുക.

കുടിവെള്ളം-പേജ്-24. 1-ാം വാർഡ്

മുതിരപ്പുഴ S. N. D. P. ഭാഗത്തും കല്ലാർകുട്ടി ആൽപ്പാറഭാഗത്തും വെള്ളം എത്തിക്കുന്നതിന് കുളം, മോട്ടർ ടാങ്ക്, പൈപ്പ് എന്നിവ സ്ഥാപിക്കുക.

4-ാം വാർഡ്-പന്നിയാർ നിരപ്പ് ഭാഗത്ത് കുളം നിർമ്മിച്ച് മോട്ടർ, ടാങ്ക്, പൈപ്പ് എന്നിവ സ്ഥാപിക്കുക.

5-ാം വാർഡ്-അടുക്കനെട്ടി, ചാക്കോസിററിക്കു മുകാംഭാഗം എന്നീ സ്ഥലങ്ങളിൽ കുളം നിർമ്മിച്ച്, ടാങ്ക്, മോട്ടർ, പൈപ്പ് എന്നിവ സ്ഥാപിക്കുക.

6-ാംവാർഡ് ആവിയിൽ ഉലഹന്നാൻ വക സ്ഥലത്ത് കുളം നിർമ്മിച്ച് മോട്ടർ, പൈപ്പ് ടാങ്ക്, എന്നിവസ്ഥാപിക്കുക,

7-ാംവാർഡ്-കുരുവിളസിററി ഭാഗത്ത് N. K. ഗോവിന്ദന്റെ പുരയിടത്തിൽ മോട്ടർ, ടാങ്ക് പൈപ്പ് എന്നിവ സ്ഥാപിക്കുക.

9-ാംവാർഡ് -മുക്കുടം മൈത്താനത്ത് ജോസിന്റെ പുരയിടത്തിലും മുക്കുടം H. S. ഭാഗത്ത് വാഴയിൽ കുഞ്ഞിന്റെ പുരയിടത്തിലും (അംഗൻവാടി 37 ഭാഗത്ത്) വെള്ളം എത്തിക്കുന്നതിന് കുളം നിമ്മിച്ച് മോട്ടർ, ടാങ്ക്, പൈപ്പ് എന്നിവ സ്ഥാപിക്കുക.

അളാട്ടിൻ പുരയിടത്തിലെ കുളത്തിൽ നിന്നും പൈപ്പ്, മോട്ടർ എന്നിവ സ്ഥാപിച്ച് മാങ്ങാപ്പാറയിൽ ടാങ്ക് നിർമ്മിച്ച് വെള്ളം എത്തിക്കുക.

### കൊന്നത്തടി പഞ്ചായത്തിലെ സാംസ്കാരിക സ്ഥാപനങ്ങൾ

| | | |
|---|---|---|
| 1. | ടർക്കോസ ഗ്രാമീണ വായനശാല | കൊമ്പൊടിഞ്ഞാൽ (നോർത്ത്) |
| 2. | ഗഗമ ലൈബ്രറി | ,, (സൗത്ത്) |
| 3. | ടാഗോർ ,, | മുക്കുടം |
| 4. | S. N. ,, | ഇഞ്ചപ്പതാൽ |
| 5. | M. M. ,, | പനംകുട്ടി |
| 6. | സഹൃദയ ,, | പാറത്തോട് |
| 7. | ഗ്രാമീണ വായനശാല | കൊന്നത്തടി |
| 8. | ജയ് ഹിന്ദ് ,, | മങ്കുവ |
| 9. | സ്വപ്ന ,, | കല്ലാർകുട്ടി |
| 10. | കമ്പിളികണ്ടം പബ്ളിക് ലൈബ്രറി | കമ്പിളികണ്ടം |

11. ജയ് ഹിന്ദ് വായനശാല പണിക്കൻകുടി 12. നവദീപം ആർട്ട്സ് & സ്പോട്സ് ചിന്നാർ
13. ന്യൂ സ്ററാർ വായനശാല ഴുള്ളരിക്കുടി 14. നവജീവൻ വായന ശാല മുനിയറ.

## കൊന്നത്തടി ഗ്രാമ പഞ്ചായത്ത് 13.4 ക്ഷീരസഹകരണ സംഘം

(ആപ്കോസ് ഉൾപ്പെട്ട)

| ആപ്കോസ് പ്രവർത്തിക്കുന്ന സ്ഥലം 1 | മൊത്തം ശേഖരിക്കുന്ന പാൽ ലിററർ 2 | പഞ്ചായത്തിൽ തന്നെ വിൽക്കുന്നത് ലിററർ 3 | പുറത്തേക്ക് അയയ്ക്കുന്നത് ലിററർ 4 |
|---|---|---|---|
| പാറത്തോട് | 32240.9 | 9665.4 | 28575.6 |
| വിമലാസിററി | 12627.4 | 81985 | 10728.9 |
| പന്നിയാർകൂട്ടി | 14657.2 | 1657.2 | 12970 |
| പനംകൂട്ടി | 4948 | 728.5 | 4222.5 |
| മുക്കുടം | 22442.5 | 2637.2 | 19933 |
| മുനിയറ | 23917.8 | 1976.1 | 21827.1 |
| പണിക്കൻകുടി | 29261.5 | 1994 | 2857.5 |
| ചിന്നാർ | 6817.1 | 586.3 | 6230.8 |
| കൊന്നത്തടി | 1[illegible]787.4 | 1475 | 12417.8 |

—ഒരു മാസത്തെ—

## ക്ഷീരോല്പാദക സംഘങ്ങളിലെ അംഗങ്ങളുടെ കണക്ക്

| സംഘത്തിൻെറ പേര് | അംഗങ്ങളുടെ എണ്ണം | സ്ത്രീകൾ | പുരുഷന്മാർ | SC/ST |
|---|---|---|---|---|
| ചിന്നാർ | 274 | 21 | 253 | 20 |
| പാറത്തോട് | 919 | 43 | 876 | 12 |
| പണിക്കൻകുടി | 417 | 18 | 399 | 6 |
| മുനിയറ | 326 | 18 | 308 | 20 |
| കൊന്നത്തടി | 611 | 103 | 508 | 50 |
| മുക്കുടം | 484 | 45 | 439 | 39 |
| വിമലാസിററി | 359 | 49 | 310 | 28 |
| പന്നിയാർകൂട്ടി | 358 | 54 | 298 | 11 |
| പനംകൂട്ടി | 218 | 31 | 157 | 21 |
| ആകെ | 3966 | 382 | 3584 | 196 |

# സഹകരണസംഘങ്ങൾ സംബന്ധിച്ചുള്ള വിവരങ്ങൾ

## കൊന്നത്തടി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് K. 260

1. പ്രവർത്തന പരിധി: കൊന്നത്തടി പഞ്ചായത്തിലെ 1 മുതൽ 6 വരെയുള്ള വാർഡുകൾ.
2. പ്രവർത്തനം ആരംഭിച്ച വർഷം: 1965
3. ആകെ അംഗങ്ങൾ: 6534
4. ഓഹരിയുടെ വില : 10 രൂപ
5. അംഗീകൃത ഓഹരി മൂലധനം : 15 ലക്ഷം
6. പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം 719440
7. സർക്കാർ ഓഹരി : 50,000 രൂപ
8. പരമാവധി കടം എടുക്കാവുന്നത്. 14438700
9. പൊതുജനങ്ങളിൽ നിന്ന് സ്വീകരിച്ച നിക്ഷേപം : 3266233
10. നൽകിയിട്ടുള്ള വായ്പകൾ :
    - A കാർഷികവായ്പകൾ : 4203196
    - B മററ് വായ്പകൾ : 2531705
11. സ്ഥാപനങ്ങളിൽ നിന്നും സ്വീകരിച്ച വായ്പ :
    - A ജില്ലാ സഹകരണ ബാങ്ക് : 6968371
    - B സർക്കാർ : 20,000
12. കാലാവധി കഴിഞ്ഞിട്ടും കിട്ടാനുള്ള വായ്പകൾ : 18,80009
13. സ്ഥാപനത്തിന്റെ ചിലവുകൾ
    എസ്റ്റാബ്ലിഷ് മെന്റ് ചാർജ്ജ് 130008
    കണ്ടിജൻസി: 428020

## പാറത്തോട് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് K. 263

1. പ്രവർത്തന പരിധി: 7 മുതൽ 12 വരെയുള്ള വാർഡ്
2. പ്രവർത്തനം ആരംഭിച്ച വർഷം : 1966
3. ആകെ അംഗങ്ങൾ : 7621
4. ഓഹരിയുടെ വില : 10 രൂപ
5. അംഗീകൃത ഓഹരി മൂലധനം : 30 ലക്ഷം
6. പിരിഞ്ഞു കിട്ടിയ ,, 1711200
7. സർക്കാർ ഓഹരി : 50,000
8. പരമാവധി കടം എടുക്കാവുന്നത്, 62329853
9. പൊതുജനങ്ങളിൽ നിന്ന് സ്വീകരിച്ച നിക്ഷേപം : 8070646
10. നൽകിയിട്ടുള്ള വായ്പകൾ
    - A കാർഷിക വായ്പകൾ : 9983839
    - B മററ് വായ്പകൾ : 4290895
    - C പ്രത്യേക വായ്പ : 4099145
11. സ്ഥാപനങ്ങളിൽ നിന്നും സ്വീകരിച്ച വായ്പ
    - A ജില്ലാസഹകരണ ബാങ്ക് : 9189919
12. കാലാവധി കഴിഞ്ഞിട്ടും കിട്ടാനുള്ള വായ്പ : 2430233
13. സ്ഥാപനത്തിന്റെ ചിലവുകൾ
    എസ്റ്റാബ്ലിഷ്മെന്റ് : 725522
    കണ്ടിജൻസി : 327500

# ഉപസംഹാരം

അധികാരവികേന്ദ്രീകരണത്തിലൂടെ അധികാരം ജനങ്ങളിൽ എത്തുമ്പോൾ അവർ തങ്ങൾക്ക് ആവശ്യമായ പദ്ധതികളുടെ നടത്തിപ്പുകാർ കൂടി ആകുകയാണ്. വളരെ പരിമിതമായ വിഭവങ്ങൾ വച്ചുകൊണ്ട് നമ്മുടെ എല്ലാ ആവശ്യങ്ങളും നിറവേററാൻ നമുക്ക് കഴിയുകയില്ല. ഈ സത്യം ഉൾക്കൊണ്ടുകൊണ്ട് നാളകളിൽ നമ്മുടെ അവശ്യങ്ങൾക്ക് മുൻഗണനാക്രമം നൽകുകയും അവശ്യമായ പദ്ധതികൾ നാം തന്നെ ഏറെറടുത്ത് നടത്തുകയും വേണം കഴിഞ്ഞകാലങ്ങളിൽ നാടിന്റെ പുരോഗതിക്കുവേണ്ടി നാം ഒട്ടേറേ ത്യാഗങ്ങൾ സഹിച്ചിട്ടുണ്ട്. കൊടുംകാടായിരുന്ന പഞ്ചായത്തിൽ ഇന്നുള്ള 90 റോഡുകളും നാം തന്നെ വെട്ടിതുറന്നവയാണ്.

ഈ ഭരണസമിതി അധികാരത്തിൽ വന്നതിനുശേഷം

| | | |
|---|---|---|
| മുള്ളരിക്കുടി | – പെരിഞ്ചാംകുട്ടി | പൈപ്പ്‌ലൈൻ–മേച്ചേരിപ്പടി റോഡ്. |
| മുള്ളരിക്കുടി | – കൈലാസം | കാക്കാസിററി–പുരയിടംകവല–പൊന്മുടിഡാം |
| മുനിയറ | – കൊമ്പൊടിഞ്ഞാൽ | കണ്ണാടിപ്പാറ–തീയററർപടി റോഡ് (S. C) |
| മുനിയറ | – കരിമല | കോളനി വഴി. |
| മുനിയറ | – തിങ്കൾക്കാട് | മുക്കുടം–I .H. D. P. കോളനിറോഡ് |
| മുനിയറ | – നോർത്ത് കൊമ്പൊടിഞ്ഞാൽ വഴി മരക്കാനം | പണിക്കൻകുടി–കൊമ്പൊടിഞ്ഞാൽ |
| | | നിരപ്പേൽപ്പടി–പള്ളിസിററി |
| പനംകുട്ടി | – നെടിയാനിത്തണ്ട് | പനംകുട്ടി–പള്ളിപ്പറമ്പിൽപ്പടിറോഡ് |
| പനംകുട്ടി | –പാലിപ്പടി. കുരുശുകുത്തി | പൂതാളി–കൊമ്പൊടിഞ്ഞാൽ (S. T. കോളനി) |

നെടിയാനിത്തണ്ട്–കമ്പിളികണ്ടം മുതലായ റോഡുകൾ ജനപങ്കാളിത്വത്തോടുകൂടി പുനർ നിർമ്മിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഇനിയും ഈ രംഗത്ത് വലിയ സംഭാവനകൾ നൽകുവാൻ നമുക്ക് കഴിയും

നമ്മുടെ ഗ്രാമങ്ങളുടെ എല്ലാവിധ പുരോഗതികൾക്കും ആവശ്യമായ ക്രിയാത്മകമായ ചർച്ചയും നിർദ്ദേശങ്ങളും ഉണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് കൊന്നത്തടി പഞ്ചായത്തിന്റെ വികസനരേഖ അവതരിപ്പിക്കുന്നു.

കൊന്നത്തടി
16—12—96

ഭരണസമിതി
കൊന്നത്തടി ഗ്രാമ പഞ്ചായത്ത്

"ഒൻപതാം പദ്ധതി ജനകീയപദ്ധതി"

## കൊന്നത്തടി ഗ്രാമപഞ്ചായത്ത്
## വികസന സെമിനാറിന്

## K.263-ാം നമ്പർ പാറത്തോട് സർവ്വീസ് സഹകരണബാങ്കിന്റെ

## ആശംസകൾ!

| | | |
|---|---|---|
| അംഗങ്ങൾ | - | 7621 |
| ഓഹരിമൂലധനം | - | 17 ലക്ഷം |
| നിക്ഷേപങ്ങൾ | - | ഒരു കോടി |

**വിവിധതരം വായ്പകൾ**

(1) 25,000/- രൂപാ വരെ കാർഷികവായ്പ
(2) 25,000/- രൂപാ വരെ സ്വർണ്ണപ്പണയ വായ്പ
(3) 50,000/- രൂപാ വരെ വ്യാപാര വായ്പ
(4) 30,000/- രൂപാ വരെ മാസശമ്പളക്കാർക്ക് വായ്പ
(5) 10,000/- രൂപാ വരെ കറവപശു വായ്പ

മറ്റിതര കാർഷികേതര വായ്പകളും
പദ്ധതി വായ്പകളും

▲ 25,000/- രൂപാ വരെ സലയുള്ള വിവിധ നമ്പർ പ്രതിമാസ ലേലചിട്ടികൾ.
▲ വളം, കീടനാശിനി വ്യാപാരം

**ഇടുക്കി ജില്ലയിലെ ഒരു ക്ലാസ് വൺ സഹകരണബാങ്ക്**

പ്രസിഡന്റ്
വക്കച്ചൻ തോമസ്
പുള്ളിയിൽ

സെക്രട്ടറി
എം. കെ. വിജയൻ
മറ്റത്തിൽ

Printed at RSL PRINTERS, Kamblikandam & Adimali



''എല്ലാവരുടെയും അത്യാവശ്യങ്ങൾ
നിറവേറ്റാൻ വേണ്ട വിഭവങ്ങൾ
ഈ പ്രകൃതിയിലുണ്ട്. എന്നാൽ
ആരുടെയും ദുരയെ
തൃപ്തിപ്പെടുത്തുവാൻ
വിഭവങ്ങളില്ല താനും''

-മഹാത്മാഗാന്ധി